# കുടുംബജ്യോതി

SINCE 1982

പുസ്തകം 44 ▸▸ ലക്കം 10 2026 ഒക്ടോബർ




**ജലന്ധറിലൂടെ ഒരു മിഷൻ യാത്ര**
ടോണി വർഗീസ് വാണിയപ്പുരയ്ക്കൽ

**ഫ്രാൻസിസ്: ഇന്നും കെടാത്ത വിപ്ലവാഗ്നി**
ജോർജ് വലിയപാടത്ത് കപ്പൂച്ചിൻ

**മിശിഹായും സംസ്കാരവും**
ബോബി തോമസ്

## പ്രാർഥനയോടെ വളയം പിടിക്കുന്ന
## വൈറൽ ഡ്രൈവർ


SINCE 2005
22 Year Legacy of Trust & Quality
അച്ചായൻസിന്റെ
50+
ബ്രാഞ്ചുകളിലും
സ്തുത്യർഹമായ സേവനം
ഉറപ്പുനൽകുന്നു.
www.achayansgold.in
സ്വർണ്ണം
വിൽക്കാൻ
ഏറ്റവും നല്ലത്
നമ്മുടെ
അച്ചായൻസ്
തന്നെ
നിങ്ങളുടെ സ്വർണ്ണം (916) വിൽക്കുമ്പോൾ തൂക്കത്തിൽ കുറവുവരുത്താതെ ഏറ്റവും ഉയർന്ന വില നൽകുന്നു.
ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു.
KERALA'S NO.1 GOLD BUYER
അച്ചായൻസ്
ഗോൾഡ് 916
റിലയൻസ് മാർട്ടിനു സമീപം, പാറേപ്പള്ളി
ചങ്ങനാശ്ശേരി
90612 74 916 | 85900 46 916
NOW OPEN IN DUBAI
വിദേശ പഠനം / ജോലി
തുടങ്ങിയ ആവശ്യങ്ങൾക്കായി
സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLEY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)
FREE GIFT
FOR SPECIAL
NRI SERVICES
Contact:
MR. SHINIL KURIAN
90723 88 173

# കുടുംബജ്യോതി

ഒക്ടോബർ 2026





ചങ്ങനാശേരി അതിരൂപതാ
കുടുംബ പ്രസിദ്ധീകരണം
പുസ്തകം 44 ലക്കം 10



*ചീഫ് എഡിറ്റർ*
ഫാ. ജോണിക്കുട്ടി തറക്കുന്നേൽ
ഫോൺ: 8606612262

*മാനേജിംഗ് എഡിറ്റർ*
ഡോ. ജോസഫ് പാറയ്ക്കൽ

*സർക്കുലേഷൻ മാനേജർ*
ജോസി ജോസഫ് ആലഞ്ചേരി
ഫോൺ: 8921677078

*ആശയം, രൂപകല്പന.*
ബിന്നി മാത്യു

*അക്ഷരവിന്യാസം.*
മനോജ് വർഗീസ്

*മുദ്രണം.* സെന്റ് ജോസഫ്സ്
ഓർഫനേജ് പ്രസ്, ചങ്ങനാശേരി
ഫോൺ: 0481 2410101



അഭിപ്രായങ്ങളും രചനകളും
അയക്കാനുള്ള വിലാസം
chiefeditor.kj@gmail.com
9633008272



*Disclaimer: The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published. Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.*



| | | |
|---|---|---|
| വില (ഒറ്റപ്രതി) | - | ₹ 25 |
| ഒരുവർഷത്തേക്ക് | - | ₹ 250 |
| തപാലിൽ ലഭിക്കാൻ | - | ₹ 300 |

To subscribe Kudumbajyothi
Whatsapp 'sub' to 9633008272
www.kudumbajyothis.com
kudumbajyothi1982@gmail.com
Like Kudumbajyothi@/ kudumbajyothi


# contents


**06** പഞ്ചാബിന്റെ ഹൃദയമിടിപ്പറിഞ്ഞ് ജലന്ധറിലൂടെ ഒരു മിഷൻ യാത്ര
റ്റോണി വർഗീസ് വാണിയപ്പുരയ്ക്കൽ

**10** നമ്മുടെ മൗനം മക്കൾക്കു വിനയാകുമ്പോൾ
കുട്ടിച്ചായന്റെ കുറിപ്പുകൾ

**12** പ്രാർഥനയോടെ വളയം പിടിക്കുന്ന വൈറൽ ഡ്രൈവർ
സ്റ്റാഫ് റിപ്പോർട്ടർ

**15** ഫ്രാൻസിസ്: ഇന്നും കെടാത്ത വിപ്ലവാഗ്നി
ജോർജ് വലിയപാടത്ത് കപ്പൂച്ചിൻ

**19** പണിതുയർത്തിയവർ പൊരുതിയവർ
ഡോ.പയസ് മലേക്കണ്ടത്തിൽ

**23** സ്വർഗത്തിന്റെ താക്കോലുകൾ
ഫാ. മെൽവിൻ ചിറമേൽ

**24** മിശിഹായും സംസ്കാരവും തമ്മിൽ ഒരു മതിൽ വേണ്ട!
ബോബി തോമസ്







**40** സപ്തസഭകളുടെ വഴിയേ വിസ്മയങ്ങളുടെ എഫേസൂസ്
ഫാ. ഡോ. ജോജിൻ ഇലഞ്ഞിക്കൽ

**31** GOD OF SMALL THINGS
ആൻസ് ജോസഫ്

**37** ഉള്ളവരിലെ അപരിചിതർ
ജോൺ റോളിൻസ്

**35** FAMILY DOCTOR SPEAKING
ഡോ. സി.ഇ.എം. റോയ്

**44** ഉയിർ: അറിയാതെപോയ ജീവന്റെ തുടിപ്പുകൾ
ഫാ. മിന്റോ മുന്നുപറയിൽ


## സ്ഥിരം പംക്തികൾ


**04** പൂമുഖം: മനസ്സുകളിലെ അടിമച്ചന്തകൾ

**27** തിരിവെട്ടം: കാരുണ്യത്തിന്റെ പാഠശാലകൾ

**46** പുതിയനിയമത്തിലെ കുടുംബദർശനം: ഊട്ടുമേശകളിലെ കുടുംബവിശേഷം

**50** പുറംവാതിൽ: മാർക്സിസ്റ്റും നാർസിസ്റ്റും!

മുഖവുര

# കുട്ടികളല്ല കുറ്റവാളികൾ

ശാസിച്ചാലോ തുറുങ്കിലടച്ചാലോ നമ്മുടെ കുട്ടികളെ നന്നാക്കാനാകുമോ? കുട്ടികൾക്കിടയിൽ വർധിച്ചുവരുന്ന അക്രമങ്ങളും ലഹരി ഉപയോഗവും വെറും ക്രമസമാധാന പ്രശ്നമായി മാത്രം കണ്ട് പോലീസിനെ ഏൽപ്പിച്ച് കൈകഴുകാനാണ് പൊതുസമൂഹവും പല രക്ഷിതാക്കളും ശ്രമിക്കുന്നത്. കുട്ടികൾക്കിടയിലെ അക്രമപ്രവണത നമ്മുടെ കുടുംബങ്ങളിലെയും വിദ്യാഭ്യാസ സംവിധാനത്തിലെയും ആഴത്തിലുള്ള വീഴ്ചകളുടെ ലക്ഷണമാണ്. കുറ്റകൃത്യം നടന്നതിനുശേഷം മാത്രം ഇടപെടാൻ കഴിയുന്ന നിയമപാലകർക്ക് ഇതിന്റെ വേരുകൾ അറുത്തുമാറ്റാൻ സാധിക്കില്ല.

കുട്ടികളുടെ വൈകാരിക സന്തുലിതാവസ്ഥ ഇന്ന് ഏറെക്കുറെ നഷ്ടപ്പെട്ടിരിക്കുന്നു. വികാരങ്ങളെ നിയന്ത്രിക്കാനോ അവയെ ക്രിയാത്മകമാക്കുവാനോ കഴിയാതെ വരുന്നതിനാൽ അവരിൽ അക്രമപ്രവണതയും കുറ്റകൃത്യങ്ങളോടുള്ള ആകർഷണവും അധികമാകുന്നു. പരിഹരിക്കപ്പെടാത്ത വൈകാരിക പ്രശ്നങ്ങൾ പലപ്പോഴും ലഹരി ഉപയോഗത്തിലും കലാശിക്കുന്നു. കൂടാതെ, സമൂഹമാധ്യമങ്ങളിലെ 'ഷോർട്സും റീൽസും' സ്ഥിരമായി കാണുന്ന നമ്മുടെ കുട്ടികളുടെ 'അറ്റെൻഷൻ സ്പാൻ' ഗണ്യമായി ചുരുങ്ങിയിരിക്കുന്നു. ഒപ്പം, എഡിഎച്ച്ഡി, ഡിസ്‌ലെക്സിയ തുടങ്ങിയ പഠന-വൈകാരിക വൈകല്യങ്ങളെ തുടക്കത്തിലേ കണ്ടെത്തുന്നതിൽ മാതാപിതാക്കൾക്കും അധ്യാപകർക്കും കഴിയാതെ പോകുന്നുമുണ്ട്.

വ്യക്തിപരമായ പരിഗണനയോ മാനസിക പിന്തുണയോ ലഭിക്കാത്ത കുട്ടികൾ ഒറ്റപ്പെടലിന്റെ തുരുത്തുകളിലേക്ക് വലിച്ചെറിയപ്പെടുകയും അതവരുടെ സ്വഭാവരൂപീകരണത്തെ ബാധിക്കുകയും ചെയ്യും. അവരാരും 'കുട്ടിക്കുറ്റവാളികളല്ല,' നന്നായി പരിശീലിക്കപ്പെടാത്ത കുട്ടികൾ മാത്രമാണ്. അതുകൊണ്ട് പോലീസല്ല, അപ്പനും അമ്മയും അധ്യാപകരും കൂട്ടുകാരും ഒക്കെയാണ് അവരെ (ചേർത്തു) പിടിക്കേണ്ടത്.

വയോജനങ്ങളെയും മിഷണറിമാരെയും പ്രത്യേകമായി ഓർക്കുന്ന ഈ മാസത്തിൽ കുടുംബത്തിനുള്ള നിറമാർന്ന നിരവധി വിഭവങ്ങളാണ് ഇത്തവണ കുടുംബജ്യോതി ഒരുക്കിയിരിക്കുന്നത്.

സ്നേഹപൂർവം,

ജോണിക്കുട്ടിയച്ചൻ

# പൂമുഖം

Poomugham



ജോസ് ആൻഡ്രൂസ്

# മനസ്സുകളിലെ അടിമച്ചന്തകൾ

മേപ്പിൾ മരങ്ങൾ ചുവന്നുതുടങ്ങിയിട്ടുണ്ട്. പകൽ പൊള്ളുന്നു; രാത്രിയിൽ സഹനീയമായ തണുപ്പ്. അമേരിക്ക ശൈത്യത്തിലേക്കു ചുവടുവയ്ക്കുകയാണ്. ഒരു യാത്രയിലാണ്. സാർവത്രികമായ ചില കാഴ്ചകൾ പങ്കുവയ്ക്കട്ടെ. നോർത്ത് കരോലൈനയിലെ ഷാർലറ്റിലുള്ള റീഡ് സ്വർണ്ണഖനിയിൽ സന്ദർശകർ കാത്തുനിൽക്കുകയാണ്. ഷാർലറ്റ് ടൗണിൽനിന്ന് അരമണിക്കൂറിലധികം യാത്രയുണ്ട് മിഡ്‌ലാൻഡിലെ ഖനിയിലേക്ക്. ഗൈഡ് ഖനിയുടെ പ്രവേശനകവാടം തുറന്ന് സന്ദർശകരെ താഴേക്ക് ഇറക്കിയപ്പോഴേക്കും കൂടുതൽ തണുത്ത കാറ്റ് പുറത്തേക്കു വീശുന്നു.

1799-ൽ കോൺറാഡ് റീഡ് സ്വർണ്ണം കണ്ടെത്തിയ ഫാമിലെ ഖനിയാണിത്. 'ഗോൾഡ് റഷി'ന്റെ തുടക്കം ഇവിടെയാണ്. ഗൈഡ് ചരിത്രം ഒന്നൊന്നായി വിവരിച്ചു; റീഡ് കുടുംബത്തെക്കുറിച്ച്, യാദൃച്ഛികമായി സ്വർണ്ണക്കല്ല് കിട്ടിയതിനെക്കുറിച്ച്, ഖനിയുടെ ഉത്ഭവത്തെക്കുറിച്ച്, ക്ലേശകരമായ ഖനനത്തെക്കുറിച്ച്...! സ്വർണ്ണഖനനത്തിൽ ധീരമായ ചുവടുവച്ച ആ കുടുംബത്തിനു ചരിത്രപ്രാധാന്യമുണ്ട്. അവരെക്കുറിച്ച് പറയേണ്ടതുതന്നെ. പക്ഷേ, അവിടെ ജീവൻ പണയംവച്ചു പണിയെടുത്ത തൊഴിലാളികളെക്കുറിച്ച് ഗൈഡിന് പറയാൻ ഒന്നുമില്ല. അതിന് കാര്യമായ രേഖകളുമില്ല.

> വർത്തമാന കാലത്തേയ്ക്കു വന്നാൽ, ഇന്ന് അടിമകളില്ല. പക്ഷേ, ഇതെഴുതുകയും വായിക്കുകയും ചെയ്യുന്ന നമ്മിൽ പലരുടെയും ഉള്ളിലൊരു അടിമച്ചന്ത യുണ്ടായിരിക്കാം. ദളിതരെയും ആദിവാസികളെ യുമൊക്കെ ഒപ്പത്തിനൊപ്പം കാണാൻ മടിക്കുന്ന സവർണ്ണബോധം!



രണ്ടേകാൽ നൂറ്റാണ്ടുമുമ്പ് ഖനിയുടെ പാറയിൽ അവിടവിടെ യായി വെള്ളം പനിച്ചിറങ്ങുന്നു. പാറയുടെ വിള്ളലുകളിൽ തലകീഴായി തൂങ്ങിക്കിടക്കുന്ന വവ്വാലുകളെക്കുറിച്ചുപോലും ഗൈഡ് പറഞ്ഞുകൊണ്ടിരുന്നു. എന്നിട്ടും ഖനിയിൽനിന്നു സ്വർണ്ണം വെട്ടിയിറക്കിയ തൊഴിലാളികൾ മാത്രം ആ ചരിത്രത്തിലില്ല.

മറ്റൊന്ന് നോഡയിലെ (നോർത്ത് ഡിവിഷൻ) റോസ് ഡെയ്ൽ പ്ലാന്റേഷൻ (Rosedale Plantation) ഹൗസാണ്. 1815-ൽ പണിത വീടാണിത്. അമേരിക്കയിലെ അടിമത്തത്തിന്റെ ചരിത്രമറിയാൻ കൂടിയാണ് ഈ ഫാം ഹൗസിൽ സന്ദർശകർ എത്തുന്നത്. പക്ഷേ, അവിടത്തെ നൂറുകണക്കിന് ഏക്കർ ഭൂമിയിൽ എല്ലുമുറിയെ പണിയെ ടുത്ത അടിമകൾ, തോട്ടമുടമയുടെ വെറുമൊരു അടിമസംഘമായി മാത്രം അവിടെ അറിയപ്പെടുന്നു. അവരുടെ പേരിനും പ്രയത്നങ്ങൾ ക്കും ചരിത്രത്തിൽ ഇടം കിട്ടിയില്ല. അവരെക്കുറിച്ച് ഗൈഡിനും കാര്യമായൊന്നുമില്ല പറയാൻ. 1863-ൽ എബ്രഹാം ലിങ്കൺ ചരിത്രപ്രസിദ്ധമായ 'വിമോചന വിളംബരം' പുറപ്പെടുവിക്കുന്ന തിനും ഏതാണ്ട് അരനൂറ്റാണ്ട് മുമ്പത്തെ കാര്യമാണിത്.

പിന്നീട് പോയത്, അമേരി ക്കയുടെ പതിനൊന്നാമത്തെ പ്രസിഡന്റായിരുന്ന ജെയിംസ് കെ. പോൾക്കിന്റെ വടക്കൻ കരോ ലൈനയിലെ പൈൻവില്ലിലുള്ള ജന്മവീട്ടിലേക്കാണ്. ഇവിടെ അടി മകളെക്കൊണ്ട് അടുക്കളയിലും തോട്ടത്തിലും പണിയെടുപ്പിച്ചിരുന്നു. ദയാലുവാണെന്നു പുറംലോകത്തെ കാണിക്കാൻ പോൾക്ക് ശ്രമിച്ചി രുന്നെങ്കിലും, പ്രസിഡന്റായിരുന്ന കാലയളവിൽ (1845-1849) പോലും അദ്ദേഹം രഹസ്യമായി അടിമക്ക ച്ചവടം നടത്തിയിരുന്നു. ചരിത്ര സ്മാരകങ്ങളിൽ യജമാനന്മാരെ മഹാന്മാരായി ചിത്രീകരിക്കുന്ന രേഖകളുണ്ട്; എന്നാൽ അവർ മഹത്തരമല്ലാതാക്കിയ അടിമക ളുടെ ജീവിതമില്ല.

വർത്തമാനകാലത്തേയ്ക്കു വന്നാൽ, ഇന്ന് അടിമകളില്ല. പക്ഷേ, ഇതെഴുതുകയും വായിക്കുകയും ചെയ്യുന്ന നമ്മിൽ പലരുടെയും ഉള്ളിലൊരു അടിമച്ച ന്തയുണ്ടായിരിക്കാം. ദളിതരെയും ആദിവാസികളെയുമൊക്കെ ഒപ്പത്തിനൊപ്പം കാണാൻ മടിക്കുന്ന സവർണ്ണബോധം! മുകളിൽ പറഞ്ഞ കാര്യങ്ങളിലെന്നപോലെ, നാളെ നമ്മുടെ കൂടുതൽ തുല്യതാബോധ മുള്ള, സവർണ്ണ ഈഗോയില്ലാത്ത തലമുറ ചരിത്രം വായിക്കും. അവർ നമ്മുടെ സവർണ്ണ പെരുമാറ്റത്തെ പ്രകൃതമായ ഒരു വൈകല്യമായി മ്യൂസിയത്തിൽ വയ്ക്കും. ഏറ്റവുമാ ദ്യം സവർണ്ണചിന്തയെന്ന രോഗ ത്തിൽനിന്നു മുക്തരാകേണ്ടതു ക്രൈസ്തവരായിരുന്നു. പക്ഷേ, ആത്മവഞ്ചനയോടെയല്ലാതെ നമുക്കതില്ലെന്നു പറയാനാകില്ല.

അമേരിക്ക കറുത്ത വർഗ്ഗ ക്കാരോടു ചെയ്തതിലേറെ നാം അവർണ്ണരോടു ചെയ്തിട്ടുണ്ട്. ദളിതർ ക്രൈസ്തവരായിട്ടും അവർ ഇപ്പോഴും 'ദളിത് ക്രൈസ്തവ'രാണ്. സത്യത്തിൽ സാങ്കേതിക ആവശ്യ ങ്ങൾക്കായല്ലാതെ ഉപയോഗിക്കാൻ പാടില്ലാത്തൊരു വിശേഷണമാ ണത്! തിരുത്താൻ വൈകിയിരിക്കു ന്നു; എങ്കിലും ഇനിയെങ്കിലും നാം മാറിയേ തീരൂ.

# പഞ്ചാബിന്റെ ഹൃദയമിടിപ്പറിഞ്ഞ്

## ജലന്ധറിലൂടെ ഒരു

# മിഷൻ യാത്ര




ടോണി വർഗീസ്
വാണിയപ്പുരയ്ക്കൽ


*ലോകമെങ്ങുമുള്ള സഭ മിഷൻ പ്രവർത്തനങ്ങളെയും മിഷനറിമാരെയും പ്രത്യേകമായി ഓർക്കുകയും പ്രാർഥിക്കുകയും ചെയ്യുന്ന ഒക്ടോബർ മാസത്തിൽ, മിഷൻ പ്രവർത്തനങ്ങളുടെ ആത്മാവ് തൊട്ടറിഞ്ഞ ഒരു യാത്രാനുഭവം.*

രാജൻ കാക്കനാടന്റെ 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന യാത്രാവിവരണം പണ്ടെങ്ങോ വായിച്ചിട്ടുണ്ട്. കേവലമൊരു സഞ്ചാരവർണ്ണന എന്നതിലുപരി, ഹിമാലയൻ മലനിരകളുടെ സൗന്ദര്യത്തിനപ്പുറം ജീവിതഭാരത്താൽ വലയുന്ന പച്ചയായ മനുഷ്യജന്മങ്ങളെയും അധ്വാനിക്കുന്ന സമൂഹത്തെയും അതിൽ വരച്ചുകാട്ടുന്നുണ്ട്. ഇതേ അനുഭവം തന്നെയാണ് യുവദീപ്തി എസ്.എം.വൈ.എം പുളിങ്കുന്ന് ഫൊറോനയുടെ നേതൃത്വത്തിൽ പഞ്ചാബിലേക്ക് നടത്തിയ മിഷൻ യാത്രയിൽ എനിക്കും ലഭിച്ചത്. പഞ്ചാബിന്റെ വിശ്വചാരുതയും സംസ്കാരവും കണ്ടറിഞ്ഞതിനൊപ്പം, അതിന്റെ പിന്നാമ്പുറങ്ങളിലെ വൈവിധ്യമാർന്ന ജീവിതങ്ങളെ നേരിൽ കാണാനും ക്രൈസ്തവ വിശ്വാസത്തിന്റെ കൂട്ടായ്മയിൽ അവരോടൊപ്പം ജീവിക്കാനും ഈ യാത്രയിലൂടെ ഞങ്ങൾക്ക് സാധിച്ചു.

### ഓണമാഘോഷിക്കാൻ ഒരിടവേള, ലക്ഷ്യം പഞ്ചാബ് മിഷൻ

നാട്ടിലെ ഓണാഘോഷങ്ങൾ പൂർണ്ണമായും ഒഴിവാക്കിയാണ് ചങ്ങനാശേരിയിൽനിന്ന് കേരളാ എക്സ്പ്രസിൽ ഞങ്ങൾ പഞ്ചാബിലേക്ക് വണ്ടി കയറിയത്. പുളിങ്കുന്ന് ഫൊറോന ഡയറക്ടർ ബഹു. ചൂരവടി ആന്റണി (ഷിബിൻ) അച്ചനും, ആനിമേറ്റർ സി. റോഷ്ണി സി.എം.സി.യുമായിരുന്നു യാത്രയ്ക്ക് നേതൃത്വം നൽകിയത്. ആദ്യമായി ദീർഘദൂര യാത്ര ചെയ്യുന്നവരും മുൻപരിചയമുള്ളവരും സംഘത്തിലുണ്ടായിരുന്നു. പത്തുദിവസത്തെ





ഓണാവധിയും ആഘോഷങ്ങളും ഒഴിവാക്കിയതിന്റെ നേരിയ സങ്കടം ഉള്ളിലുണ്ടായിരുന്നെങ്കിലും, ഞങ്ങളുടെ സ്വപ്നയാത്രയായ 'പഞ്ചാബ് മിഷൻ' ആ സങ്കടങ്ങളെല്ലാം ഇല്ലാതാക്കി.

2026 ആഗസ്റ്റ് 24-ന് ഉച്ചകഴിഞ്ഞ് 2.30-നാണ് യാത്ര ആരംഭിച്ചത്. ഡൽഹിവരെ മൂന്നുദിവസത്തെ ട്രെയിൻ യാത്ര. ഇതിനിടയിൽ സഹയാത്രികരുമായി നിരവധി സൗഹൃദങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞു. നീല ജാക്കറ്റ് ധരിച്ച ഷിബിനച്ചനെ 'ടി.ടി.ഇ' എന്ന് സ്നേഹത്തോടെ കളിയാക്കി വിളിച്ച പുതിയ സൗഹൃദങ്ങൾ വരെയുണ്ടായി. യാത്രയ്ക്ക് കൂടുതൽ കരുത്തുപകർന്നത് ഞങ്ങളുടെ പ്രാർഥനകളായിരുന്നു. പ്രഭാതത്തിലെ ജപമാലയും രാത്രിയിലെ റംശാ പ്രാർഥനയും ട്രെയിനിലെ മറ്റ് മതസ്ഥർക്കുപോലും ഒരു വേറിട്ട അനുഭവമായി. റംശാ പ്രാർഥനയിലെ ഗാനങ്ങളുടെ താളാത്മകത അവരും ആസ്വദിക്കുന്നുണ്ടായിരുന്നു.

### ഡൽഹിയിലെ ഓണസദ്യയും ജലന്ധറിലെ സ്വീകരണവും

തിരുവോണ ദിനമായ ആഗസ്റ്റ് 26-നാണ് ഞങ്ങൾ ഡൽഹിയിലെത്തിയത്. അവിടെനിന്നൊരു തട്ടിക്കൂട്ട് ഓണസദ്യയും കഴിച്ച് അല്പനേരത്തെ വിശ്രമത്തിനുശേഷം അന്നു വൈകുന്നേരംതന്നെ പഞ്ചാബിലേക്ക് യാത്ര തുടർന്നു. പഞ്ചാബിലെ ഫിറോസ്പൂരിൽ ജലന്ധർ രൂപതയുടെ കീഴിലുള്ള 'മണ്ഡോത്ത് ദേവമാതാ കാത്തലിക് ചർച്ചാ'യിരുന്നു ഞങ്ങളുടെ മിഷൻ പ്രദേശം. രൂപതാധ്യക്ഷനെ നേരിൽ കണ്ട ശേഷം അവിടേക്ക് പോകാമെന്നായിരുന്നു തീരുമാനം. തീവണ്ടി അല്പം വൈകിയെങ്കിലും, ഞങ്ങളുടെ വരവറിയിച്ചിരുന്നതിനാൽ പിതാവ് ഞങ്ങൾക്കായി കാത്തുനിൽപ്പുണ്ടായിരുന്നു. അവിടെയെത്തി കുളിച്ച് വിശുദ്ധ കുർബാനയിൽ പങ്കുചേർന്നു. അതിനുശേഷം പിതാവ് ഞങ്ങളെ വളരെ സന്തോഷത്തോടെ രൂപതയിലേക്ക് സ്വാഗതം ചെയ്യുകയും ഈ മിഷൻ ഉദ്യമത്തെ അഭിനന്ദിക്കുകയും ചെയ്തു.

> രാജൻ കാക്കനാടന്റെ 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന യാത്രാവിവരണം പണ്ടെങ്ങോ വായിച്ചിട്ടുണ്ട്. കേവലമൊരു സഞ്ചാരവർണ്ണന എന്നതിലുപരി, ഹിമാലയൻ മലനിരകളുടെ സൗന്ദര്യത്തിനപ്പുറം ജീവിതഭാരത്താൽ വലയുന്ന പച്ചയായ മനുഷ്യജന്മങ്ങളെയും അധ്വാനിക്കുന്ന സമൂഹത്തെയും അതിൽ വരച്ചുകാട്ടുന്നുണ്ട്. ഇതേ അനുഭവം തന്നെയാണ് യുവദീപ്തി എസ്.എം.വൈ.എം പുളിങ്കുന്ന് ഫൊറോനയുടെ നേതൃത്വത്തിൽ പഞ്ചാബിലേക്ക് നടത്തിയ മിഷൻ യാത്രയിൽ എനിക്കും ലഭിച്ചത്.

### മണ്ഡോത്തിന്റെ സ്നേഹത്തിലേക്ക്

ജലന്ധറിൽനിന്ന് ഞങ്ങൾ നേരെ ഫിറോസ്പൂരിലെ മണ്ഡോത്തിലേക്ക് യാത്ര തിരിച്ചു. വളരെ ആവേശത്തോടെ, പഞ്ചാബി ഗാനങ്ങളുടെ അകമ്പടിയോടെയാണ് ദേവമാതാ ഇടവകയിലെ ജനങ്ങൾ ഞങ്ങളെ വരവേറ്റത്. ഇടവക വികാരി ബഹു. പാറേക്കാടൻ ജോസഫച്ചനായിരുന്നു ഇതിന് നേതൃത്വം നൽകിയത്. ഭാഷയ്ക്കും ദേശത്തിനും അതീതമായ അവരുടെ സ്നേഹോഷ്മളമായ സ്വീകരണത്തിന് മുന്നിൽ ഞങ്ങൾക്ക് ശിരസ്സ് നമിക്കേണ്ടിവന്നു. വേറിട്ടൊരു നാട്ടിലെ ആതിഥ്യമര്യാദകൾക്ക് മുന്നിൽ പകച്ചുപോയ നിമിഷങ്ങളായിരുന്നു അത്. തുടർന്നുള്ള ദിവസങ്ങളിൽ ഞങ്ങൾ അവരോടൊപ്പം ചേർന്നു.

### അതിർത്തി ഗ്രാമങ്ങളിലെ മനുഷ്യരെത്തേടി

ഞങ്ങളിലെ മിഷൻ ത്വര ആളിക്കത്തുകയായിരുന്നു. തുടർന്നുള്ള ദിവസങ്ങളിൽ കടുത്ത ഉച്ചവെയിലിനെപ്പോലും വകവയ്ക്കാതെ മണ്ഡോത്തിന്റെ മക്കളെ സന്ദർശിക്കാൻ ഞങ്ങൾ ഇറങ്ങിത്തിരിച്ചു. ഷിബിനച്ചനും പാറേക്കാടൻ അച്ചനും മാർട്ടിൻ അച്ചനും, ജലന്ധർ രൂപത ഓരോ ഇടവകയിലും നിയമിക്കുന്ന ആത്മീയ ഗുരുവായ ബാബുജിയും ഞങ്ങൾക്കൊപ്പമുണ്ടായിരുന്നു. ഭാഷ ഒരു വലിയ പ്രതിസന്ധിയാകുമോ എന്നൊരു ആശങ്ക തുടക്കത്തിലുണ്ടായിരുന്നു. "അറിയാവുന്ന രീതിയിൽ അവരോട് സംസാരിക്കുക" എന്ന നിർദേശം വന്നപ്പോൾ ചെറിയൊരങ്കലാപ്പ് തോന്നിയെങ്കിലും, എല്ലാം ശരിയാ








ഭാഷ ഒരു വലിയ പ്രതിസന്ധിയാകുമോ എന്നൊരു ആശങ്ക തുടക്കത്തിലുണ്ടായിരുന്നു. "അറിയാവുന്ന രീതിയിൽ അവരോട് സംസാരിക്കുക" എന്ന നിർദേശം വന്നപ്പോൾ ചെറിയൊരങ്കലാപ്പ് തോന്നിയെങ്കിലും, എല്ലാം ശരിയാകുമെന്ന വിശ്വാസത്തിൽ ഞങ്ങൾ മുന്നോട്ടു നടന്നു.

കുമെന്ന വിശ്വാസത്തിൽ ഞങ്ങൾ മുന്നോട്ടു നടന്നു.

ഇന്ത്യാ-പാകിസ്ഥാൻ അതിർത്തിയിൽനിന്ന് വെറും രണ്ടു മൈൽ മാത്രം അകലെയായിരുന്നു ആ പ്രദേശം. പാറേക്കാടൻ അച്ചൻ പഴയകാലത്തെ 'ഓപ്പറേഷൻ സിന്ദൂറി'ന്റെ ഇരുണ്ട ദിനങ്ങളുടെ ഓർമ്മകൾ ഞങ്ങളുമായി പങ്കുവച്ചു. അവിടുത്തെ ഭവനങ്ങൾ സന്ദർശിച്ചപ്പോഴാണ് ഭവനനിർമാണത്തിനായി കേരളീയർ എത്രമാത്രം പണമാണ് ദുർവ്യയം ചെയ്യുന്നത് എന്ന സത്യം ഞങ്ങൾ തിരിച്ചറിഞ്ഞത്. ജീവിതത്തിന്റെ പ്രാരാബ്ധങ്ങൾക്കിടയിലും നാളെയെക്കുറിച്ചുള്ള നല്ലൊരു പ്രതീക്ഷ അവരുടെ മുഖത്ത് നിഴലിച്ചിരുന്നു. ഭാഷയ്ക്കതീതമായി അവരുടെ സംസാരത്തിൽനിന്നും മുഖഭാവത്തിൽനിന്നും ആ പ്രതീക്ഷയുടെ വെളിച്ചം ഞങ്ങൾക്ക് വായിച്ചെടുക്കാനായി.

## സ്നേഹം പങ്കിട്ട ദിനങ്ങൾ

അടുത്ത ദിവസം സീറോ മലബാർ ക്രമത്തിൽ ഞങ്ങൾ വിശുദ്ധ കുർബാന അർപ്പിച്ചു. അവിടുത്തെ ജനങ്ങളും അതിൽ ഭക്തിപൂർവം പങ്കുചേർന്നു. നമ്മുടെ ആരാധനാക്രമം അവരെ പരിചയപ്പെടുത്താൻ ഇതിലൂടെ സാധിച്ചു. പുളിങ്കുന്ന് ഫൊറോനയിലെ വിവിധ യൂണിറ്റുകളുടെ സഹകരണത്തോടെ സമാഹരിച്ച കിറ്റുകൾ വിതരണം ചെയ്യുക എന്നതായിരുന്നു മറ്റൊരു പ്രധാന ലക്ഷ്യം. വിദ്യാർഥികൾക്കുള്ള പഠനോപകരണങ്ങളും ഗാർഹിക ആവശ്യങ്ങൾക്കുള്ള സാധനങ്ങളും പല വർണ്ണങ്ങളിലുള്ള കവറുകളിലാക്കി ഓരോ കുടുംബങ്ങൾക്കും ഞങ്ങൾ കൈമാറി.

അന്ന് വൈകുന്നേരം അവിടെയൊരു കലാസന്ധ്യയും സംഘടിപ്പിച്ചിരുന്നു. കേരളത്തിലെ നസ്രാണി പാരമ്പര്യത്തിന്റെ തനിമ വിളിച്ചോതുന്ന മാർഗംകളിയും, കുട്ടനാടിന്റെ ഹൃദയതാളമായ വഞ്ചിപ്പാട്ടും, നാടോടി നൃത്തവും ആക്ഷൻ സോങ്ങുമെല്ലാം ഞങ്ങൾ അവതരിപ്പിച്ചു. പകരമായി, രസകരമായ പഞ്ചാബി ശൈലിയിലുള്ള നൃത്തച്ചുവടുകളും ഗാനങ്ങളും അവിടുത്തെ കുട്ടികളും മുതിർന്നവരും ചേർന്ന് അവതരിപ്പിച്ചു. 25 വർഷത്തെ പാരമ്പര്യമുള്ള ആ പള്ളിയിൽ ആദ്യമായാണ് ഇത്തരമൊരു രാത്രിപരിപാടി നടക്കുന്നതെന്ന് അറിഞ്ഞപ്പോൾ ഞങ്ങൾക്ക് വലിയ സന്തോഷവും

അഭിമാനവും തോന്നി.

മണ്ഡാത്തിലെ ഞങ്ങളുടെ അവസാന രാത്രി കൂടിയായിരുന്നു അത്. പിറ്റേ ദിവസം അവരുടെ ഭാഷയിൽ, ലത്തീൻ ക്രമത്തിലായിരുന്നു വിശുദ്ധ കുർബാന. പഞ്ചാബി വാദ്യമേളങ്ങളുടെ അകമ്പടിയോടെ, കരഘോഷങ്ങൾ മുഴക്കിയുള്ള ആ ദിവ്യബലി ഏറെ നവ്യമായൊരു അനുഭവം സമ്മാനിച്ചു. ദിവ്യബലിക്ക് ശേഷം ഞങ്ങൾ കരുതിയിരുന്ന സ്നേഹസമ്മാനങ്ങൾ അവർക്ക് നൽകി. ഇനി വിടപറയലിന്റെ നിമിഷങ്ങളാണ്...

മണ്ഡാത്തിലെ ഞങ്ങളുടെ അവസാന രാത്രി കൂടിയായിരുന്നു അത്. പിറ്റേ ദിവസം അവരുടെ ഭാഷയിൽ, ലത്തീൻ ക്രമത്തിലായിരുന്നു വിശുദ്ധ കുർബാന. പഞ്ചാബി വാദ്യമേളങ്ങളുടെ അകമ്പടിയോടെ, കരഘോഷങ്ങൾ മുഴക്കിയുള്ള ആ ദിവ്യബലി ഏറെ നവ്യമായൊരു അനുഭവം സമ്മാനിച്ചു.

### യാത്രയാവുന്നു, സ്നേഹത്തോടെ..

"വിടപറയുമ്പോൾ മുഖം ശാന്തമായിരിക്കണം... ശരീരം ഉടയരുത്... മുഖം ചുളിയരുത്... സ്വരം പതറരുത്... വിടപറയുമ്പോൾ നിറഞ്ഞ യൗവനമായിരിക്കണം..." അയ്യപ്പപ്പണിക്കരുടെ ഈ വരികളാണ് അപ്പോൾ മനസ്സിലേക്ക് വന്നത്.

ആരെന്നറിയാത്ത ഞങ്ങളെ സ്വന്തം കുടുംബാംഗങ്ങളെപ്പോലെ സ്നേഹിച്ച സഹോദരങ്ങളോട് വിടപറയാൻ നേരമായിരിക്കുന്നു. ഇനി ഇവരെ കാണാൻ സാധിക്കുമോ എന്നറിയില്ല. ഉള്ളിന്റെയുള്ളിൽ ഒരു തേങ്ങലുണ്ടായിരുന്നു.

അവസാനമായി അവരോടൊപ്പം ഭക്ഷണവും കഴിച്ച് ഞങ്ങൾ യാത്രയിറങ്ങി. ഓരോരുത്തരിലും ദൈവത്തിന്റെ കൈയൊപ്പായ സ്നേഹവും കരുണയും സമാധാനവും സന്തോഷവും കാണാൻ കഴിഞ്ഞു. ചിലർ ഞങ്ങളെ പ്രാർഥിച്ചനുഗ്രഹിച്ചു. പുതിയൊരു നാടും സംസ്കാരവും അവിടുത്തെ മനുഷ്യരുടെ ജീവിതസാഹചര്യങ്ങളും ഉൾക്കൊള്ളാൻ ഈ യാത്രയിലൂടെ ഞങ്ങൾക്ക് സാധിച്ചു.

### മിഷൻ യാത്രയുടെ ബാക്കിപത്രം

പ്രകൃതിസൗന്ദര്യത്തിനപ്പുറം മനുഷ്യന്റെ യാതനകളും വേദനകളും നേരിൽ കണ്ടു. ആരും കാണാതെ മറഞ്ഞിരിക്കുന്ന ജീവിത യാഥാർഥ്യങ്ങളെ രുചിച്ചറിഞ്ഞു. അതാണ് ഞങ്ങളുടെ മിഷൻ യാത്രയുടെ ഏറ്റവും വലിയ വിജയം. ഈ അനുഭവങ്ങൾ ഞങ്ങളിലെ ക്രിസ്തുവിശ്വാസത്തിന്റെ ആഴം വർധിപ്പിച്ചു. മാസങ്ങളോളം ഞങ്ങൾ നടത്തിയ ദിവ്യകാരുണ്യ ആരാധനകളും ധനസമാഹരണവും ഒടുവിൽ ഫലമണിഞ്ഞു.

റെയിൽവേ സ്റ്റേഷനിൽ ചിലർ കണ്ണീരോടെയും ചിലർ സ്നേഹചുംബനങ്ങളോടെയും ഞങ്ങൾക്ക് യാത്രാമൊഴിയേകി. മനസ്സിൽ മായാത്ത ഒരു ചിത്രമായി ആ വിടപറയൽ ഇപ്പോഴും അവശേഷിക്കുന്നു.

തിരികെ കേരളത്തിലേക്കുള്ള ട്രെയിൻ യാത്രയിൽ, എല്ലാവരും തങ്ങളുടെ മിഷൻ അനുഭവങ്ങൾ പങ്കുവച്ചു. വെളുപ്പിനെ രണ്ടുമണി വരെ അത് നീണ്ടു. ഞങ്ങളുടെ വാക്കുകൾ കേട്ടുകൊണ്ട് ഉറങ്ങാതെ കാതോർത്തിരുന്ന സഹയാത്രികരും ഉണ്ടായിരുന്നുവെന്നത് അദ്ഭുതമായി. പലരും കണ്ണീരോടെയാണ് തങ്ങളുടെ അനുഭവങ്ങൾ പറഞ്ഞത്. ബുദ്ധിമുട്ടുകൾ ഏറെയുണ്ടായിട്ടും അവർ ഈ മിഷൻ യാത്രയ്ക്ക് തയ്യാറായെങ്കിൽ, അവരുടെ ഉള്ളിലെ വിശ്വാസവും ഈശോയോടുള്ള സ്നേഹവും എത്ര വലുതാണെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു.

ഈ മിഷൻ ഇവിടെയൊരിക്കലും അവസാനിക്കുന്നില്ല. പരസ്പരം പങ്കുവച്ച അനുഭവങ്ങളിലൂടെയും, മനസ്സിൽ സൂക്ഷിക്കുന്ന ഓർമ്മകളിലൂടെയും ഈ യാത്ര ഇനിയും തുടരും... ഞങ്ങളുടെ ജീവാവസാനം വരെ.



നെറ്റ്ഫ്ലിക്സിലെ 'ജെഫ്രി എപ്സ്റ്റീൻ: ഫിൽത്തി റിച്ച്' (Jeffrey Epstein: Filthy Rich) എന്ന ഡോക്യുമെന്ററി ലോകമനസ്സാക്ഷിയെ മരവിപ്പിച്ച ഒന്നായിരുന്നു. അധികാരം, പണം, രാഷ്ട്രീയസ്വാധീനം എന്നിവ ഉപയോഗിച്ചു ജെഫ്രി എപ്സ്റ്റീൻ എന്ന ശതകോടീശ്വരൻ വർഷങ്ങളോളം നടത്തിയ ക്രൂരതകളുടെ ചുരുളഴിക്കുന്നതായിരുന്നു അത്. എന്നാൽ ഈ പരമ്പരയിൽ നമ്മെ ഏറ്റവും കൂടുതൽ ചിന്തിപ്പിക്കുന്നതു വേട്ടക്കാരന്റെയോ ഇരകളുടെയോ കഥയല്ല; മറിച്ച് സ്റ്റീവ് സ്കല്ലി എന്ന ഒരു സാധാരണ ജീവനക്കാരന്റെ ജീവിതമാണ്.



കുട്ടിച്ചായന്റെ കുറിപ്പുകൾ

# നമ്മുടെ മൗനം മക്കൾക്കു വിനയാകുമ്പോൾ



## ആഡംബരങ്ങൾക്കിടയിലെ ഇരുണ്ട ദ്വീപ്

1999 മുതൽ 2005 വരെയുള്ള കാലഘട്ടത്തിൽ എപ്സ്റ്റീന്റെ ഉടമസ്ഥതയിലുള്ള 'ലിറ്റിൽ സെന്റ് ജെയിംസ്' എന്ന സ്വകാര്യ ദ്വീപിലെ ടെലികമ്മ്യൂണിക്കേഷൻ വിഭാഗം കൈകാര്യം ചെയ്തിരുന്നതു സ്റ്റീവ് ആയിരുന്നു. കരീബിയൻ കടലിന്റെ നടുവിൽ എല്ലാ ആധുനികസൗകര്യങ്ങളുമുള്ള ഈ ദ്വീപ് പുറംലോകത്തിന് ഒരു സ്വർഗമായിരുന്നു.

ദ്വീപിലെ കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ നിയന്ത്രിച്ചിരുന്നതിനാൽ അവിടുത്തെ നിരീക്ഷണ ക്യാമറകളിലെ ദൃശ്യങ്ങളും ഫോൺ സന്ദേശങ്ങളും സ്റ്റീവിനു കാണാമായിരുന്നു. ലോകപ്രശസ്തരായ രാഷ്ട്രീയക്കാരും സെലിബ്രിറ്റികളും ആ ദ്വീപിലേക്കു നിരന്തരമായി വന്നുപോയിക്കൊണ്ടിരുന്നു. എന്നാൽ അവർക്കൊപ്പം എപ്പോഴും ഉണ്ടായിരുന്നതു പ്രായപൂർത്തിയാകാത്ത കൊച്ചുപെൺകുട്ടികളായിരുന്നു. അവർ അവിടെ ക്രൂരമായി ദുരുപയോഗം ചെയ്യപ്പെടുന്നതു സ്റ്റീവ് ക്യാമറകളിലൂടെയും നേരിട്ടും കണ്ടു.

## നിശ്ശബ്ദതയുടെ കപടസുരക്ഷ

അവിടെ നടന്നതു കൊടും ക്രൂരതയാണെന്നു സ്റ്റീവിന് അറിയാമായിരുന്നു. പക്ഷേ, അയാൾ വർഷങ്ങളോളം മിണ്ടിയില്ല. അയാളെ തടഞ്ഞുനിർത്തിയതു രണ്ടു പ്രധാന കാരണങ്ങളായിരുന്നു:

- **"അതൊന്നും എന്റെ ജോലിയല്ല"**: എന്റെ ഉത്തരവാദിത്വം ഇവിടുത്തെ സാങ്കേതികസം




> നമ്മുടെ കൺമുന്നിൽ ഒരു അനീതി നടക്കുമ്പോൾ, അതു നമ്മുടെ ജോലിക്കോ വരുമാനത്തിനോ കോട്ടംവരുത്തുമെന്നാകുമ്പോൾ നാം മൗനമായി പിൻവാങ്ങുന്നു. ആ നിശ്ശബ്ദതയ്ക്കു സ്റ്റീവ് നൽകിയ പേര് 'ജോലിയോടുള്ള കൂറ്' എന്നായിരുന്നു.

വിധാനങ്ങൾ ഉറപ്പുവരുത്തുക എന്നതു മാത്രമാണ് എന്ന ന്യായീകരണം അയാൾ സ്വയം ചമച്ചു.

- **സാമ്പത്തികനേട്ടം:** മാസാമാസം തന്റെ അക്കൗണ്ടിലേക്കു വന്നെത്തുന്ന വലിയ തുക ശമ്പളം അയാളുടെ മനസ്സാക്ഷിയെ മയക്കിയിരുന്നു. തന്റെ കുടുംബത്തിനു നല്ലൊരു ജീവിതം നൽകാൻ ഈ ജോലി ആവശ്യമാണെന്ന് അയാൾ വിശ്വസിച്ചു.

നമ്മളും പലപ്പോഴും ഇങ്ങനെ ചിന്തിക്കാറില്ലേ? നമ്മുടെ കൺമുന്നിൽ ഒരു അനീതി നടക്കുമ്പോൾ, അതു നമ്മുടെ ജോലിക്കോ വരുമാനത്തിനോ കോട്ടംവരുത്തുമെന്നാകുമ്പോൾ നാം മൗനമായി പിൻവാങ്ങുന്നു. ആ നിശ്ശബ്ദതയ്ക്കു സ്റ്റീവ് നൽകിയ പേര് 'ജോലിയോടുള്ള കൂറ്' എന്നായിരുന്നു. എന്നാൽ അതു തിന്മയോടുള്ള കൂട്ടുനിൽക്കലായിരുന്നു എന്നു തിരിച്ചറിയാൻ ഒരു നിമിത്തം വേണ്ടിവന്നു.

## മനസ്സാക്ഷിയെ തകർത്ത ആ ചോദ്യം

ഒരിക്കൽ ദ്വീപിലെ സ്വിമ്മിങ് പൂൾ നന്നാക്കാൻ വന്ന ഒരു കരാറുകാരനാണു സ്റ്റീവിന്റെ കണ്ണുതുറപ്പിച്ചത്. അവിടെക്കണ്ട കാഴ്ചകളിൽ അസ്വസ്ഥനായ അയാൾ സ്റ്റീവിനോടു ചോദിച്ചു: "നിങ്ങൾ എങ്ങനെയാണ് ഈ വൃത്തികെട്ട സ്ഥലത്തു ജോലി ചെയ്യുന്നത്?" തന്റെ നിലനിൽപ്പിനെ ന്യായീകരിക്കാൻ സ്റ്റീവ് പറഞ്ഞു: "ജീവിക്കാൻ പണം വേണ്ടേ? നല്ല ശമ്പളമാണ് ഇവിടെ കിട്ടുന്നത്." ഉടനെ അയാളുടെ അടുത്ത ചോദ്യം:

"നിങ്ങൾക്കു മക്കളുണ്ടോ? എങ്കിൽ നിങ്ങളുടെ മക്കളെ നിങ്ങൾ ഈ ദ്വീപിലേക്കു കൊണ്ടുവരുമോ?"

ഈ ചോദ്യം സ്റ്റീവിനെ തകർത്തുകളഞ്ഞു. തനിക്കു 13-ഉം 15-ഉം വയസ്സുള്ള രണ്ടു പെൺകുട്ടികളുണ്ടെന്ന് അയാൾ വിറയലോടെ ഓർത്തു. തന്റെ മക്കൾക്കു സുരക്ഷിതമല്ലാത്ത ഒരിടം മറ്റാരുടെയോ മക്കൾക്കു നരകമാകുമ്പോൾ, താൻ വാങ്ങുന്ന ശമ്പളം ആ കുട്ടികളുടെ കണ്ണീരിന്റെ വിലയാണെന്ന് അയാൾ തിരിച്ചറിഞ്ഞു. ആ നിമിഷം അയാൾ ആ ജോലി ഉപേക്ഷിച്ചു. പിന്നീട് എപ്സ്റ്റീനെതിരെയുള്ള അന്വേഷണത്തിൽ സ്റ്റീവ് നൽകിയ സാക്ഷ്യമൊഴികൾ നിർണായകമായി മാറി.

## സ്റ്റീവ് നമുക്കു നൽകുന്ന പാഠങ്ങൾ

നമ്മുടെ ജീവിതത്തിലും ചില നിസ്സാരലാഭങ്ങൾക്കും നേട്ടങ്ങൾക്കും വേണ്ടി നമ്മൾ പലപ്പോഴും ഇത്തരത്തിൽ മൗനം പാലിക്കാറില്ലേ?

- **ലാഭത്തിനുവേണ്ടിയുള്ള കണ്ണടയ്ക്കൽ:** ജോലിസ്ഥലത്തോ അയൽപക്കത്തോ നടക്കുന്ന അനീതികൾ കണ്ടിട്ടും, നമ്മുടെ സൗകര്യങ്ങൾ നഷ്ടപ്പെടാതിരിക്കാൻ നാം പുലർത്തുന്ന നിശ്ശബ്ദത വലിയ അപകടമാണ്. നാം ഇന്നു മറ്റുള്ളവരുടെ മക്കൾക്കു നേരെ നടക്കുന്ന തിന്മകൾക്കു നേരെ കണ്ണടയ്ക്കുമ്പോൾ, നാളെ നമ്മുടെ മക്കൾക്കും ഇതേ അപകടം സംഭവിക്കില്ലെന്ന് ആരു കണ്ടു? തിന്മയെ കണ്ടില്ലെന്നു നടിക്കുന്നതു തിന്മയെ പ്രോത്സാഹിപ്പിക്കുന്നതിനു തുല്യമാണ്.
- **അനീതിയുടെ മുകളിലെ സമ്പാദ്യം:** പണം ഉണ്ടെങ്കിൽ മക്കൾക്കു നല്ല ഭാവി നൽകാമെന്നു നാം കരുതുന്നു. എന്നാൽ മറ്റൊരാളുടെ കണ്ണീരിന്റെയോ വേദനയുടെയോ മുകളിൽ പടുത്തുയർത്തുന്ന സമ്പാദ്യം കൊണ്ടു നമ്മുടെ മക്കളെ സംരക്ഷിക്കാൻ കഴിയില്ല. പണത്തേക്കാൾ വലിയ സമ്പാദ്യം നാം മക്കൾക്കു നൽകുന്ന മാതൃകയാണ്. അനീതി കണ്ടാൽ പ്രതികരിക്കാനുള്ള ആർജവം മാതാപിതാക്കൾ ആദ്യം കാട്ടണം.
- **മനസ്സാക്ഷിയുടെ കരുത്ത്:** പണം നൽകുന്ന ആത്മവിശ്വാസത്തേക്കാൾ വലുതാണു കറപുരളാത്ത മനസ്സാക്ഷി മക്കൾക്കു നൽകുന്ന കരുത്ത്. അധ്വാനിച്ചുണ്ടാക്കുന്ന പണത്തിനു മാത്രം മൂല്യം നൽകാൻ മക്കളെ പഠിപ്പിക്കുക. മക്കളുടെ സുരക്ഷിതത്വത്തിനു വിലയിടാൻ ആരെയും അനുവദിക്കരുത്.

പണത്തേക്കാൾ വലുതു മക്കളുടെ ജീവനും അന്തസ്സുമാണ്. സ്റ്റീവ് അന്നു തിരിച്ചറിഞ്ഞ ഈ വലിയ സത്യം നമുക്കും എന്നും ഒരു ഓർമപ്പെടുത്തലാകട്ടെ.

സ്പോട്ട് ലൈറ്റ്

# പ്രാർഥനയോടെ വളയം പിടിക്കുന്ന വൈറൽ ഡ്രൈവർ




എട്ടുവർഷം തനിക്ക് കൂട്ടായ കെ.എസ്.ആർ.ടി.സി ബസിന് കണ്ണീരോടെ യാത്രാമൊഴിയേകിയ പോൾ കുര്യൻ എന്ന ഡ്രൈവറെ കേരളം മറന്നിട്ടില്ല. ആ വൈറൽ വീഡിയോയ്ക്ക് പിന്നിലെ വിശ്വാസത്തിന്റെയും ആത്മാർഥതയുടെയും കഥ ഇതാ...

ബസിന്റെ നാലു ടയറിലും തൊട്ടുവണങ്ങി, കൈകൾകൂപ്പി ബസിന് ഉമ്മ നൽകി കണ്ണീരോടെ പിൻവാങ്ങുന്ന ഒരു കെ.എസ്. ആർ.ടി.സി ഡ്രൈവർ! സമീപ കാലത്ത് സമൂഹമാധ്യമങ്ങളിൽ വൈറലായ ഒരു ദൃശ്യമായിരുന്നു അത്. തന്റെ ഔദ്യോഗിക ജീവിതത്തിലെ ഫിസിക്കൽ ഡ്യൂട്ടിയുടെ അവസാനദിവസം, കഴിഞ്ഞ എട്ടുവർഷമായി തന്നെയും യാത്രക്കാരെയും സുരക്ഷിതമായി ലക്ഷ്യസ്ഥാനത്തെത്തിച്ച ബസിനോടുള്ള ഒരു ഡ്രൈവറുടെ നിരുപാധികമായ സ്നേഹത്തിന്റെയും കടപ്പാടിന്റെയും വൈകാരിക നിമിഷമായിരുന്നു അത്.

അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ആ ബസ് കേവലമൊരു വാഹനമായിരുന്നില്ല; മറിച്ച്, തന്റെ ജീവിതത്തിന്റെ താളവും കേന്ദ്രവുമായിരുന്നു. എല്ലാവരും സ്നേഹത്തോടെ 'കുഞ്ഞുമോൻ' എന്ന് വിളിക്കുന്ന പോൾ കുര്യൻ എന്ന ആ വൈറൽ ഡ്രൈവറുടെ വിശ്വാസനിർഭരമായ ജീവിതവിശേഷങ്ങളിലേക്ക്...



വണ്ടിയുടെ സ്റ്റിയറിംഗ് പിടിക്കുമ്പോൾ പരിശുദ്ധ മാതാവിന്റെ സംരക്ഷണം തനിക്കൊപ്പമുണ്ടെന്ന് അദ്ദേഹം ഉറച്ചുവിശ്വസിക്കുന്നു. ഭൂരിപക്ഷമുള്ള സാധാരണ ഡ്രൈവർമാരെപ്പോലെയല്ല അദ്ദേഹം. ഡ്യൂട്ടി സമയത്ത് സംസാരിക്കാൻ ആരുമില്ലെങ്കിൽ, യാത്രയിലുടനീളം 'നന്മനിറഞ്ഞ മറിയമേ' എന്ന ജപവും 'എത്രയും ദയയുള്ള മാതാവേ' എന്ന പ്രാർഥനയും കുഞ്ഞുമോന്റെ അധരങ്ങളിലുണ്ടാകും.

### ആ വൈറൽ വിടവാങ്ങലിന് പിന്നിൽ!

2008-ൽ പി.എസ്.സി നിയമനം വഴിയാണ് പോൾ കുര്യൻ കെ.എസ്.ആർ.ടി.സിയിൽ ഡ്രൈവറായി ജോലിയിൽ പ്രവേശിക്കുന്നത്. കഴിഞ്ഞ എട്ടുവർഷമായി കമ്പം – കുമളി – കോട്ടയം റൂട്ടിലോടുന്ന RPE 741 എന്ന ബസിന്റെ വളയം പിടിച്ചിരുന്നത് അദ്ദേഹമായിരുന്നു. ഈ കാലയളവിൽ തനിക്കോ യാത്രക്കാർക്കോ കാൽനടയാത്രക്കാർക്കോ യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാക്കാതെ സുരക്ഷിതമായ യാത്രയൊരുക്കാൻ ഈ വാഹനത്തിനായി. ഒരിക്കൽപോലും വഴിയിൽ ബ്രേക്ക് ഡൗണായി കിടന്നിട്ടുമില്ല.

"യാത്രക്കാരുടെ സുരക്ഷ തന്റെ കഴിവല്ല, മറിച്ച് പരിശുദ്ധ അമ്മയുടെ അദൃശ്യമായ സംരക്ഷണമാണെന്ന് ഈ ഡ്രൈവർ വിശ്വസിക്കുന്നു."

എപ്പോഴും ഒരു കാവൽമാലാഖയെപ്പോലെ കൂടെയുണ്ടായിരുന്ന ബസിനോട് എന്നേക്കുമായി യാത്രപറയുമ്പോൾ പോളിന്റെ മനസ്സ് വിങ്ങുകയായിരുന്നു. അചേതനമായ ഒരു ഇരുമ്പുക്കൂട് എന്ന് മറ്റുള്ളവർക്ക് തോന്നാമെങ്കിലും, തന്നെ ഇതുവരെ സുരക്ഷിതമായി നടത്തിയ ബസിനോട് അദ്ദേഹത്തിന് വൈകാരികമായ അടുപ്പവും തീവ്രമായ സ്നേഹവുമുണ്ടായിരുന്നു. അതിനെല്ലാമുപരി വലിയൊരു നന്ദിയും! അതുകൊണ്ടാണ് അന്നേദിവസം ബസിന്റെ നാലു ടയറുകളെയും തൊട്ടുവന്ദിച്ചും ചുംബിച്ചും അദ്ദേഹം യാത്ര പറഞ്ഞത്. ഗാരേജിലെ ഒരാൾ പകർത്തിയ ഈ വൈകാരിക രംഗം കെ.എസ്.ആർ.ടി.സിയുടെ കുമളി വാട്സാപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തതോടെയാണ് കേരളം മുഴുവൻ ആ വീഡിയോ ഏറ്റെടുത്തത്.

### വളയം പിടിക്കുന്നത് മാതാവിന്റെ കരങ്ങൾ

പതിനാറാം വയസ്സുമുതൽ വണ്ടികളോടുള്ള ഭ്രമം കുഞ്ഞുമോന് ആരംഭിച്ചിരുന്നു. വാഹനങ്ങൾ കഴുകിയും ഓടിച്ചും തുടങ്ങിയ ആ ഇഷ്ടം ഒടുവിൽ ഡ്രൈവിംഗ് എന്ന പ്രൊഫഷനിലെത്തിച്ചു. ഡ്രൈവിംഗ് കേവലമൊരു തൊഴിലല്ല, വലിയൊരു സേവനമാണെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. വ്യത്യസ്തമായ ലക്ഷ്യങ്ങളോടെ യാത്ര ചെയ്യുന്ന നൂറുകണക്കിന് മനുഷ്യരെ അവരുടെ ഉദ്ദിഷ്ടസ്ഥാനത്ത് സുരക്ഷിതമായി എത്തിക്കുക എന്നത് നിസ്സാരകാര്യമല്ലല്ലോ!

എന്നാൽ അതിന് തനിക്ക് സാധിക്കുന്നത് സ്വന്തം കഴിവുകൊണ്ടുമാത്രമാണെന്ന് കുഞ്ഞുമോൻ വിശ്വസിക്കുന്നില്ല. വണ്ടിയുടെ സ്റ്റിയറിംഗ് പിടിക്കുമ്പോൾ പരിശുദ്ധ മാതാവിന്റെ സംരക്ഷണം തനിക്കൊപ്പമുണ്ടെന്ന് അദ്ദേഹം ഉറച്ചുവിശ്വസിക്കുന്നു. ഭൂരിപക്ഷമുള്ള സാധാരണ ഡ്രൈവർമാരെപ്പോലെയല്ല അദ്ദേഹം. ഡ്യൂട്ടി സമയത്ത് സംസാരിക്കാൻ ആരുമില്ലെങ്കിൽ, യാത്രയിലുടനീളം 'നന്മനിറഞ്ഞ മറിയമേ' എന്ന ജപവും 'എത്രയും ദയയുള്ള മാതാവേ' എന്ന പ്രാർഥനയും കുഞ്ഞുമോന്റെ അധരങ്ങളിലുണ്ടാകും. ദിവസവും അഞ്ഞൂറോളം 'നന്മ നിറഞ്ഞ മറിയമേ' താൻ ചൊല്ലാറുണ്ടെന്ന് അദ്ദേഹം പറയുന്നു. യാത്ര ചെയ്യുമ്പോൾ എപ്പോഴും മൊബൈലിൽ മുഖം പൂഴ്ത്തിയിരിക്കുന്ന ഇന്നത്തെ തലമുറയ്ക്ക് മുന്നിൽ, ഈ ഡ്രൈവർ നൽകുന്ന മാതൃകയും പ്രചോദനവും ചെറുതല്ല.

## വിശ്രമിക്കാൻ സമയമില്ല!

പതിനെട്ടുവർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം തന്റെ അമ്പത്തിയാറാം വയസ്സിലാണ് പോൾ കുര്യൻ ഫിസിക്കൽ ഡ്യൂട്ടിയിൽനിന്ന് വിരമിക്കുന്നത് (ഔദ്യോഗിക വിരമിക്കൽ ഒക്ടോബർ 31-നാണ്). എന്നാൽ റിട്ടയർമെന്റായി എന്നുകരുതി വീട്ടിൽ അടച്ചുപൂട്ടിയിരിക്കാനോ, പ്രായമായെന്നുകരുതി നിഷ്ക്രിയനാകാനോ അദ്ദേഹം തയ്യാറല്ല. "പ്രായം വെറുമൊരു നമ്പർ അല്ലേ?" എന്നദ്ദേഹം ചിരിയോടെ ചോദിക്കുന്നു.

"ഏറ്റുനിൽക്കാൻ ആരോഗ്യം അനുവദിക്കുന്നിടത്തോളം കാലം പണിയെടുക്കണം; റിട്ടയർമെന്റ് വെറുതെയിരിക്കാനുള്ള സമയമല്ല."

കെ.എസ്.ആർ.ടി.സിയിൽ വീണ്ടും താൽക്കാലിക നിയമനത്തിന് വിളിച്ചാൽ സന്തോഷത്തോടെ പോകും; അല്ലെങ്കിൽ ഏതെങ്കിലും സ്കൂൾ ബസിന്റെ ഡ്രൈവറാകും. ഇനി അതല്ലെങ്കിൽ സ്വന്തം പറമ്പിൽ കൃഷിയിറക്കും. എന്തായാലും വെറുതെയിരിക്കാൻ പോൾ കുര്യൻ തയ്യാറല്ല. അദ്ദേഹത്തിന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ, "ഏറ്റുനിൽക്കാൻ ആരോഗ്യം അനുവദിക്കുന്നിടത്തോളം കാലം പണിയെടുക്കണം." റിട്ടയർമെന്റ് എന്നത് വെറുതെയിരിക്കാനുള്ള സമയമല്ലെന്ന് അദ്ദേഹം തെളിയിക്കുന്നു. സ്വന്തം പറമ്പിലെ കൃഷിത്തിരക്കുകൾക്കിടയിലാണ് 'കുടുംബജ്യോതി'യോട് സംസാരിക്കാൻ അദ്ദേഹം സമയം കണ്ടെത്തിയത്. ലോക വാർധക്യദിനം കടന്നുപോകുന്ന ഈ വേളയിൽ, വാർധക്യത്തെയും വിശ്രമജീവിതത്തെയും പ്രസാദാത്മകമായി സമീപിക്കുന്ന ഇദ്ദേഹത്തെപ്പോലുള്ളവർ നൽകുന്ന സന്ദേശം വളരെ വലുതാണ്.

## കരുത്തായി സ്നേഹമുള്ള കുടുംബം

ഇടുക്കി രൂപതയിലെ വെള്ളയാംകുടി ഇടവകാംഗമാണ് പോൾ കുര്യൻ. തെക്കേകരോട്ട് കുര്യന്റെയും അന്നമ്മയുടെയും അഞ്ചുമക്കളിൽ ഇളയമകൻ. മാതാപിതാക്കൾ വർഷങ്ങൾക്ക് മുമ്പേ മരിച്ചുപോയി.

> അദ്ദേഹത്തിന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ, "ഏറ്റുനിൽക്കാൻ ആരോഗ്യം അനുവദിക്കുന്നിടത്തോളം കാലം പണിയെടുക്കണം." റിട്ടയർമെന്റ് എന്നത് വെറുതെയിരിക്കാനുള്ള സമയമല്ലെന്ന് അദ്ദേഹം തെളിയിക്കുന്നു. സ്വന്തം പറമ്പിലെ കൃഷിത്തിരക്കുകൾക്കിടയിലാണ് 'കുടുംബജ്യോതി'യോട് സംസാരിക്കാൻ അദ്ദേഹം സമയം കണ്ടെത്തിയത്.



കട്ടപ്പന കൈരളി ജങ്ഷനിൽ താമസിക്കുന്ന പോളിന്റെ ജീവിതത്തിന് കരുത്തേകാൻ ഭാര്യ സൂസമ്മ എപ്പോഴും കൂടെയുണ്ട്. അന്ന, എബിൻ എന്നിവരാണ് മക്കൾ. ഇവർ യഥാക്രമം ടി.ടി.സി, ബി.സി.എ വിദ്യാർഥികളാണ്. പ്രാർഥനയും അധ്വാനവും കൈമുതലാക്കിയ ഈ കുടുംബത്തിന് പരിശുദ്ധ അമ്മ എപ്പോഴും കാവലായുണ്ട്.





*ഇറ്റാലിയൻ ചിത്രകാരനായ ജോറ്റോ ഡി ബൊണ്ടോൺ രചിച്ച (1295-1300) 'സെന്റ് ഫ്രാൻസിസ് റിസീവിംഗ് ദ സ്റ്റിഗ്മാറ്റ' എന്ന ചിത്രം.*



**ജോർജ് വലിയപാടത്ത്**
**കപ്പൂച്ചിൻ**

സമ്പത്തിന്റെ മടിത്തട്ടിൽനിന്ന് ദാരിദ്ര്യത്തെ മണവാട്ടിയായി സ്വീകരിച്ച അസ്സീസിയിലെ ഫ്രാൻസിസിന്റെ ജീവിതം, എട്ടുനൂറ്റാണ്ടുകൾക്കിപ്പുറവും സഭയെയും ലോകത്തെയും എങ്ങനെ നവീകരിക്കുന്നു എന്നുനോക്കാം.

ഫ്രാൻസിസിന്റെ സ്വർഗപ്രവേശത്തിന്റെ 800-ാം വാർഷികത്തിൽ ഒരു തിരിഞ്ഞുനോട്ടം.

# ഫ്രാൻസിസ്:
## ഇന്നും കെടാത്ത വിപ്ലവാഗ്നി

റഷ്യയുടെ ബോൾഷെവിക് വിപ്ലവനായകൻ വ്ളാഡിമിർ ലെനിൻ തന്റെ മരണക്കിടക്കയിൽ വെച്ച് പരിതപിച്ചതായി ഒരു കഥയുണ്ട്: "ഞാൻ റഷ്യയ്ക്ക് നൽകേണ്ടിയിരുന്നത് കമ്യൂണിസമായിരുന്നില്ല; മറിച്ച്, ഒരു ഡസൻ ഫ്രാൻസിസ് അസ്സീസിമാരെയായിരുന്നു!" ഈ വാക്കുകൾ സത്യമാണെങ്കിലും അല്ലെങ്കിലും, ഫ്രാൻസിസ് എന്ന നാമം ലോകചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു വിപ്ലവമായിരുന്നു എന്നത് തർക്കമില്ലാത്ത വസ്തുതയാണ്. ഇതൊരു വെറും രാഷ്ട്രീയവിപ്ലവമായിരുന്നില്ല; കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും സൂക്ഷ്മരാഷ്ട്രീയമുൾക്കൊള്ളുന്ന ഒരു ആത്മീയവിപ്ലവം.

വിഖ്യാത ചിന്തകൻ ജി.കെ. ചെസ്റ്റർട്ടൺ തന്റെ ഗ്രന്ഥത്തിൽ ഫ്രാൻസിസിനെ വരച്ചുകാട്ടുന്നത് അതിമനോഹരമായാണ്: "വെളിച്ചമപ്പോഴും അരണ്ടിരിക്കെ നഗരത്തിനുമേലേ ഒരു ചെറിയ കുന്നിൻമുകളിൽ മങ്ങിക്കൊണ്ടിരിക്കുന്ന ഇരുളിനെതിരേ നിശ്ശബ്ദവും പൊടുന്നനേയുമായി ഒരു ഇരുണ്ട രൂപം പ്രത്യക്ഷപ്പെട്ടു. താരകൾ തീരെ എത്തിനോക്കാതിരുന്നില്ലെങ്കിലും ദീർഘവും കഠിനവുമായ ജാഗ്രത വേണ്ടിവന്ന രാവിന്റെ അന്ത്യമായിരുന്നുവത്. അനവധി രൂപങ്ങളിലും ചിത്രങ്ങളിലുമെന്നപോലെ, ഉയർത്തിയ കൈകളുമായി നിലകൊണ്ട ആ രൂപത്തിനുചുറ്റുമായി പാടുന്ന പക്ഷികൾ ഒരു വലയം തീർത്തിരുന്നു; അവന്റെ പിന്നിലാകട്ടെ പുലരി പൊട്ടിവിടരുകയുമായിരുന്നു."

ഇരുണ്ടകാലം എന്നറിയപ്പെടുന്ന മധ്യയുഗത്തിന്റെ പൂർവഘട്ടത്തിൽ പാശ്ചാത്യലോകത്തിന് ഒരു പുതുഭാവുകത്വം പ്രദാനം ചെയ്തത് ഈ ദരിദ്രനായ മനുഷ്യനാണ്. പട്ടുതുണികളുടെ വ്യാപാരിയായ പിയത്രോ ബെർണ്ണാർദോണിയുടെ മകനായി ജനിച്ച ജിയോവന്നി



(ഫ്രാൻസിസ്), ഒരു പ്രഭുവാകാനും വലിയ സൈനികനാകാനും മോഹിച്ച ചെറുപ്പക്കാരനായിരുന്നു. എന്നാൽ സ്വപ്നവും യാഥാർഥ്യവും ദർശനവും ഇഴചേർന്ന മൂന്നുവഴിത്തിരിവുകൾ ആ ജീവിതത്തെ തിരുത്തിയെഴുതി.

### യജമാനനോ അതോ ഭൃത്യനോ?

അക്കാലത്ത് മാർപാപ്പ യൂറോപ്പിന്റെയാകെ ചക്രവർത്തിയായിരുന്നു. മാർപാപ്പയുടെ പട്ടാളത്തിൽ ചേർന്ന് വലിയൊരു പടയാളിയാകാൻ ഫ്രാൻസിസ് തീരുമാനിച്ചു. യുദ്ധത്തിനായി സൈന്യത്തോടൊപ്പം പോകുന്ന വഴി സൊലെറ്റോയിലെ ഒരു ക്യാമ്പിൽ ഉറങ്ങുമ്പോൾ ആ ചെറുപ്പക്കാരന് ഒരു സ്വപ്നമുണ്ടായി. ഒരു അശരീരി അവനെ പേരുചൊല്ലി വിളിച്ചു: "ആരെ സേവിക്കുന്നതാണ് ഉത്തമം? യജമാനനെയോ ഭൃത്യനെയോ?"

ഉത്തരം വ്യക്തമായിരുന്നു: "യജമാനനെ!" ഫ്രാൻസിസ് മറുപടി നൽകി. "എങ്കിലെന്തിന് ഭൃത്യനെ സേവിക്കാൻ പോകുന്നു? തിരിച്ചുപോകൂ." ആ സ്വരം കേട്ട് ഇതികർത്തവ്യതാമൂഢനായി അയാൾ സ്വന്തം പട്ടണത്തിലേക്ക് മടങ്ങി. അതായിരുന്നു ഒന്നാമത്തെ വെളിപാട്.

> ഇരുണ്ടകാലം എന്നറിയപ്പെടുന്ന മധ്യയുഗത്തിന്റെ പൂർവഘട്ടത്തിൽ പാശ്ചാത്യലോകത്തിന് ഒരു പുതുഭാവുകത്വം പ്രദാനം ചെയ്തത് ഈ ദരിദ്രനായ മനുഷ്യനാണ്. പട്ടുതുണികളുടെ വ്യാപാരിയായ പിയത്രോ ബെർണ്ണാർദോണിയുടെ മകനായി ജനിച്ച ജിയോവന്നി (ഫ്രാൻസിസ്), ഒരു പ്രഭുവാകാനും വലിയ സൈനികനാകാനും മോഹിച്ച ചെറുപ്പക്കാരനായിരുന്നു.

### ആ കുഷ്ഠരോഗി ക്രിസ്തുവാണെങ്കിലോ?

ഒരിക്കൽ അസ്സീസിയുടെ പ്രാന്തവഴിയിലൂടെ കുതിരപ്പുറത്ത് യാത്രചെയ്യുകയായിരുന്നു ഫ്രാൻസിസ്. വിരലുകൾ അറ്റുപോയ കൈകാലുകളും, പഴുത്ത് വ്രണമായി തീർന്നുപോയ മൂക്കും ചുണ്ടുകളും, ചലവും ദുർഗന്ധവും മൂലം ഈച്ചയാർക്കുന്ന വസ്ത്രങ്ങളുമായി ദൂരെ ഒരു കുഷ്ഠരോഗി നടന്നുവരുന്നത് കണ്ട മാത്രയിൽ ഫ്രാൻസിസിൽ ഭയവും അറപ്പും മനംപുരട്ടലും നിറഞ്ഞു. കുതിരയെ കടിഞ്ഞാൺ വലിച്ച് തിരിച്ച് പിന്നോക്കം പായുന്നതിനിടയിൽ അശനിപാതം കണക്കേ ഒരു ചിന്ത മനസ്സിൽ മിന്നി: 'അത് ക്രിസ്തുവാണെങ്കിലോ?'

ഫ്രാൻസിസ് ഉടൻ കുതിരയെ തിരിച്ചു. ചങ്കു പെരുമ്പറകൊട്ടുമ്പോഴും, മുഖം തീക്കല്ലുപോലെയാക്കി ആ കുഷ്ഠരോഗിയുടെ അടുത്തെത്തി അയാൾ കുതിരപ്പുറത്തുനിന്നിറങ്ങി; അയാളെ മാറോടണച്ച് ചുംബിച്ചു! തന്റെ ഏറ്റവും ശക്തമായ ദൈവാനുഭവമായി ഫ്രാൻസിസ് പിൽക്കാലത്ത് കുറിച്ചത് ഈ അനുഭവമാണ്.

### തകരുന്ന ആലയവും ഉടുതുണിയില്ലാത്തവനും

ദൈവസ്വരം തേടി വിജനമായ ഇടങ്ങളിൽ പ്രാർഥനയിലും ധ്യാനത്തിലും ചെലവഴിച്ച നാളുകൾ. അസ്സീസിയിലെ ഇടിഞ്ഞുവീഴാറായ സാൻ ദാമിയാനോ ദേവാലയത്തിൽ പ്രാർഥിച്ചുകൊണ്ടിരിക്കെ, അവിടെ ക്രൂശിതനായ കർത്താവിന്റെ രൂപം ഫ്രാൻസിസിനോട് സംസാരിച്ചു: "ഫ്രാൻസിസ്, പോയി എന്റെ ആലയം നീ നന്നാക്കുക."

പള്ളിയുടെ കേടുപാടുകൾ തീർക്കാൻ സ്വന്തം പിതാവിന്റെ കടയിൽനിന്നും തുണികൾ വിറ്റ കാശ് ഫ്രാൻസിസ് എടുത്തു. ഇതിൽ ക്രുദ്ധനായ പിതാവ് അസ്സീസിയിലെ മെത്രാന്റെ മുമ്പിൽ ഫ്രാൻസിസിനെ വിചാരണയ്ക്ക് നിർത്തി. അവിടെവെച്ച് ചരിത്രത്തെ അമ്പരപ്പിച്ച ഒരു സംഭവമുണ്ടായി. തന്റെ ശരീരത്തിലുണ്ടായിരുന്ന വിലകൂടിയ വസ്ത്രങ്ങളെല്ലാം അഴിച്ചുമാറ്റി പിതാവിന് തിരികെ നൽകിക്കൊണ്ട് ഫ്രാൻസിസ് പ്രഖ്യാപിച്ചു: "ഇതുവരെ പിയത്രോ ബെർണ്ണാർദോണിയെ ഞാൻ പിതാവെന്നു വിളിച്ചു; എന്നാൽ ഇനിമേൽ സ്വർഗസ്ഥനായ പിതാവ് മാത്രമാണ് എന്റെ പിതാവ്."



> എന്താണ് വിശുദ്ധി എന്നതിനെക്കുറിച്ച് തികച്ചും വ്യത്യസ്തമായ കാഴ്ചപ്പാടാണ് അദ്ദേഹം സഭയ്ക്ക് നൽകിയത്. അനുഷ്ഠാനബദ്ധമാണ് ആത്മീയത എന്ന് അക്കാലത്തുള്ളവർ കരുതിയിരുന്നു. കൂടുതൽ തവണ കുർബാന ചൊല്ലുക, കൂടുതൽ പ്രാർഥനകൾ ഉരുവിടുക എന്നതെല്ലാം വിശുദ്ധി വർധിപ്പിക്കും എന്ന് വിശ്വസിച്ച് ദേവാലയങ്ങളിൽ നിരവധി ബലിപീഠങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്ന കാലം. എന്നാൽ ഫ്രാൻസിസ് ഇതിനെ തിരുത്തി.

മെത്രാൻ തന്റെ മേലങ്കികൊണ്ട് ആ നഗ്നതയെ മറച്ചു. ഈ നഗ്നതയിലാണ് ഫ്രാൻസിസ്കൻ വിപ്ലവം ഔദ്യോഗികമായി പിറവിയെടുക്കുന്നത്. സഭ ആത്മനാ ദരിദ്രമാവണം, ദരിദ്രരോടൊപ്പമാവണം, ദരിദ്രരുടെ കണ്ണിലൂടെ ലോകത്തെ കാണണം എന്ന് അദ്ദേഹം സ്വജീവിതംകൊണ്ട് തെളിയിച്ചു.

### സുവിശേഷത്തിലേക്ക് ഒരു മടക്കയാത്ര

ആദ്യ വെളിപാടുകളോട് ഫ്രാൻസിസ് പ്രതികരിച്ചത് സുവിശേഷങ്ങളിലേക്കും സ്വന്തം അന്തരാളങ്ങളിലേക്കും മടങ്ങിപ്പോയ്ക്കൊണ്ടാണ്. 1209-ൽ തന്റെ പതിനൊന്നു ശിഷ്യന്മാരുമായി ഇന്നസെന്റ് മൂന്നാമൻ മാർപാപ്പയെ കാണാൻ കാൽനടയായി പോയ ഫ്രാൻസിസ് ആവശ്യപ്പെട്ടത് ഒറ്റക്കാര്യമായിരുന്നു: "സുവിശേഷാനുസൃതം ജീവിക്കാൻ അനുവാദം വേണം." നിരാകരണമായിരുന്നു മാർപാപ്പയുടെ ആദ്യ പ്രതികരണമെങ്കിലും, ദൈവപ്രചോദനത്താൽ പാപ്പാ പിന്നീട് വാക്കാൽ അനുവാദം നൽകി.

എന്താണ് വിശുദ്ധി എന്നതിനെക്കുറിച്ച് തികച്ചും വ്യത്യസ്തമായ കാഴ്ചപ്പാടാണ് അദ്ദേഹം സഭയ്ക്ക് നൽകിയത്. അനുഷ്ഠാനബദ്ധമാണ് ആത്മീയത എന്ന് അക്കാലത്തുള്ളവർ കരുതിയിരുന്നു. കൂടുതൽ തവണ കുർബാന ചൊല്ലുക, കൂടുതൽ പ്രാർഥനകൾ ഉരുവിടുക എന്നതെല്ലാം വിശുദ്ധി വർധിപ്പിക്കും എന്ന് വിശ്വസിച്ച് ദേവാലയങ്ങളിൽ നിരവധി ബലിപീഠങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്ന കാലം. എന്നാൽ ഫ്രാൻസിസ് ഇതിനെ തിരുത്തി. ഒരു വൈദികൻ മാത്രം ഒരു ദിവസം ബലിക്ക് നേതൃത്വം നൽകിയാൽ മതിയെന്നും, സഹോദര വൈദികരടക്കമുള്ള മറ്റെല്ലാവരും ബലിയിൽ പങ്കുചേർന്നാൽ മതിയെന്നും അദ്ദേഹം നിർദേശിച്ചു. അധരംകൊണ്ടല്ല, ഹൃദയംകൊണ്ട് പ്രാർഥിക്കാൻ അദ്ദേഹം ശിഷ്യരെ പഠിപ്പിച്ചു.

സ്വന്തം ഉള്ള് നേരെയാക്കാനും അഹന്ത ഇല്ലാതാക്കാനും ഫ്രാൻസിസ് പല ആത്മീയാഭ്യാസങ്ങളും കണ്ടെത്തി. കുഷ്ഠരോഗികളെ കുളിപ്പിക്കുക, ഭിക്ഷയാചിക്കുക, തെരുവിലൂടെ അടിവസ്ത്രം മാത്രം ധരിച്ചു നടന്ന് അപമാനങ്ങൾ ഏറ്റുവാങ്ങുക, ദരിദ്രരോടോ മോഷ്ടാക്കളോടോ വിധിക്കുംവിധം സംസാരിച്ചുപോയാൽ സാഷ്ടാംഗം പ്രണമിച്ച് മാപ്പുചോദിക്കുക! സുഖലോലുപവും ആഡംബര പ്രമത്തവുമായ അക്കാലത്തെ സഭാപരിസരത്തിൽ "ദാരിദ്ര്യമണവാട്ടി"യെ ആത്മനാ വരിക്കുക എന്നതാണ് അദ്ദേഹം ആരംഭമിട്ട വിപ്ലവത്തിന്റെ അടിസ്ഥാനം. പാപ്പായായി തെരഞ്ഞെടുക്കപ്പെട്ട ഹൊർഹേ ബെർഗോളിയോയോട് ബ്രസീലിയൻ കർദിനാൾ ക്ലൗജ്യൂ ഹുമ്മിസ് ചെവിയിൽ മന്ത്രിച്ചതും ഇതുതന്നെയായിരുന്നു: "ദരിദ്രരെ മറക്കരുത്!"

### ചെറിയവനാകുക: കീഴാളത്തത്തിന്റെ സുവിശേഷം

എളിമയാൽ ആരും സ്വയം കബളിപ്പിക്കപ്പെടാതിരിക്കാൻ ഫ്രാൻസിസ് കണ്ടെത്തിയ ഉരകല്ലാണ് "മിനോരിത്താസ്" (Minoritas) അഥവാ 'ചെറിയവനാകുക' (കീഴാളത്തം) എന്ന തത്വം. അധികാരപ്രയോഗങ്ങൾ ഇല്ലാതാക്കുകയും സ്വയം ദാസത്വം വരിക്കുകയും ചെയ്യുക. തന്റെ സഹോദരഗണത്തിന് അദ്ദേഹം നൽകിയ പേരുപോലും 'Order of Friars Minor' (ചെറിയ സഹോദരന്മാരുടെ ഗണം) എന്നാണ്.

തന്റെ ഗണത്തിൽ ഏവരും 'സഹോദരൻ' എന്നുമാത്രമേ വിളിക്കപ്പെടാവൂ എന്നും, ആരും 'സുപ്പീരിയർ' ആകരുത് എന്നും അദ്ദേഹം നിഷ്കർഷിച്ചു. അക്ഷരജ്ഞാനം ഇല്ലാത്തവരും പണ്ഡിതരും ധനികരും ദരിദ്രരും വൈദികരും അവൈദികരും ഒരേ പന്തിയിൽ സഹോദരങ്ങളായി. "ഫ്രത്തെല്ലി തൂത്തി" (ഏവരും സോദരർ) എന്ന് പ്രഖ്യാപിക്കുന്നതിലൂടെ അധികാരബന്ധങ്ങളെ അദ്ദേഹം ഇല്ലാതാക്കി. സഭയ്ക്ക് അദ്ദേഹം നൽകിയ ഏറ്റവും വലിയ വിപ്ലവസന്ദേശമായിരുന്നു അത്.

പുരുഷന്മാരുടെ സന്യാസസമൂഹം, വി. ക്ലാരയുടെ നേതൃത്വത്തിൽ സ്ത്രീകളുടെ സന്യാസസമൂഹം (Poor Clares), അല്മായരുടെ സമർപ്പിതസമൂഹം (Secular Franciscan Order) എന്നിങ്ങനെ മൂന്ന് സമൂഹങ്ങൾ സ്ഥാപിച്ചുകൊണ്ട് അദ്ദേഹം സഭയെന്ന ബൃഹത്തായ സൗധത്തിന്റെ കേടുപാടുകൾ തീർത്തു. താഴെനിന്ന് പണി തുടങ്ങണം, അന്ധർക്കും വികലാംഗർക്കും പതിതർക്കും എളുപ്പത്തിൽ പ്രവേശിക്കാൻ പാകത്തിൽ വാതിലുകൾ വേണം



എന്നതായിരുന്നു അദ്ദേഹത്തിന്റെ ശൈലി.

"ക്രിസ്തു: ദരിദ്രനും വിനീതനും ക്രൂശിതനും - അതാണ് സുവിശേഷം!"

## പാടുന്ന വിശുദ്ധനും പ്രകൃതിയുടെ സ്നേഹിതനും

പ്രകൃതിയെ ഭയപ്പാടോടെ വീക്ഷിച്ചിരുന്ന ഒരു കാലത്ത്, സർവജീവജാലങ്ങളെയും അജീവവസ്തുക്കളെയും സഹോദരീ–സഹോദരന്മാരായി കണ്ട ഫ്രാൻസിസിന്റെ "സൃഷ്ടികീർത്തനം" (Canticle of the Sun / Laudato Si') ലോകപ്രസിദ്ധമാണ്. ദൈവത്തിൽനിന്ന് ഉരുവായതാണ് സർവതും എന്നതിനാൽ പ്രകൃതിയെ നോവിക്കാതെ നടക്കാൻ അദ്ദേഹം പഠിപ്പിച്ചു.

ക്രിസ്തുവിനോടുള്ള ഈ കടുത്ത പ്രണയം 1224-ൽ ലാ വെർണ്ണ (La Verna) മലമുകളിൽ വച്ച് അദ്ദേഹത്തിന്റെ ശരീരത്തിൽ ഈശോയുടെ തിരുമുറിവുകൾ (പഞ്ചക്ഷതങ്ങൾ – Stigmata) പതിയുന്നതിലേക്ക് നയിച്ചു. എങ്കിലും, എപ്പോഴും കരയുന്ന ഒരു വിശുദ്ധനായിരുന്നില്ല ഫ്രാൻസിസ്; പാട്ടുപാടുന്ന, നൃത്തംചെയ്യുന്ന, ദൈവത്തിന്റെ കോമാളിയാകാൻ ശ്രമിച്ച ഒരാൾ! ഒരു കമ്പെടുത്ത് വയലിൻ കണക്കെ തോളിൽ വച്ച് മറ്റൊരു കമ്പുകൊണ്ട് അതിൽ മീട്ടി പാട്ടുപാടിയും, പ്രസംഗിക്കാൻ യാത്രപോകെ ഏതു ദിക്കിലേക്ക് പോകാനാണ് ദൈവേഷ്ടം എന്ന് കണ്ടുപിടിക്കാൻ തെരുവിനുനടുവിൽനിന്ന് വട്ടംചുറ്റി തലകറങ്ങി വീഴുമ്പോൾ മുഖം തിരിഞ്ഞിരിക്കുന്ന വഴിക്ക് യാത്രതിരിച്ചും അദ്ദേഹം വിശുദ്ധിയുടെ ഒരു പുതിയ ആനന്ദസരണി നിർമ്മിച്ചു. സഹോദരങ്ങളോടൊപ്പം തീ കായുമ്പോൾ ഉടുപ്പിൽ തീപിടിച്ചപ്പോൾ പോലും ചിരിച്ചുകൊണ്ട് തുള്ളിച്ചാടുകയായിരുന്നു ആ വിശുദ്ധൻ!

സുവിശേഷാനുസൃതമായി ജീവിക്കുക, ദാരിദ്ര്യം വരിക്കുക, കീഴാളത്തം ഏറ്റെടുക്കുക, പ്രകൃതിയെ സ്നേഹിക്കുക, എപ്പോഴും ആനന്ദത്തോടെ ഇരിക്കുക! എട്ടുശതാബ്ദങ്ങൾക്കപ്പുറം സഭയിൽ ഫ്രാൻസിസ് തുടക്കമിട്ട ഈ നവവിപ്ലവം ഇന്നും പൂർത്തിയായിട്ടില്ല.



## മരണമെന്ന സഹോദരി

ഫ്രാൻസിസ് സ്വർഗത്തിലേക്ക് കടന്നുപോയതിന്റെ 800-ാം വാർഷികം (1226–2026) ആചരിക്കുകയാണ് നാം ഈ ഒക്ടോബറിൽ. മരണത്തെ അദ്ദേഹം 'സഹോദരി' ആയാണ് കണ്ടത്. സ്വർഗകവാടം തുറന്നുതരുന്ന മരണത്തെ ആനന്ദത്തോടെ അദ്ദേഹം വരവേറ്റു. മരണക്കിടക്കയിൽപ്പോലും സഹോദരങ്ങളോട് 'സൂര്യകീർത്തനം' പാടി സംഗീതത്താൽ മുറി നിറക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. 'ഒരു ദൈവമനുഷ്യൻ മരിക്കുമ്പോൾ പാട്ടുപാടുന്നത് കേട്ടാൽ മറ്റുള്ളവർക്ക് ഉതപ്പുണ്ടാകും' എന്നു പറഞ്ഞ സഹോദരൻ ഏലിയാസിനോട് അദ്ദേഹം മറുപടി നൽകി: "ക്ഷമിക്കണം സഹോദരാ, എന്റെ ഹൃദയം ആനന്ദത്താൽ നിറഞ്ഞിരിക്കുന്നു. എനിക്കിപ്പോൾ എങ്ങനെ പാടാതിരിക്കാൻ കഴിയും?"

സുവിശേഷാനുസൃതമായി ജീവിക്കുക, ദാരിദ്ര്യം വരിക്കുക, കീഴാളത്തം ഏറ്റെടുക്കുക, പ്രകൃതിയെ സ്നേഹിക്കുക, എപ്പോഴും ആനന്ദത്തോടെ ഇരിക്കുക! എട്ടുശതാബ്ദങ്ങൾക്കപ്പുറം സഭയിൽ ഫ്രാൻസിസ് തുടക്കമിട്ട ഈ നവവിപ്ലവം ഇന്നും പൂർത്തിയായിട്ടില്ല. കൃത്രിമബുദ്ധി ലോകത്തെ സംവഹിക്കുന്ന വേളയിലും ഏതെല്ലാംതരം പ്രാഞ്ചിപ്പൊടിപ്പുകളാണ് ഭൂമിയിലെമ്പാടും! അതുകൊണ്ടുതന്നെ ഇന്നും പൂർത്തിയാവാത്ത ആ വിപ്ലവത്തിന് ലോകമുള്ളിടത്തോളം കാലം ഒരേയൊരു പേരേയുള്ളൂ: ഫ്രാൻസിസ്!



സമുദായ ശക്തീകരണം




**ഡോ. പയസ് മലേക്കണ്ടത്തിൽ**

*വികാരി ജനറാൾ, കോതമംഗലം രൂപത, ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി മുൻ ചരിത്ര അധ്യാപകൻ*


വിദ്യാലയങ്ങൾക്കും ആശുപത്രികൾക്കുമപ്പുറം, ഇന്ത്യയുടെ അവകാശപ്പോരാട്ടങ്ങളിലും സ്വാതന്ത്ര്യസമരത്തിലും ക്രൈസ്തവർ നൽകിയ വിലപ്പെട്ട സംഭാവനകളുടെ ചരിത്രത്തിലൂടെ...
(രണ്ടാം ഭാഗം)

# പണിതുയർത്തിയവർ പൊരുതിയവർ

## അവകാശപ്പോരാട്ടങ്ങളിലെ ക്രൈസ്തവ സാന്നിധ്യം

ഒരു രാജ്യത്തെ പണിതുയർത്തുന്നത് കെട്ടിടങ്ങളും സ്ഥാപനങ്ങളും മാത്രം കൊണ്ടല്ല. മനുഷ്യർക്ക് വിദ്യാഭ്യാസവും ആരോഗ്യവും സാമ്പത്തിക സ്വയംപര്യാപ്തതയും നൽകുന്നതിലൂടെ ഒരു രാഷ്ട്രത്തിന്റെ സാമൂഹിക അടിത്തറ ശക്തമാകുമെന്ന് കഴിഞ്ഞ ലക്കത്തിൽ നാം കണ്ടു. എന്നാൽ രാജ്യനിർമ്മാണത്തിന് മറ്റൊരു മുഖം കൂടിയുണ്ട് – അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം.

ഒരു മനുഷ്യന് വിദ്യാഭ്യാസം ലഭിക്കുന്നത് ശാക്തീകരണമാണെങ്കിൽ, സ്വന്തം അവകാശങ്ങളെക്കുറിച്ച് ബോധമുള്ള പൗരനായി മാറുന്നതും അത്രതന്നെ പ്രധാനമാണ്. ഒരു സമൂഹത്തിന് സാമ്പത്തിക അടിത്തറ ലഭിക്കുന്നത് വികസനമാണെങ്കിൽ, ആ സമൂഹത്തിന് ഭരണത്തിലും പൊതുജീവിതത്തിലും തുല്യപങ്കാളിത്തം ലഭിക്കുന്നത് ജനാധിപത്യത്തിന്റെ വളർച്ചയാണ്. ഇന്ത്യയിലെ ക്രൈസ്തവരുടെ രാജ്യനിർമ്മാണചരിത്രത്തിൽ പലപ്പോഴും വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒരു വശമാണിത്.

### വൈവിധ്യങ്ങളുടെ ഭാരതം

ഇന്ത്യയിലെ ക്രൈസ്തവ സമൂഹം ഏകശിലാരൂപത്തിലുള്ള ഒന്നല്ല. സെന്റ് തോമസ് ക്രിസ്ത്യാനികൾ, ലത്തീൻ കത്തോലിക്കർ, മലങ്കര കത്തോലിക്കർ, ഓർത്തഡോക്സ് – യാക്കോബായ സഭകൾ,

വിവിധ പ്രൊട്ടസ്റ്റന്റ് സഭകൾ എന്നിങ്ങനെ പല പാരമ്പര്യങ്ങളും ചേർന്നതാണത്. ഈ വൈവിധ്യം ഇന്ത്യയുടെ വിവിധ ഭൂപ്രദേശങ്ങളിലേക്കും വ്യാപിച്ചു.

ബിഹാറിലും ജാർഖണ്ഡിലും ചോട്ടാനാഗ്പൂർ മേഖലയിലെ ആദിവാസി സമൂഹങ്ങൾക്കിടയിൽ ബെൽജിയൻ ജെസ്യൂട്ട് കോൺസ്റ്റന്റ് ലീവൻസിനെപ്പോലുള്ളവർ നടത്തിയ പ്രവർത്തനങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. വിദ്യാഭ്യാസത്തിലൂടെ ആ ജനതയ്ക്ക് അവർ ആത്മാഭിമാനവും മുഖ്യധാരയിലേക്കുള്ള വഴിയും തുറന്നു

കൊടുത്തു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ 1922-ൽ മുതൽ പ്രവർത്തിച്ച ഡോൺ ബോസ്കോ സലേഷ്യൻ സഭ വിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കി. ഇന്ന് നാഗാലാൻഡ്, മിസോറാം, മേഘാലയ തുടങ്ങിയ സംസ്ഥാനങ്ങളിൽ ക്രൈസ്തവസമൂഹം ജനസംഖ്യയിലും വിദ്യാഭ്യാസനിലവാരത്തിലും മുൻനിരയിലാണുള്ളത്.

ബംഗാളിലും മുംബൈയിലും മദ്രാസിലും വ്യാപാരരംഗത്ത് നിറഞ്ഞുനിന്ന അർമേനിയൻ ക്രൈസ്തവരാകട്ടെ മുഗൾ കൊട്ടാരത്തിൽ ന്യായാധിപന്മാരായും വിദേശകാര്യ പ്രതിനിധികളായും വരെ സേവനമനുഷ്ഠിച്ചു. ഗോവയിൽ പോർച്ചുഗീസ് ഭരണത്തിനു കീഴിലും സ്വന്തം സ്വത്വം കാത്തുസൂക്ഷിച്ച കത്തോലിക്കാസമൂഹം പിന്നീട് ഗോവൻ ദേശീയപ്രസ്ഥാനത്തിന്റെ ജ്വാല കൊളുത്തുന്നതിലും വലിയ പങ്കുവഹിച്ചു.



സർദാനയിലെ പള്ളി



ബീഗം സംറു
(ജോവാന്ന നോബിലിസ് സൊംബ്രെ)

## ബീഗം സംറു: ഒരു അപൂർവ്വ ചരിത്രം

ഉത്തരേന്ത്യയിൽ പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ സർദാന നാട്ടുരാജ്യം ഭരിച്ച ബീഗം സംറുവിന്റെ ചരിത്രവും ഈ വൈവിധ്യത്തിന്റെ മറ്റൊരു ശ്രദ്ധേയ അധ്യായമാണ്. ജോവാന്ന നോബിലിസ് സൊംബ്രെ എന്ന പേരിലറിയപ്പെട്ടിരുന്ന ഈ ക്രൈസ്തവ വനിത, മുഗൾ സാമ്രാജ്യം ശിഥിലമായിക്കൊണ്ടിരുന്ന കാലത്ത് അയ്യായിരത്തിലധികം സൈനികരുടെ അധിപയായി അമ്പത്തഞ്ച് വർഷത്തോളം ഭരണസാരഥ്യം വഹിച്ചു.

മുഗൾ ചക്രവർത്തിക്ക് ഏറെ ആശ്രയമായിരുന്ന അവർ പണികഴിപ്പിച്ച സർദാനയിലെ പള്ളി പിന്നീട് ബസിലിക്കയായി ഉയർത്തപ്പെട്ടു. ഇന്ന് അത് ഉത്തരേന്ത്യയിലെ പ്രധാന മരിയൻ തീർത്ഥാടനകേന്ദ്രങ്ങളിലൊന്നാണ്.

## കൂടെ നിൽക്കുന്ന കരുതൽ

മിഷനറി പ്രവർത്തനം മതപ്രചാരണത്തിൽ മാത്രം ഒതുങ്ങാതെ ദുരിതത്തിലായ മനുഷ്യരുടെ കൂടെ നിൽക്കുന്ന സാമൂഹിക ഉത്തരവാദിത്വമായും പല സാഹചര്യങ്ങളിൽ പ്രവർത്തിച്ചിരുന്നുവെന്ന് ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. 1544-ൽ വിജയനഗരസൈന്യത്തിന്റെ ആക്രമണത്തിൽപ്പെട്ട് ദുരിതത്തിലായ പേൾ ഫിഷറി തീരത്തെ പറവ ജനതയ്ക്ക് ഭക്ഷണവും കുടിവെള്ളവും എത്തിച്ച ഫ്രാൻസിസ് സേവ്യറിന്റെ പ്രവർത്തനങ്ങൾ ഇതിന്റെ ആദ്യകാല മാതൃകകളിലൊന്നാണ്. ഇന്നത്തെ ഭാഷയിൽ ഇതിനെ 'social care' എന്നു വിളിക്കാം.

"ഒരു സമൂഹത്തിന്റെ ശക്തി അതിലെ ശക്തരായവരെ മാത്രം നോക്കി അളക്കാനാവില്ല. അതിലെ ഏറ്റവും ദുർബലരായ മനുഷ്യർ എത്ര

മാത്രം സുരക്ഷിതരാണ് എന്നതും അതിന്റെ അളവുകോലാണ്.”

അവർക്ക് അവകാശബോധം നൽകുകയും അനീതിക്കെതിരെ നിലകൊള്ളാനുള്ള ധൈര്യം നൽകുകയും ചെയ്യുമ്പോഴാണ് ശാക്തീകരണം പൂർണമാകുന്നത്. അവിടെയാണ് ചരിത്രത്തിന്റെ മറ്റൊരു വാതിൽ തുറക്കുന്നത്.

> 1544-ൽ വിജയനഗരസൈന്യത്തിന്റെ ആക്രമണത്തിൽപ്പെട്ട് ദുരിതത്തിലായ പേൾ ഫിഷറി തീരത്തെ പറവ ജനതയ്ക്ക് ഭക്ഷണവും കുടിവെള്ളവും എത്തിച്ച ഫ്രാൻസിസ് സേവ്യറിന്റെ പ്രവർത്തനങ്ങൾ ഇതിന്റെ ആദ്യകാല മാതൃകകളിലൊന്നാണ്.



## പ്രതിരോധത്തിന്റെ ആദ്യ ശബ്ദങ്ങൾ

ചില കൊളോണിയൽ ശക്തികൾക്ക് ക്രൈസ്തവ പശ്ചാത്തലം ഉണ്ടായിരുന്നു എന്നതുകൊണ്ട് ഇന്ത്യൻ ക്രൈസ്തവർ അധിനിവേശത്തെ അംഗീകരിച്ചു എന്നു കരുതുന്നത് ചരിത്രത്തോടു ചെയ്യുന്ന വലിയ അനീതിയാണ്.

പോർച്ചുഗീസുകാരുടെ സാംസ്കാരികാധിനിവേശത്തിനെതിരെ 1653-ൽ കൂനൻകുരിശ് സത്യത്തിലൂടെ സെന്റ് തോമസ് ക്രിസ്ത്യാനികൾ നടത്തിയ കൂട്ടായ പ്രതിഷേധം ഇതിന്റെ പ്രകടമായ ഉദാഹരണമാണ്. ഗോവയിലെ ഡോം മത്തേയൂസ് ഡി കാസ്ട്രോയും പോർച്ചുഗീസ് അധികാരത്തിനെതിരെ നിലപാട് സ്വീകരിച്ച ഇന്ത്യൻ ക്രൈസ്തവരിൽ ശ്രദ്ധേയനായിരുന്നു.

എന്നാൽ ഇന്ത്യയിൽ ദേശീയവാദചിന്ത ശക്തമായി രൂപപ്പെടുന്നതിന് വളരെ മുമ്പുതന്നെ ഇന്ത്യൻ ക്രൈസ്തവരുടെ എഴുത്തുകളിൽ അതിന്റെ ചില വിത്തുകൾ കാണാമായിരുന്നു. പാറേമ്മാക്കൽ തോമാ കത്തനാർ അതിന്റെ ശക്തമായ ഉദാഹരണമാണ്. 1785-ൽ എഴുതിയ ‘വർത്തമാനപ്പുസ്തകം’ എന്ന യാത്രാവിവരണത്തിലും ‘ഇന്ത്യ ഇന്ത്യക്കാർക്ക്’ എന്ന കൈയെഴുത്തുപ്രതിയിലും ഇന്ത്യ ഇന്ത്യക്കാരാൽ ഭരിക്കപ്പെടണം എന്ന ആശയം അദ്ദേഹം അവതരിപ്പിച്ചു.

യൂറോപ്യൻ രാജ്യങ്ങൾ സ്വന്തം ദേശക്കാരായ ഭരണാധികാരികളെ അംഗീകരിക്കുമ്പോൾ ഇന്ത്യയ്ക്കു മാത്രം അത് എന്തുകൊണ്ട് അനുവദിക്കപ്പെടുന്നില്ല എന്ന് അദ്ദേഹം ചോദിച്ചു. ഭിന്നിപ്പിച്ചു ഭരിക്കുന്ന കൊളോണിയൽ തന്ത്രത്തെയും അദ്ദേഹം തുറന്നുകാട്ടി. ഒരേ മാംസവും രക്തവുമായ മലബാർ ജനതയെ പല കൂട്ടങ്ങളാക്കി വിഭജിക്കുന്നതിനെ അദ്ദേഹം ശക്തമായി വിമർശിച്ചു.

## പിന്റോ വിപ്ലവം

ദേശീയബോധം ആശയങ്ങളിൽ മാത്രം ഒതുങ്ങിയില്ല. 1787-ൽ ഗോവയിൽ അബെ ഫാരിയയും കൂട്ടരും ചേർന്ന് പോർച്ചുഗീസ് ഭരണത്തിനെതിരെ നടത്തിയ ‘പിന്റോ വിപ്ലവം’ ഇന്ത്യയിലെ ആദ്യകാല സായുധ ദേശീയപ്രസ്ഥാനങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു. ഗൂഢാലോചന വെളിപ്പെട്ടതോടെ പതിനഞ്ചുപേർ വധിക്കപ്പെടുകയും പതിനാലു വൈദികർ യൂറോപ്പിലേക്ക് നാടുകടത്തപ്പെടുകയും ചെയ്തു.

ക്രൈസ്തവനായിരിക്കുക എന്നതും ഇന്ത്യൻ ദേശീയബോധത്തിന്റെ ഭാഗമാകുക എന്നതും പരസ്പരം വിരുദ്ധമായിരുന്നില്ല എന്ന സത്യമാണ് ഇതെല്ലാം നമ്മെ ഓർമ്മിപ്പിക്കുന്നത്.

## അവകാശബോധത്തിലൂടെ ശാക്തീകരണം

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സ്ഥാപകസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് ബംഗാളി ക്രൈസ്തവനായ ഡബ്ല്യു.സി. ബാനർജിയായിരുന്നു. ബംഗാൾ വിഭജനത്തിനെതിരായ ബഹിഷ്കരണ-സ്വദേശി പ്രസ്ഥാനത്തിൽ



> പാറേമ്മാക്കൽ തോമാ കത്തനാർ 1785-ൽ എഴുതിയ ‘വർത്തമാനപ്പുസ്തകം’ എന്ന യാത്രാവിവരണത്തിലും ‘ഇന്ത്യ ഇന്ത്യക്കാർക്ക്’ എന്ന കൈയെഴുത്തുപ്രതിയിലും ഇന്ത്യ ഇന്ത്യക്കാരാൽ ഭരിക്കപ്പെടണം എന്ന ആശയം അദ്ദേഹം അവതരിപ്പിച്ചു.




പൂർണസ്വാതന്ത്ര്യം എന്ന ആശയം ആദ്യമായി മുന്നോട്ടുവച്ച ദേശീയനേതാക്കളിലൊരാളാണ് കത്തോലിക്കാവിശ്വാസിയായ ബ്രഹ്മബാന്ധവ് ഉപാധ്യായ.

മദ്രാസ് ക്രിസ്ത്യൻ കോളേജിൽ പഠിച്ച ജോർജ് ജോസഫ് ഈ ചരിത്രത്തിലെ ശ്രദ്ധേയമായ മറ്റൊരു വ്യക്തിത്വമാണ്. മഹാത്മാഗാന്ധിയുടെ 'യംഗ് ഇന്ത്യ' പത്രത്തിന്റെ പത്രാധിപരായി പ്രവർത്തിച്ച അദ്ദേഹം 1922-ൽ രാജ്യദ്രോഹക്കുറ്റം ചുമത്തി ജയിലിലടയ്ക്കപ്പെട്ടു. ജവഹർലാൽ നെഹ്റുവായിരുന്നു അദ്ദേഹത്തിന്റെ സഹതടവുകാരൻ. 'സ്വരാജ്യം എന്റെ ജന്മാവകാശമാണ്, അതു ഞാൻ നേടും' എന്ന പ്രശസ്തമായ മുദ്രാവാക്യം രൂപപ്പെടുത്തിയത് ജോർജ് ജോസഫാണെന്നും ചരിത്രത്തിൽ രേഖപ്പെടുന്നു. 1924-ലെ വൈക്കം സത്യാഗ്രഹത്തിന് തുടക്കമിട്ടതും അദ്ദേഹമായിരുന്നു.

## സ്വാതന്ത്ര്യത്തിന്റെ ദണ്ഡിപ്പാതയിൽ

ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ കേരളത്തിൽനിന്നുള്ള ഒരു ക്രൈസ്തവ യുവാവിന്റെ കഥ പ്രത്യേകം ഓർക്കേണ്ടതുണ്ട്. ദില്ലിയിലെ പ്രശസ്തമായ 'ഗ്യാരാമൂർത്തി' ശിൽപ്പസമുച്ചയത്തിൽ ഗാന്ധിജിക്കൊപ്പം ദണ്ഡിയാത്രയിൽ പങ്കെടുത്ത പതിനൊന്നു പേരിൽ ഒരാളായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നത് മാരാമണ്ണിൽനിന്നുള്ള ടൈറ്റസ് തേവർതുണ്ടിയിൽ എന്ന യുവാവാണ്.

1930-ലെ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത എഴുപത്തെട്ട് പേരിൽ ഏക ക്രൈസ്തവനായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമർപ്പണത്തിന്റെ ഭാഗമായി, വിവാഹസമയത്ത് ഭാര്യയുടെ സ്വർണ്ണാഭരണങ്ങൾ പോലും സബർമതി ആശ്രമത്തിന് സംഭാവന ചെയ്ത അദ്ദേഹത്തിന്റെ ജീവിതം ത്യാഗത്തിന്റെ അപൂർവ മാതൃകയാണ്.

## ദേശസ്നേഹത്തിന് അതിരുകളില്ല

ക്രൈസ്തവരുടെ രാജ്യനിർമ്മാണത്തെ ഇന്ത്യയിലെ ക്രൈസ്തവരിൽ മാത്രം ഒതുക്കാനാവില്ല. ഇംഗ്ലണ്ടിൽ നിന്ന് ഇന്ത്യയിലെത്തി ഗാന്ധിജിയുടെ ഏറ്റവും അടുത്ത സുഹൃത്തായി മാറിയ സി.എഫ്. ആൻഡ്രൂസ് ഇതിനൊരു ഉദാഹരണമാണ്. 'ദീനബന്ധു' എന്നറിയപ്പെട്ട അദ്ദേഹം ബി.ആർ. അംബേദ്കറുമായി ചേർന്ന് ദളിതരുടെ ആവശ്യങ്ങൾ രൂപപ്പെടുത്തുന്നതിലും സഹായിച്ചു.

ഗോവയിൽ പോർച്ചുഗീസ് ഭരണത്തിനെതിരെ പോരാടിയ ട്രിസ്റ്റാവോ ബ്രഗാൻസ കുൻഹ 'ഗോവൻ ദേശീയതയുടെ പിതാവ്' എന്നറിയപ്പെടുന്നു. മംഗലാപുരത്തുനിന്നുള്ള ജോക്വിം അൽവ 1930-ൽ നാഷണലിസ്റ്റ് ക്രിസ്ത്യൻ പാർട്ടി രൂപീകരിച്ചു. ഇതെല്ലാം നൽകുന്ന സന്ദേശം ഒന്നാണ് – ദേശസ്നേഹത്തിന് മതത്തിന്റെയോ ഭാഷയുടെയോ അതിരുകളില്ല.

## കേരളത്തിലെ പോരാട്ടങ്ങൾ

കേരളത്തിൽ 1891-ലെ മലയാളി മെമ്മോറിയലിലൂടെ ആരംഭിച്ച സാമൂഹികനീതിക്കായുള്ള പോരാട്ടത്തിൽ നിതിരിക്കൽ മാണിക്കത്തനാരും സഹപ്രവർത്തകരും മുൻനിരയിലുണ്ടായിരുന്നു. തുടർന്ന് 1918-ൽ ഈക്വൽ സിവിൽ റൈറ്റ്സ് പ്രസ്ഥാനവും 1930-കളിൽ നിവർത്തന പ്രക്ഷോഭവും ക്രൈസ്തവർ നയിച്ചു.

തിരുവിതാംകൂർ ദിവാൻ സി.പി. രാമസ്വാമി അയ്യരുടെ അടിച്ചമർത്തലിനെതിരെ ആനി മസ്കരേൻ, അക്കാമ്മ ചെറിയാൻ, റോസമ്മ ചെറിയാൻ, എ.ജെ. ജോൺ, ടി.എം. വർഗീസ് തുടങ്ങിയവർ ജയിൽവാസം അനുഭവിക്കുകയും സ്വത്ത് കണ്ടുകെട്ടപ്പെടുകയും ചെയ്തു. പാലയിലെ പള്ളിപ്പറമ്പിൽ മൂന്നു ലക്ഷത്തോളം പേർ പങ്കെടുത്ത ഒരു യോഗം ഈ പ്രക്ഷോഭത്തിന്റെ ജനകീയതയ്ക്ക് വലിയ തെളിവായി മാറി.

"ഒരു സ്കൂൾ മനുഷ്യനെ ഉയർത്തുന്നു. ഒരു ആശുപത്രി

മനുഷ്യനെ നിലനിർത്തുന്നു. ഒരു ബാങ്ക് സാമ്പത്തിക സാധ്യത തുറക്കുന്നു. ഒരു സാമൂഹിക പ്രസ്ഥാനം അവകാശബോധം നൽകുന്നു."

ഇവയെല്ലാം ചേർന്നാണ് രാഷ്ട്രനിർമ്മാണം പൂർത്തിയാകുന്നത്.

### പുതിയ ചോദ്യങ്ങൾ, പുതിയ ഉത്തരവാദിത്വങ്ങൾ

ഇന്ത്യ ഇന്ന് സ്വതന്ത്ര രാജ്യമാണ്. എന്നാൽ രാജ്യനിർമ്മാണം അവസാനിച്ചിട്ടില്ല. ഇന്ന് പുതിയ ചോദ്യങ്ങളാണ് നമ്മുടെ മുന്നിലുള്ളത്. വിദ്യാഭ്യാസം ലഭിക്കാത്ത കുട്ടികൾ ഇപ്പോഴും ഉണ്ടോ? തൊഴിലില്ലാത്ത യുവാക്കൾ ഉണ്ടോ? സ്ത്രീകൾക്ക് തുല്യമായ അവസരങ്ങൾ ലഭിക്കുന്നുണ്ടോ? ഇവയ്ക്കുള്ള ഉത്തരങ്ങൾ തേടുന്നതും രാജ്യനിർമ്മാണമാണ്.

ക്രൈസ്തവ സമൂഹത്തിന് മുന്നിലുള്ള യഥാർഥ ചോദ്യം "നമ്മൾ എത്ര സ്ഥാപനങ്ങൾ സ്ഥാപിച്ചു?" എന്നതല്ല. "നമ്മുടെ സ്ഥാപനങ്ങളിലൂടെ എത്ര മനുഷ്യർ ശാക്തീകരിക്കപ്പെടുന്നു?" എന്നതാണ്. ഒരു സ്കൂളിന്റെ നിലവാരം അവിടെയുള്ള സൗകര്യങ്ങളിലല്ല; അവിടെനിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർഥികളുടെ നിലവാരത്തിലാണ്. ഒരു ആശുപത്രിയുടെ മഹത്വം കിടക്കകളുടെ എണ്ണത്തിലല്ല; അവിടെ ചികിത്സ ലഭിക്കുന്ന ഏറ്റവും ദുർബലനായ രോഗിയുടെ അന്തസ്സിലാണ്.

ഇന്ന് ഒരു കുട്ടിക്ക് വിദ്യാഭ്യാസം നൽകുമ്പോൾ, ഒരു രോഗിക്ക് ചികിത്സ ലഭ്യമാക്കുമ്പോൾ, അനീതിക്കെതിരെ ശബ്ദമുയർത്തുമ്പോൾ നാം ചരിത്രത്തെ ആവർത്തിക്കുകയല്ല; അതിന്റെ ഏറ്റവും നല്ല പാരമ്പര്യം മുന്നോട്ടുകൊണ്ടുപോകുകയാണ്. ബഹുസ്വരതയുടെ ഈ പാഠം ഉൾക്കൊണ്ട്, സ്നേഹത്തിന്റെയും സേവനത്തിന്റെയും ഈ പാരമ്പര്യം അഭിമാനത്തോടെ മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് ഒരുമിച്ച് പ്രതിജ്ഞാബദ്ധരാകാം.

നുറുങ്ങ് ചിന്തകൾ

# സ്വർഗത്തിന്റെ താക്കോലുകൾ



ഫാ. മെൽവിൻ ചിറമേൽ

അലൻസോണിലെ മാർട്ടിൻ കുടുംബത്തിലെ ഒരു പ്രഭാതം. ഉറക്കമുണർന്ന കുഞ്ഞു തെരേസയ്ക്ക് രാവിലെത്തന്നെ ഒരു ഉമ്മ കൊടുക്കാൻ അമ്മ സെലി മാർട്ടിന് വലിയൊരു മോഹം. അമ്മ മുറിയിലെത്തുമ്പോൾ കുസൃതിക്കാരിയായ തെരേസ ഉറക്കം നടിച്ചുകിടപ്പാണ്.

"അമ്മേ, അവൾ ഉറക്കം നടിക്കുകയാ..." മൂത്ത സഹോദരി മരിയ കള്ളത്തരം കൈയോടെ പിടിച്ചു.

ഇതുകേട്ട് സ്നേഹത്തോടെ നെറ്റിയിൽ ചുംബിക്കാൻ കുനിഞ്ഞ അമ്മയെ കാണാത്ത ഭാവത്തിൽ കുസൃതിയോടെ അവൾ പുതപ്പിനടിയിലേക്ക് ഒളിച്ചു. അമ്മയ്ക്ക് അത് അത്ര ഇഷ്ടമായില്ല. തന്റെ അതൃപ്തി അറിയിച്ച് അമ്മ അവിടെനിന്നു മടങ്ങി.

ഏതാനും നിമിഷങ്ങൾ കഴിഞ്ഞില്ല, മുറിയിൽനിന്ന് കൊച്ചുതെരേസയുടെ കരച്ചിൽ കേട്ടു. കുഞ്ഞുമുഖം കണ്ണുനീരിൽ കുതിർന്നിരുന്നു. ഓടിച്ചെന്ന് അമ്മയുടെ കാലിൽ വീണ് അവൾ പറഞ്ഞു: "അമ്മേ, എന്റെ കുസൃതി ക്ഷമിക്കണേ..."



ക്ഷമിക്കാൻ അമ്മയ്ക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. തന്റെ കുഞ്ഞു മാലാഖയെ വാരിപ്പുണർന്ന് ഉമ്മകൾകൊണ്ട് അമ്മ അവളെ മൂടി. ചെറുപുഷ്പം തന്റെ സഹോദരിയായ പൗളിന് അയച്ച കത്തിലാണ് അത്യന്തം ഹൃദ്യമായ ഈ സംഭവം വിവരിക്കുന്നത്. തന്റെ ആത്മകഥയായ 'നവമാലിക'യിലും അവൾ ഈ കത്തിന്റെ വിശദാംശങ്ങൾ ചേർത്തിട്ടുമുണ്ട്.

ഇന്നത്തെ നമ്മുടെ കുടുംബങ്ങളിലേക്ക് ഒന്നു തിരിഞ്ഞുനോക്കൂ. നമ്മൾ എളുപ്പം മറന്നുപോകുന്ന ഒന്നാണ് പ്രിയപ്പെട്ടവർക്ക് നൽകേണ്ട ഇത്തരം സ്നേഹചുംബനങ്ങൾ. സ്മാർട്ട്ഫോണുകളും ഗാഡ്ജറ്റുകളും സമ്മാനമായി നൽകുന്ന തിരക്കിൽ, മക്കൾക്ക് ഒന്നു കെട്ടിപ്പിടിച്ച് ഉമ്മ കൊടുക്കാൻ മാതാപിതാക്കളും, പ്രായമായ മാതാപിതാക്കളെ ചേർത്തുപിടിച്ച് സ്നേഹം പ്രകടിപ്പിക്കാൻ മക്കളും ഇന്ന് മടിക്കുന്നു. ഒരുപക്ഷേ, അതുകൊണ്ടുതന്നെയാവാം അന്ത്യയാത്രകളിലെ ചുംബനങ്ങൾ ഇത്രമേൽ ഹൃദയഭേദകമാകുന്നത്!

കുടുംബജീവിതത്തിൽ നാം പലപ്പോഴും മറന്നുപോകുന്ന രണ്ടാമത്തെ കാര്യം 'സോറി' എന്ന ചെറിയ വാക്കാണ്. തെറ്റുകൾ സംഭവിക്കുമ്പോൾ അത് അംഗീകരിക്കാനും ക്ഷമ ചോദിക്കാനുമുള്ള വലിയ മനസ്സാണ് ഭവനങ്ങളെ സ്വർഗമാക്കുന്നത്.

കൊച്ചുത്രേസ്യയുടെ കുടുംബം സഭയിലെത്തന്നെ വിശുദ്ധ ഭവനമായി മാറിയതിനു പിന്നിൽ, ഹൃദയത്തിൽനിന്നുള്ള ഇത്തരം ഉമ്മകളുടെയും സോറികളുടെയും വലിയൊരു പങ്കുണ്ട്. നമ്മുടെ വീടുകളെയും സ്വർഗമാക്കാൻ, സ്നേഹത്തിന്റെ ഈ 'കുഞ്ഞുവഴികൾ' നമുക്കും ശീലമാക്കാം.

> വിശ്വാസം, കല, സംസ്കാരം എന്നിവയെ ഒരു ക്രൈസ്തവൻ എങ്ങനെ സമീപിക്കണം? കലകളെ ഭയത്തോടെയല്ല, വിവേചനബുദ്ധിയോടെയും ഉത്തരവാദിത്വത്തോടെയുമാണ് നാം നോക്കിക്കാണേണ്ടത്.



ബോബി തോമസ്



# മിശിഹായും സംസ്കാരവും തമ്മിൽ ഒരു മതിൽ വേണ്ട!

മനുഷ്യൻ സംസ്കാരത്തിൽ ജീവിക്കുന്നവനാണ്. ഭാഷ, സംഗീതം, നൃത്തം, സാഹിത്യം, കല, ആചാരങ്ങൾ, ഉത്സവങ്ങൾ – ഇവയെല്ലാം നമ്മുടെ വ്യക്തിത്വത്തെയും ജീവിതവീക്ഷണത്തെയും രൂപപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ ക്രൈസ്തവവിശ്വാസവും സംസ്കാരവും തമ്മിലുള്ള ബന്ധം ഒരിക്കലും ഭയത്തിന്റേതാകരുത്; മറിച്ച്, അത് സംവാദത്തിന്റെയും വിവേചനബുദ്ധിയുടെയും ബന്ധമാകണം.

### സഭയും സാംസ്കാരികാനുരൂപണവും

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയായ 'സഭ ആധുനികലോകത്തിൽ' (Gaudium et Spes) മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയിൽ സംസ്കാരത്തിനുള്ള സ്ഥാനത്തെക്കുറിച്ച് വ്യക്തമായി സംസാരിക്കുന്നുണ്ട്. കലയും സാഹിത്യവും ശാസ്ത്രവും മനുഷ്യനെ സത്യവും നന്മയും സൗന്ദര്യവും അന്വേഷിക്കാൻ സഹായിക്കുന്നു.

ക്രൈസ്തവവിശ്വാസം ഏതെങ്കിലും ഒരു പ്രത്യേക ജനതയുടെയോ ഭാഷയുടെയോ സംസ്കാരത്തിന്റെയോ സ്വകാര്യസ്വത്തല്ല. മിശിഹാ എല്ലാ മനുഷ്യർക്കുമുള്ളവനാണ്. അതുകൊണ്ടുതന്നെ സഭ സ്വയം ഒരു പ്രത്യേക സംസ്കാരത്തിന്റെ ചട്ടക്കൂടിൽ അടച്ചുപൂട്ടുന്നില്ല. വിവിധ സംസ്കാരങ്ങളിലെ നന്മകളെയും മൂല്യങ്ങളെയും കലാപാരമ്പര്യങ്ങളെയും തിരിച്ചറിയുകയും അവയുമായി സംവദിക്കുകയും ചെയ്യുക എന്നതാണ് സഭയുടെ രീതി. വിവിധ ജനതകളുടെ ആചാരങ്ങൾ, പാരമ്പര്യങ്ങൾ, കലകൾ എന്നിവയിൽ സുവിശേഷവുമായി യോജിക്കുന്ന നന്മകളെ നാം തിരിച്ചറിയണം എന്ന് സഭ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇതാണ് സാംസ്കാരികാനുരൂപണത്തിന്റെ (Inculturation) അടിസ്ഥാനം.

### കലയും ആരാധനയും: അതിർവരമ്പുകൾ തിരിച്ചറിയുക

ഇന്ത്യൻ ശാസ്ത്രീയസംഗീതത്തിന്റെയും നൃത്തങ്ങളുടെയും പാരമ്പര്യത്തിൽ ഭക്തിയും ദേവതകളും പുരാണകഥകളും ആത്മീയ ആശയങ്ങളും ആസ്പദമാക്കിയ അനേകം കൃതികളുണ്ട്. ഇവ നമ്മുടെ സാംസ്കാരികചരിത്രത്തിന്റെ ഭാഗമാണ്. ഇവിടെ നാം ഒരു പ്രധാന വ്യത്യാസം മനസ്സിലാക്കേണ്ടതുണ്ട്: ഒരു കലാരൂപത്തിന്റെ മതപശ്ചാത്തലവും അതിന്റെ സാംസ്കാരിക ഉപയോഗവും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

ഒരു സാംസ്കാരിക കലാരൂപം പരിശീലിക്കുന്നതുകൊണ്ടുമാത്രം, അതിനുപിന്നിലുള്ള മതവിശ്വാസം ഒരാൾ സ്വീകരിക്കുന്നു എന്ന് അർഥമില്ല. ഒരു കലാകാരൻ ഒരു മതപരമായ കഥാപാത്രത്തെ അവതരിപ്പിക്കുന്നതുകൊണ്ടുമാത്രം ആ കഥാപാത്രത്തെ ആരാധിക്കുന്നുവെന്ന് പറയാനാവില്ലല്ലോ. അതുകൊണ്ട്, കലാപരമായ അവതരണവും മതപരമായ ആരാധനയും തമ്മിലുള്ള വ്യത്യാസം നാം വ്യക്തമായി തിരിച്ചറിയണം.

### മാതാപിതാക്കളുടെ ശ്രദ്ധയ്ക്ക്

അതേസമയം, "ഇത് വെറും കലമാത്രമാണ്; അതിനാൽ അതിനു മനുഷ്യനിൽ യാതൊരു സ്വാധീനവുമില്ല" എന്ന വാദവും

> ഒരു സാംസ്കാരിക കലാരൂപം പരിശീലിക്കുന്നതു കൊണ്ടുമാത്രം, അതിനുപിന്നിലുള്ള മതവിശ്വാസം ഒരാൾ സ്വീകരിക്കുന്നു എന്ന് അർഥമില്ല. ഒരു കലാകാരൻ ഒരു മതപരമായ കഥാപാത്രത്തെ അവതരിപ്പിക്കുന്നതു കൊണ്ടുമാത്രം ആ കഥാപാത്രത്തെ ആരാധിക്കുന്നുവെന്ന് പറയാനാവില്ലല്ലോ.

പൂർണ്ണമായും ശരിയല്ല. നമ്മൾ ആവർത്തിച്ച് കാണുന്നതും കേൾക്കുന്നതും ചിന്തിക്കുന്നതുമെല്ലാം നമ്മുടെ മനസ്സിനെ സ്വാധീനിക്കും. സംഗീതം വികാരങ്ങളെ സ്പർശിക്കുമ്പോൾ, ദൃശ്യകല ഭാവനയെ സ്വാധീനിക്കുന്നു. നൃത്തം ശരീരത്തിന്റെയും മനസ്സിന്റെയും ഏകോപനത്തിലൂടെ അനുഭവങ്ങളെ കൂടുതൽ ആഴത്തിൽ എത്തിക്കുന്നു.

അതിനാൽ, പ്രത്യേകിച്ച് കുട്ടികളുടെ കാര്യത്തിൽ മാതാപിതാക്കൾ ചോദിക്കേണ്ടത് "ഇത് ഏതു മതത്തിന്റേതാണ്?" എന്നൊരു ചോദ്യം മാത്രമല്ല; "ഇതിന്റെ ഉള്ളടക്കം എന്താണ്, കുട്ടി ഇതിലൂടെ എന്താണ് അനുഭവിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നത്?" എന്നതും കൂടിയാണ്. ഇത്തരം ചോദ്യങ്ങൾ ഭയത്തിൽനിന്നല്ല, മറിച്ച് നമ്മുടെ ഉത്തരവാദിത്വത്തിൽനിന്നാണ് ഉയരേണ്ടത്.

### ആത്മീയ വിവേചനബുദ്ധി: ഭയമല്ല, പക്വതയാണ്

എങ്കിൽ എല്ലാം ചോദ്യംചെയ്യാതെ സ്വീകരിക്കണമെന്നാണോ അർഥം? അല്ല. കത്തോലിക്കാ മതബോധനം പഠിപ്പിക്കുന്നതുപോലെ, ഒരു പ്രവൃത്തിയുടെ ധാർമ്മികത വിലയിരുത്തുമ്പോൾ ആ പ്രവൃത്തിയുടെ സ്വഭാവം, ഉദ്ദേശ്യം, സാഹചര്യങ്ങൾ എന്നിവ നാം പരിഗണിക്കണം. അതുകൊണ്ട് ഒരു ക്രൈസ്തവന് സ്വയം താഴെ പറയുന്ന ചോദ്യങ്ങൾ ചോദിക്കാം:

- ഞാൻ എന്താണ് ചെയ്യുന്നത്? എന്തിനാണ് ചെയ്യുന്നത്?
- അതിലെ ഉള്ളടക്കം എന്താണ്?
- ഇത് കലാപരമായ പങ്കാളിത്തമാണോ, അതോ മതപരമായ ആരാധനയാണോ?





### ഇത് എന്റെ വിശ്വാസത്തോടും മനസ്സാക്ഷിയോടും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

ഇത്തരം ചോദ്യങ്ങളാണ് വിശ്വാസത്തെ ഭയത്തിൽനിന്ന് പക്വതയിലേക്ക് നയിക്കുന്നത്. കത്തോലിക്കാസഭ ദുഷ്ടാരൂപിയുടെ സ്വാധീനത്തിനുള്ള സാധ്യത അംഗീകരിക്കുന്നുണ്ട്. എന്നാൽ എല്ലാ പ്രശ്നങ്ങളെയും മാനസികാസ്വസ്ഥതകളെയും അതിന്റെ സ്വാധീനമായി വ്യാഖ്യാനിക്കുന്നില്ല. സഭ ഇവിടെ വിവേചനവും ജാഗ്രതയുമാണ് ആവശ്യപ്പെടുന്നത്. ആത്മീയവിവേചനബുദ്ധി എന്നത് ഭയത്തിന്റെ മറ്റൊരു പേരല്ല; അത് സത്യത്തെ തിരിച്ചറിയാനുള്ള പക്വതയാണ്.

### വിശ്വാസത്തിൽ വെള്ളം ചേർക്കാതെ സംസ്കാരത്തെ ആദരിക്കാം

മറ്റൊരു മതത്തിന്റെ കലാരൂപത്തെ ബഹുമാനിക്കുന്നത് സ്വന്തം വിശ്വാസത്തിൽ വെള്ളം ചേർക്കലല്ല. ഒരു ക്രൈസ്തവന് ഒരു കലാരൂപത്തിന്റെ സൗന്ദര്യം ആസ്വദിക്കാം; അതിന്റെ ചരിത്രവും സാംസ്കാരികപശ്ചാത്തലവും പഠിക്കാം; ആ കലാഭാഷയിൽ സ്വന്തം ആശയങ്ങൾ പ്രകടിപ്പിക്കാം – അതേസമയം തന്റെ ക്രൈസ്തവവിശ്വാസത്തിൽ ഉറച്ചുനിൽക്കാനും കഴിയും.

മറ്റുള്ളവരുടെ വിശ്വാസത്തെ ബഹുമാനിക്കുക എന്നത് ആ വിശ്വാസം സ്വീകരിക്കുക എന്നല്ല

> സ്വന്തം വിശ്വാസത്തിൽ ഉറച്ചുനിൽക്കുക എന്നത് മറ്റുള്ളവരുടെ സംസ്കാരത്തെ അപമാനിക്കുക എന്നുമല്ല.ഇന്ത്യൻ ക്രൈസ്തവൻ ഇന്ത്യൻ സംസ്കാരത്തിൽനിന്ന് അകന്നു നിൽക്കേണ്ടവനല്ല. ഭരതനാട്യം, മോഹിനിയാട്ടം, കർണ്ണാടകസംഗീതം തുടങ്ങിയവയെല്ലാം ഇന്ത്യയുടെ ദീർഘമായ സാംസ്കാരികയാത്രയുടെ ഭാഗങ്ങളാണ്.

അർഥമാക്കുന്നത്. അതുപോലെ, സ്വന്തം വിശ്വാസത്തിൽ ഉറച്ചുനിൽക്കുക എന്നത് മറ്റുള്ളവരുടെ സംസ്കാരത്തെ അപമാനിക്കുക എന്നുമല്ല. ഇന്ത്യൻ ക്രൈസ്തവൻ ഇന്ത്യൻ സംസ്കാരത്തിൽനിന്ന് അകന്നു നിൽക്കേണ്ടവനല്ല. ഭരതനാട്യം, മോഹിനിയാട്ടം, കർണ്ണാടകസംഗീതം തുടങ്ങിയവയെല്ലാം ഇന്ത്യയുടെ ദീർഘമായ സാംസ്കാരികയാത്രയുടെ ഭാഗങ്ങളാണ്. ചോദ്യം "ഇത് ഏതു സംസ്കാരത്തിന്റേതാണ്?" എന്നതിൽ മാത്രം ഒതുങ്ങരുത്. പകരം, "ഇതിൽ എന്താണ് സത്യം? എന്താണ് എന്റെ വിശ്വാസത്തോട് പൊരുത്തപ്പെടാത്തത്?" എന്ന് അന്വേഷിക്കുന്ന ദൈവശാസ്ത്രവിവേചനബുദ്ധിയിലേക്ക് നാം വളരണം.

ഒരു ഓർമ്മപ്പെടുത്തൽ:

- വിശ്വാസം സംരക്ഷിക്കണം – വിവേകത്തോടെ.
- സംസ്കാരത്തെ സമീപിക്കണം – ആദരവോടെ.
- കല സ്വീകരിക്കണം – ഉത്തരവാദിത്വത്തോടെ.
- മറ്റുള്ളവരുടെ വിശ്വാസത്തെ സമീപിക്കണം – മാനവികതയോടെ.

### പാലം പണിയാം, മതിൽ വേണ്ട

ക്രൈസ്തവദൗത്യം സംസ്കാരത്തിൽനിന്ന് മനുഷ്യനെ വേർതിരിക്കുകയല്ല; മറിച്ച് സംസ്കാരത്തിനുള്ളിലെ സത്യവും നന്മയും സൗന്ദര്യവും തിരിച്ചറിഞ്ഞ് അവയുമായി സംവദിക്കുകയും, സുവിശേഷത്തിന്റെ വെളിച്ചത്തിൽ അവയ്ക്ക് പുതിയ അർഥതലങ്ങൾ നൽകുകയും ചെയ്യുക എന്നതാണ്.

അതെ, മിശിഹായ്ക്കും സംസ്കാരത്തിനും ഇടയിൽ ഒരു മതിൽ വേണ്ട; അവയ്ക്കിടയിൽ ഒരു പാലം പണിയുകയാണ് ക്രൈസ്തവദൗത്യം. ആ പാലത്തിൽവച്ച് നമ്മുടെ വിശ്വാസം നഷ്ടപ്പെടുന്നില്ല, പകരം വിശ്വാസം കൂടുതൽ പക്വമാകുന്നു. സംസ്കാരം കൂടുതൽ സമ്പന്നമാകുന്നു. മനുഷ്യൻ കൂടുതൽ ഉദാത്തനാകുന്നു.



ബോബി ജോസ്
കട്ടിക്കാട്

# കാരുണ്യത്തിന്റെ പാഠശാലകൾ

കരുണയെന്ന മൂലധനത്തിൽനിന്ന് നമ്മുടെ വിദ്യാലയ സങ്കല്പങ്ങളെയൊക്കെ ഒന്ന് ജ്ഞാനസ്നാനപ്പെടുത്തിയാൽ നന്നായിരിക്കും. "അവന് അവരുടെമേൽ കരുണയുണ്ടായി." എന്ന വചനത്തിൽനിന്നാണ് പുതിയൊരു ബോധനരീതി ഉണ്ടായത്

ഖേദങ്ങളില്ലാത്ത മടക്കയാത്ര മനുഷ്യന് അസാധ്യമാണെന്ന് തോന്നുന്നു. ജീവിതസായന്തനങ്ങളിൽ എന്തുമാത്രം ഖേദങ്ങളാവും നിങ്ങളുടെ വാതിലിനുപുറത്ത് കാത്തുനിൽക്കുന്നത്! എല്ലാറ്റിനെയുംകുറിച്ച് പറയാവുന്ന ഒറ്റവാക്കേയുള്ളൂ: 'ഖേദം' - I regret. അതിന്റെ അളവുകൾക്ക് വ്യത്യാസമുണ്ടെന്നേയുള്ളൂ. ആ സായന്തനങ്ങളിലെ വീണ്ടുവിചാരങ്ങളിൽ, നിങ്ങളുടെ തൊഴിലിൽ നിങ്ങൾ എത്രമാത്രം നിക്ഷേപിച്ചിട്ടുണ്ട് എന്ന ചിന്ത തീർച്ചയായും നിങ്ങളെ തേടിയെത്തും.

അത്രമേൽ ഏകാഗ്രതയോടെയോ ശ്രദ്ധയോടെയോ നമ്മൾ ആ പരിസരത്തെ നോക്കിക്കണ്ടിട്ടില്ല എന്നതു തന്നെ അതിനു കാരണം. എങ്കിലും ഒരു അധ്യാപകനോളം ഇത്തരമൊരു ഖേദം അനുഭവിക്കാൻ പോകുന്ന മറ്റൊരു വ്യക്തിയുണ്ടാവില്ല. ഒരു ചെറിയ പാളിച്ചപോലും പിന്നീടൊരു വലിയ ഖേദമായി അയാളെ തേടിയെത്താൻ സാധ്യതയുണ്ട്. കാരണം, എന്തൊരു സാധ്യതയാണ് ഒരു അധ്യാപകന് ലഭിച്ചിരിക്കുന്നത്!

ഏതൊരു തൊഴിലിലുമുണ്ട് ക്ലേശങ്ങൾ. മനുഷ്യർ അടിസ്ഥാനപരമായി ദുഃഖിതരാണ്. ഒരു ഡോക്ടറുടെ കാര്യമെടുക്കൂ. എന്തുമാത്രം കായികക്ലേശമുള്ള, 'പെയിൻ' ഉള്ള മനുഷ്യനാ...!



> എല്ലാത്തരം നിയോഗങ്ങളിലേക്കും ദൈവം മനുഷ്യരെ കണ്ടെത്തുന്നത് അവരുടെ കരുണയുടെ ഒരു മുഹൂർത്തത്തിലാണ്.



അതുപോലെ ഒരു വക്കീൽ... വ്യവഹാരങ്ങളിൽ കുരുങ്ങിപ്പോയ ഒരു മനുഷ്യൻ. നിങ്ങൾ ഒരു സൂപ്പർമാർക്കറ്റിലെ സെയിൽസിൽ നിൽക്കുന്ന വ്യക്തിയാണെങ്കിൽ, നിങ്ങളോട് വിലപേശാൻ വരുന്ന മനുഷ്യരെയാവും പ്രതിദിനം നേരിടേണ്ടിവരിക. ഏതു തൊഴിലിനകത്തും ഇങ്ങനെ ഖേദവും ക്ഷോഭവും ഒക്കെയുള്ളപ്പോൾ, എന്തൊരു പ്രസാദമുള്ള കുഞ്ഞുങ്ങളെയാണ് അധ്യാപകർക്കു കിട്ടിയിരിക്കുന്നത്; കണ്ണിൽപ്പോലും ചിരിയുള്ളവർ!

## രൂപപ്പെടുന്ന തലമുറകൾ

നിങ്ങൾ പറയുന്ന ഓരോ വാക്കിലേക്കും ഇങ്ങനെ ശ്രദ്ധ നൽകിയിരിക്കുന്ന പത്തുനാല്പതു കുഞ്ഞുങ്ങളെ മുമ്പിൽ കിട്ടിയിട്ട് നിങ്ങളവരോട് എന്തുചെയ്തു? അവരെ നിങ്ങൾക്ക് ലഭിച്ചത്, അവരെ മോൾഡ് ചെയ്യാൻ, വ്യക്തിത്വം രൂപപ്പെടുത്തിയെടുക്കാൻ കഴിയുന്ന ഏറ്റവും നല്ല കാലഘട്ടത്തിലാണ്.

എന്തുകൊണ്ടാണ് മനുഷ്യക്കുഞ്ഞുങ്ങൾക്ക് ഇത്ര ദീർഘമായ ശൈശവവും ബാല്യവുമുള്ളതെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ബാക്കിയുള്ള ജീവജാലങ്ങൾക്കെല്ലാം പിറവിയിൽത്തന്നെ അവയുടെ തലച്ചോർ ഏറെക്കുറെ രൂപപ്പെട്ടിരിക്കുന്നു. പിന്നീട് സംഭവിക്കുന്നത് കായികമായ വളർച്ച മാത്രമാണ്.

അതൊരു ആനക്കുട്ടിയാകാം, പട്ടിക്കുട്ടിയാകാം. ഒരു ആട്ടിൻകുട്ടിയാണെങ്കിൽ, നമുക്കറിയാം, ജനിച്ച് എത്ര സെക്കൻഡുകൊണ്ടാണ് അത് ഭക്ഷണം തിരിച്ചറിയുന്നതും അതിന്റെ തൊടിയെ മനസ്സിലാക്കുന്നതുമൊക്കെ.

എന്നാൽ, നിരാലംബമായ ശൈശവം മനുഷ്യനു മാത്രമേയുള്ളൂ. അവന്റെ ബുദ്ധി ഇനിയും വളരേണ്ടതുണ്ട്. ആ വളർച്ച പലതരം ഘടകങ്ങളിലൂടെയാണ് സംഭവിക്കുന്നത്. അതിനെ പരിചരിക്കുക എന്നത് ഒരു ധർമ്മമാണ്. ആ ധർമ്മമാണ് അധ്യാപകരുടേത്.

വാസ്തവത്തിൽ, ഒരു കുട്ടിയുടെ മുഴുവൻ ആയുസ്സും ഇങ്ങനെയൊരു കാലത്തിനകത്താണ് ആധാരമായിരിക്കുന്നത്. കുഞ്ഞുങ്ങളെ ഇത്ര ഭംഗിയായി രൂപപ്പെടുത്താനും അവരുടെ തലച്ചോറിന് പ്രകാശം നൽകാനും കഴിയുന്ന ഒരു കാലത്ത് അവരെ നമ്മുടെ മുമ്പിൽ കിട്ടിയിട്ട് നമ്മൾ എന്തുചെയ്തു? ജീവിതസായന്തനങ്ങളെ വിഷാദഭരിതമാക്കാൻ പോകുന്ന ഒരു ചിന്തയാണത്.

## അധ്യാപനം ഒരു ദൈവവിളിയാകുമ്പോൾ

Teaching എന്ന പ്രൊഫഷന്റെ വൊക്കേഷൻ എന്നു വിളിക്കാൻ ഞാൻ ആഗ്രഹിക്കുന്ന രണ്ട് വാക്കുകളുണ്ട് – അനുകമ്പ, കരുണ. വലിയ അനുകമ്പയാണ് ദൈവവിളിയുടെ അടിസ്ഥാനം.

മോശയെക്കുറിച്ച് നമ്മൾ വായിച്ചുകേട്ടിട്ടുണ്ട്. ആലോചിച്ചു നോക്കിയാൽ അയാളുടെ ജീവിതം വളരെ രസകരമാണ്. നാല്പതുവർഷം കൊട്ടാരത്തിൽ, നാല്പതുവർഷം മരുഭൂമിയിൽ ആടുമേയ്ക്കുന്നു, അടുത്ത നാല്പതുവർഷം വലിയൊരു യാത്ര... ഇങ്ങനെ 120 വർഷങ്ങളായിട്ടാണ് അയാളുടെ ജീവിതം വിഭജിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെയുള്ള അയാളുടെ ജീവിതത്തിലെ രണ്ടാം ഘട്ടത്തിൽ, മരുഭൂമിയിൽ അയാൾ മേയിച്ചുകൊണ്ടിരുന്ന ആടുകളിലൊന്നിനെ കാണാതെപോകുന്നു.

അന്വേഷിച്ചു ചെല്ലുമ്പോൾ, ഒരു താഴ്‌വരയിലെ ജലാശയത്തിൽ ആട് വെള്ളം കുടിക്കുന്നതാണ് അയാൾ കാണുന്നത്. സ്വാഭാവികമായും അയാൾ ചെയ്യേണ്ടത്, വടികൊണ്ട് അതിനെ തല്ലുകയും ശാസിക്കുകയുമാണ്. കാരണം, ആട് ആ തെറ്റ് വീണ്ടും ആവർത്തിക്കരുതല്ലോ! പക്ഷേ, അയാൾക്ക് പെട്ടെന്ന് വലിയ കുറ്റബോധമാണ് തോന്നിയത്.

എന്തുകൊണ്ടാണ് ഈ ആട്ടിൻകുട്ടി ആല വിട്ടുപോയത്? താൻ അതിന്റെ ദാഹം മനസ്സിലാക്കാത്തതുകൊണ്ട്! അങ്ങനെ തെന്നിപ്പോയ, ചിതറിപ്പോയ ഒരു ആട്ടിൻകുട്ടി.

ആ കുറ്റബോധത്തിൽ, നടക്കാൻ പോലും അനുവദിക്കാതെ സാമാന്യം വലുപ്പമുള്ള ആ ആടിനെ തന്റെ തോളിലേക്കെടുത്തുവയ്ക്കുന്നു. അങ്ങനെ മണലിലൂടെ ക്ലേശിച്ച് നടന്നുവരുമ്പോഴാണ് യഹോവ അവനെ വിളിക്കുന്നത്: "മോസസ്, മോസസ്..." എല്ലാത്തരം നിയോഗങ്ങളിലേക്കും ദൈവം മനുഷ്യരെ കണ്ടെത്തുന്നത് അവരുടെ കരുണയുടെ ഒരു മുഹൂർത്തത്തിലാണ്.

## ആരെയാണ് നമ്മൾ ഓർക്കുന്നത്?

പി.ജി. ലെവൽ വരെ എത്തിയ ഒരു കുട്ടിയെ എടുക്കുക. ചുരുങ്ങിയത് 250 അധ്യാപകരെങ്കിലും അവരെ പഠിപ്പിച്ചിട്ടുണ്ടാവും. എന്നിട്ടും അവരുടെ ജീവിതത്തിലെ ഏതെങ്കിലുമൊക്കെ പ്രധാനപ്പെട്ട സംഭവങ്ങൾ – വിവാഹം, പുതിയ സ്ഥാപനം, ഗൃഹപ്രവേശം – നടക്കുമ്പോൾ, അല്ലെങ്കിൽ ഒരു അലുമ്നി മീറ്റിങ് നടക്കുമ്പോൾപ്പോലും, നിങ്ങൾ ആരെയാണ് ക്ഷണിക്കാൻ ആഗ്രഹിക്കുന്നത്?

ആൽബം കണക്കെ ഇത്രയും മുഖങ്ങളെ ഓർമ്മയിൽ സൂക്ഷിക്കാൻ മാത്രം മെമ്മറിയുള്ളവരാണെങ്കിലും, നിങ്ങൾ അവരിൽ ആരെയാണ് വിളിക്കുക? Hand-pick ചെയ്യുന്നത് ആരെയായിരിക്കും? ഏറ്റവും ഭംഗിയായി പഠിപ്പിച്ച അധ്യാപകരെയായിരിക്കും എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഒരിക്കലുമില്ല. ദീർഘമായ ഈ യാത്രയിൽ നിങ്ങൾ കാണാൻ ആഗ്രഹിക്കുന്നത് നിങ്ങളോട് കരുണ കാണിച്ച മനുഷ്യരെയാണ്.

അങ്ങനെയൊരു കഥയുണ്ട്. പണ്ട് ഒരു സ്കൂളിൽ ഒരുമിച്ചുപഠിച്ചവരുടെ ഒത്തുചേരൽ. അതിനിടയിൽ ഒരു ചെറുപ്പക്കാരൻ തന്റെ പഴയ ക്ലാസ് ടീച്ചറോട് പറഞ്ഞു: "സാറേ, സാറായിരുന്നു എന്റെ ക്ലാസ് ടീച്ചർ. എനിക്കിങ്ങനെ ഒരു ദിവസം ഒരു അബദ്ധം പറ്റി. എന്റെ കൂട്ടുകാരന്റെ ഒരു പേന ഞാൻ മോഷ്ടിച്ചു. അവനത് വലിയ പ്രശ്നമാക്കി. ക്ലാസിൽ പരസ്പരം കുറ്റപ്പെടുത്തലുകളും സംശയങ്ങളും ഉയർന്നപ്പോൾ സാർ പറഞ്ഞു: 'എല്ലാവരും നിശ്ശബ്ദരായിരിക്കൂ. ഞാൻ ഇത് വെറുതെ വിടാൻ പോകുന്നില്ല. നിങ്ങളുടെ എല്ലാവരുടെയും ബാഗും പോക്കറ്റും ഞാൻ പരിശോധിക്കാൻ പോകുകയാണ്. പക്ഷേ, നിങ്ങളെല്ലാവരും

ആൽബം കണക്കെ ഇത്രയും മുഖങ്ങളെ ഓർമ്മയിൽ സൂക്ഷിക്കാൻ മാത്രം മെമ്മറിയുള്ളവരാണെങ്കിലും, നിങ്ങൾ അവരിൽ ആരെയാണ് വിളിക്കുക? Hand-pick ചെയ്യുന്നത് ആരെയായിരിക്കും? ഏറ്റവും ഭംഗിയായി പഠിപ്പിച്ച അധ്യാപകരെയായിരിക്കും എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഒരിക്കലുമില്ല. ദീർഘമായ ഈ യാത്രയിൽ നിങ്ങൾ കാണാൻ ആഗ്രഹിക്കുന്നത് നിങ്ങളോട് കരുണ കാണിച്ച മനുഷ്യരെയാണ്.

കണ്ണുംപൂട്ടി നിൽക്കണം.' അന്ന് അങ്ങനെ കണ്ണുംപൂട്ടി എല്ലാവരും നിന്നതുകൊണ്ടാണ് സാർ, എന്നെ ആരും ഇതുവരെയും കള്ളൻ എന്നു വിളിക്കാത്തത്."

ആ കഥ കേട്ട സാർ അവനെ ചേർത്തുപിടിച്ചുകൊണ്ട് ചോദിച്ചു: "ഓ, അതു നീയായിരുന്നോ? ഞാനോർക്കുന്നില്ല. കാരണം, അന്ന് നിങ്ങളോട് കണ്ണുംപൂട്ടി നിൽക്കാൻ പറഞ്ഞ ഞാൻ, ആദ്യം ചെയ്തത് എന്റെ കണ്ണുകൾ പൂട്ടുകയായിരുന്നു. അതിനുശേഷമാണ് ഒരു അന്ധനെപ്പോലെ ഞാൻ നിങ്ങളുടെ പോക്കറ്റും ബാഗുമൊക്കെ പരതിയത്." എത്ര പെട്ടെന്നാണ് സ്വയംവരിച്ച അന്ധതയിലൂടെ ഒരു അധ്യാപകൻ കരുണയുടെ അവസാനവാക്കായി മാറിയത്!

## കരുണയുടെ വിദ്യാലയം

കാരുണ്യമാണ് അടിസ്ഥാനമൂല്യം. ഈ കാരുണ്യത്തിലേക്കാണ് എല്ലാ ഗുരുക്കന്മാരും നമ്മെ കൂട്ടിക്കൊണ്ടുപോകാൻ ആഗ്രഹിക്കുന്നത്. ബുദ്ധാശ്രമങ്ങളെക്കുറിച്ച് ഇങ്ങനെയൊരു സങ്കല്പമുണ്ട്. ഏതെങ്കിലുമൊക്കെ വെളിച്ചം തേടി അവരുടെ ആശ്രമങ്ങൾ സന്ദർശിക്കുമ്പോൾ അവർ നമ്മെ ഇത്തിരി കുഴപ്പിക്കും. വലിയ പണ്ഡിതനാണെന്ന മട്ടിലിരിക്കുന്ന നമ്മളോട് അവർ ചോദിക്കും:



"ചെറിയൊരു ചോദ്യം ചോദിക്കട്ടെ, നീ ഈ മുറിയിലേക്ക് കയറുമ്പോൾ ചെരിപ്പ് അഴിച്ചുവച്ചത് മുറിയുടെ ഇടത്തോ വലത്തോ?"

വളരെ സ്വാഭാവികമായി ചെയ്യുന്ന കാര്യമായതുകൊണ്ട് നമ്മൾ അത് നമ്മുടെ മെമ്മറിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടാവില്ല. നമ്മൾ ഇങ്ങനെ പരുങ്ങുമ്പോൾ അവർ പറയും: "ഊരിയിട്ട ചെരിപ്പ് എവിടെയാണെന്നുപോലും mindful അല്ലാത്ത നീ, അതിലും വലിയ കാര്യങ്ങളെക്കുറിച്ച് എന്തിനാണ് തലപുകയ്ക്കുന്നത്?"

കരുണയെന്ന മൂലധനത്തിൽനിന്ന് നമ്മുടെ വിദ്യാലയ സങ്കല്പങ്ങളെയൊക്കെ ഒന്ന് ജ്ഞാനസ്നാനപ്പെടുത്തിയാൽ നന്നായിരിക്കും. "അവന് അവരുടെമേൽ കരുണയുണ്ടായി." എന്ന വചനത്തിൽനിന്നാണ് പുതിയൊരു ബോധനരീതി ഉണ്ടായത് – അനുയാത്ര. നിരന്തരം അവരെ പിന്തുടരുക. ഓരോ പ്രതിസന്ധിയും അഭിമുഖീകരിക്കാൻ അവരെ പ്രേരിപ്പിക്കുക. ഓരോ പുതിയ കാഴ്ചയ്ക്കുവേണ്ടിയും ഇങ്ങനെ തുഴഞ്ഞുപോകാൻ അവരെ സഹായിക്കുക.

പുതിയ കാലത്ത് 'വൈകാരിക ബുദ്ധി' എന്നു പറയുന്നതും ഇതുതന്നെയാണ്. എന്തുമാത്രം ഇൻക്ലൂസിവ് ആകാൻ നമുക്ക് കഴിയുന്നു എന്നത്. ഭാവനയെ ഭംഗിയാക്കാൻ വേണ്ടിയുള്ളതാണ് വിദ്യാഭ്യാസം. ഓരോ കാര്യവും

ഒരു കുഞ്ഞിന്റെ ജീവിതത്തിലേക്ക് കടന്നുചെല്ലാനും, അവന്റെ ദാഹം തിരിച്ചറിയാനും, അവൻ വഴിതെറ്റിപ്പോകുമ്പോൾ ശാസിക്കുന്നതിനുമുമ്പ് എന്തുകൊണ്ടാണ് അവൻ അകന്നുപോയതെന്ന് അന്വേഷിക്കാനും, ആവശ്യമെങ്കിൽ അവനെ തോളിലേറ്റി തിരികെ കൊണ്ടുവരാനും കഴിയുന്ന അദ്ഭുതകരമായ അവസരം.



പഠിക്കുന്നത് എന്തിനുവേണ്ടിയാണ്? അവനവന്റെ ജീവിതത്തെ അലങ്കരിക്കാൻവേണ്ടി. പത്തോ ഇരുപതോ രൂപ കൊടുത്തു വാങ്ങുന്ന ചൈനാ പേപ്പർകൊണ്ട് മുറ്റത്തെ പ്ലാവിനെയോ തെങ്ങിനെയോ ക്രിസ്മസ് ട്രീ ആക്കാൻ കഴിയുന്നതുപോലെ, ജീവിതത്തെ കുറെക്കൂടി ഭംഗിയായി അലങ്കരിക്കാൻ വിദ്യാഭ്യാസത്തിന് കഴിയണം.

അതിനുള്ള അവസരമാണ് ഒരു അധ്യാപകന് ലഭിച്ചിരിക്കുന്നത്. ഒരു കുഞ്ഞിന്റെ ജീവിതത്തിലേക്ക് കടന്നുചെല്ലാനും, അവന്റെ ദാഹം തിരിച്ചറിയാനും, അവൻ വഴിതെറ്റിപ്പോകുമ്പോൾ ശാസിക്കുന്നതിനുമുമ്പ് എന്തുകൊണ്ടാണ് അവൻ അകന്നുപോയതെന്ന് അന്വേഷിക്കാനും, ആവശ്യമെങ്കിൽ അവനെ തോളിലേറ്റി തിരികെ കൊണ്ടുവരാനും കഴിയുന്ന അദ്ഭുതകരമായ അവസരം. അതുകൊണ്ടുതന്നെ അധ്യാപനത്തിന്റെ ഏറ്റവും വലിയ പാഠം അറിവല്ല. കരുണയാണ്.

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



സിയാൻ ബാസ്റ്റിൻ ന്രാമ്പിക്കൽ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ആരോൺ റോജി കരിമറ്റം

പ്രായമായവർക്ക് ഗ്രേയ്സ്ഫുൾ ധ്യാനം
(60വയസ്സിനു മുകളിലുള്ളവർക്ക് താമസിച്ചുള്ളത്)
കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ
2026 നവംബർ 8,9,10,11
മുൻകൂട്ടി ബുക്ക് ചെയ്യുക
ധ്യാനം ബുക്ക് ചെയ്യാൻ വിളിക്കുക
ഫോൺ – 8086399023, 9495107045

# GOD OF SMALL THINGS



ആൻസ് ജോസഫ്



ക്രിസ്തുവിന്റെ മനുഷ്യജീവിതത്തെ വളരെ അടുത്ത് അനുഭവിപ്പിക്കുന്ന ദൃശ്യാവിഷ്കാരമാണ് 'ദ ചോസൻ' (The Chosen). കച്ചയും പരിമളദ്രവ്യങ്ങളും കല്ലറയും കണ്ണീരും സൗഹൃദങ്ങളും സാധാരണ മനുഷ്യബന്ധങ്ങളും ഉൾപ്പെടെ യേശുവിന്റെ മനുഷ്യജീവിതത്തിന്റെ പല തലങ്ങളിലേക്കും അത് നമ്മെ കൊണ്ടുപോകുന്നു. അതിൽ ചിന്തിപ്പിക്കുന്ന ഒരു ചോദ്യമുണ്ട്: "നിങ്ങൾ ആഗ്രഹിക്കുന്ന വലിയ അദ്ഭുതങ്ങളും അടയാളങ്ങളും ഞാൻ ഇവിടെ ചെയ്തില്ലെങ്കിലും, നീ എന്നിൽ വിശ്വസിക്കുമോ?"

നക്ഷത്രങ്ങളും ഗാലക്സികളും നിറഞ്ഞ അനന്തമായ ഈ പ്രപഞ്ചത്തിന്റെ വിശാലതയോട് താരതമ്യപ്പെടുത്തുമ്പോൾ മനുഷ്യന്റെ ഇടം എത്ര ചെറുതാണ്! ഈ വിശാലതയിൽ നമ്മുടെ ജീവിതം ഒരു ചെറിയ പൊട്ടുപോലെ മാത്രം. എങ്കിലും, ഈ അനന്തതയ്ക്കുള്ളിൽ ഓരോ മനുഷ്യനും ഒരു ചെറിയ ഇടമുണ്ട് എന്നത് ഏറെ മനോഹരമായ ഒരു സത്യമാണ്. ഒരാൾക്കായി മറ്റൊരാൾ കാത്തിരിക്കുന്ന ഒരു വീട്, സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും കഴിയുന്ന ഒരു കുടുംബം, പ്രാർഥിക്കാനും ദൈവത്തെ അന്വേഷിക്കാനും കഴിയുന്ന ഒരു ഹൃദയം. വലിയ കാര്യങ്ങളോടാണ് നാം വല്ലാതെ ആകൃഷ്ടരാകുന്നത്. എന്നാൽ, ജീവിതത്തെ യഥാർഥത്തിൽ മനോഹരമാക്കുന്ന പലതും അളക്കാനാവാത്തത്ര ചെറുതാണ്.

## ചെറിയതിന്റെ വലിയ സാധ്യത

'ബട്ടർഫ്ലൈ ഇഫക്റ്റ്' എന്ന ആശയം പലർക്കും പരിചിതമാണ്. ഒരു ചെറിയ ചലനം പോലും പിന്നീട് വലിയൊരു മാറ്റത്തിന് കാരണമാകാമെന്ന ആശയം. ഒരു പൂമ്പാറ്റയുടെ ചിറകടിപോലെ, നമ്മുടെ ജീവിതത്തിലെ വളരെ ചെറിയ പ്രവൃത്തികൾക്കും പ്രതീക്ഷിക്കാത്ത പ്രതിഫലനങ്ങൾ ഉണ്ടാകാം. ഒരു കുട്ടിയോട് പറഞ്ഞ സ്നേഹമുള്ള ഒരു വാക്കിന്റെ സ്വാധീനം അവരുടെ ജീവിതത്തെ മാറ്റിമറിക്കാം. ഒരു വിഷമഘട്ടത്തിൽ കിട്ടിയ കാരുണ്യം ജീവിതത്തെ മുഴുവൻ വീണ്ടെടുക്കാൻ ബലം നൽകിയേക്കാം. ഒരു ചെറിയ ക്ഷമാപണം ഒരു ബന്ധത്തെ തകർന്നുപോകുന്നതിൽനിന്ന് രക്ഷിച്ചേക്കാം. ഒരു ചെറിയ പ്രാർഥനയുടെ പോലും ഫലം വലുതാണ്.

ജീവിതത്തിന്റെ കൈപ്പും മധുരവും വീര്യവുമെല്ലാം ഒരുപോലെ അനുഭവിച്ചറിഞ്ഞ്, ലളിതമായി ജീവിച്ചതുകൊണ്ടാകാം, കർത്താവ് വിശ്വാസത്തെ കടുകുമണിയോട് ഉപമിച്ചത്. വളരെ ചെറുതായ ഒന്നിൽപോലും വലിയ ശക്തി ഒളിഞ്ഞിരിക്കാമെന്ന് അവിടുന്ന് പഠിപ്പിച്ചു. ഒരു ചെറിയ അപ്പത്തിന്റെ രൂപത്തിൽ തന്നെത്തന്നെ നമുക്കു നൽകുന്ന കർത്താവിന്റെ സ്നേഹത്തിലും ഈ രഹസ്യം കാണാം.



## വലിയ അദ്ഭുതങ്ങൾക്കപ്പുറം

ക്രിസ്തുവിന്റെ മനുഷ്യജീവിതത്തെ വളരെ അടുത്ത് അനുഭവിപ്പിക്കുന്ന ദൃശ്യാവിഷ്കാരമാണ് 'ദ ചോസൻ' (The Chosen). കച്ചയും പരിമളദ്രവ്യങ്ങളും കല്ലറയും കണ്ണീരും സൗഹൃദങ്ങളും സാധാരണ മനുഷ്യബന്ധങ്ങളും ഉൾപ്പെടെ യേശുവിന്റെ മനുഷ്യജീവിതത്തിന്റെ പല തലങ്ങളിലേക്കും അത് നമ്മെ കൊണ്ടുപോകുന്നു. അതിൽ ചിന്തിപ്പിക്കുന്ന ഒരു ചോദ്യമുണ്ട്: "നിങ്ങൾ ആഗ്രഹിക്കുന്ന വലിയ അദ്ഭുതങ്ങളും അടയാളങ്ങളും ഞാൻ ഇവിടെ ചെയ്തില്ലെങ്കിലും, നീ എന്നിൽ വിശ്വസിക്കുമോ?"

ചിലപ്പോൾ നമ്മുടെ ആത്മീയത പോലും വലിയ കാര്യങ്ങളെ ചുറ്റിപ്പറ്റിയാകുന്നു. അസാധാരണമായ അനുഗ്രഹങ്ങൾ, അദ്ഭുതങ്ങൾ, വലിയ വിജയങ്ങൾ, പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം—ഇവ ലഭിക്കുമ്പോഴാണ് ദൈവം നമ്മോടൊപ്പമുണ്ടെന്ന് നാം കരുതുന്നത്. എന്നാൽ, ദൈവം നമ്മുടെ ജീവിതത്തിലെ സാധാരണ നിമിഷങ്ങളിലും ഉണ്ടാകാമല്ലോ? രോഗിയായ ഒരാളെ പരിചരിക്കുന്നതിൽ, കുഞ്ഞിന്റെ കരച്ചിൽ ക്ഷമയോടെ കേൾക്കുന്നതിൽ, ഭർത്താവിന്റെയോ ഭാര്യയുടെയോ ക്ഷീണം മനസ്സിലാക്കുന്നതിൽ, മാതാപിതാക്കളുടെ വാക്കുകൾക്ക് സമയം നൽകുന്നതിൽ, കുറച്ച് നിമിഷം നിശ്ശബ്ദമായി പ്രാർഥിക്കുന്നതിൽ—ദൈവത്തിന്റെ സാന്നിധ്യം കണ്ടെത്താനാകില്ലേ?

## കൊച്ചുത്രേസ്യയുടെ ചെറിയ വഴി

വെറും 24 വർഷം മാത്രം നീണ്ടുനിന്ന ജീവിതം. അതിൽ ഭൂരിഭാഗവും ഏകാന്ത സന്യാസജീവിതത്തിന്റെ നിശ്ശബ്ദതയിൽ. വലിയ പ്രസംഗങ്ങളോ ലോകം കീഴടക്കുന്ന പ്രവർത്തനങ്ങളോ അവളുടെ ജീവിതത്തിന്റെ ഭാഗമായിരുന്നില്ല. എന്നാൽ ചെറിയ പ്രാർഥനകൾ, ചെറിയ സഹായങ്ങൾ, ചെറിയ ത്യാഗങ്ങൾ, സഹനങ്ങൾ, സ്നേഹത്തിന്റെ ചെറിയ പ്രവൃത്തികൾ – ഇവയിലൂടെ അവൾ ദൈവസ്നേഹത്തിലേക്കുള്ള ഒരു വഴി ലോകത്തിന് കാണിച്ചു തന്നു. 'ദ ലിറ്റിൽ വേ' (The Little Way) – ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യുക.

> കൊച്ചുത്രേസ്യയുടെ മാതാപിതാക്കളായ ലൂയി മാർട്ടിനും സെലീനും അസാധാരണമായ ജീവിതം നയിച്ചവരായിരുന്നില്ല. സ്വന്തം രോഗാവസ്ഥയിലും മക്കളുടെ മരണത്തിലും ധൈര്യം പുലർത്തിയ സെലീനും, സ്വാഭാവികമായ കാർക്കശ്യത്തെ ആർദ്രതയും സഹാനുഭൂതിയുംകൊണ്ട് മൃദുവാക്കിയ ലൂയി മാർട്ടിനും ചേർന്ന് നെയ്തെടുത്തത് വലിയ പ്രദർശനങ്ങളില്ലാത്ത ഒരു കുടുംബജീവിതമായിരുന്നു.

ലോകത്തെ മാറ്റിമറിക്കുന്ന വലിയ കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിയണമെന്നില്ല. എന്നാൽ, തന്റെ മുന്നിലുള്ള ഒരാളെ സ്നേഹിക്കാൻ നമുക്ക് കഴിയും. വലിയ ത്യാഗങ്ങൾ ചെയ്യാൻ കഴിയണമെന്നില്ല. എന്നാൽ, ചെറിയ അസൗകര്യങ്ങൾ സ്നേഹത്തോടെ സ്വീകരിക്കാൻ കഴിയും. ലോകം മുഴുവൻ മാറ്റാൻ കഴിയണമെന്നില്ല. എന്നാൽ, സ്വന്തം വീട്ടിലെ അന്തരീക്ഷം കുറച്ചുകൂടി സ്നേഹപൂർണ്ണമാക്കാൻ കഴിയും.

## കുടുംബം വിശുദ്ധിയുടെ ആദ്യപാഠശാല

ഒരു വിശുദ്ധൻ അല്ലെങ്കിൽ വിശുദ്ധ ജനിക്കുന്നത് എവിടെയാണ്? എപ്പോഴും കുടുംബത്തിൽനിന്നുതന്നെയാണ്. 'നവമാലിക'യുടെ മുഖവുരയിൽ പറയുന്ന ഒരു വാക്യം ഇവിടെ ഓർമ്മിക്കാം: "ഓരോ മനുഷ്യന്റെയും ജീവിതം ആരംഭിക്കുന്നതിനു മുമ്പുള്ള നിശ്ശബ്ദ സംവിധാനങ്ങൾ പോലെ അഗ്രാഹ്യമായ രഹസ്യം മറ്റൊന്നുമില്ല; പന്ത്രണ്ടു വയസ്സിനു മുമ്പ് എല്ലാ മുന്നൊരുക്കങ്ങളും പൂർത്തിയായിരിക്കും." അനുഭവങ്ങളും മുറിവുകളും സന്തോഷങ്ങളും പാളിച്ചകളും കാഴ്ചപ്പാടുകളും ചേർന്നാണ് ഒരാളുടെ ജീവിതം

രൂപപ്പെടുന്നത്. അതിന്റെ വേരുകൾ പലപ്പോഴും കുടുംബത്തിന്റെ മണ്ണിലാണ്.

കൊച്ചുത്രേസ്യയുടെ കുടുംബം അതിന് മനോഹരമായ ഒരു ഉദാഹരണമാണ്. കൊച്ചുത്രേസ്യയുടെ മാതാപിതാക്കളായ ലൂയി മാർട്ടിനും സെലീനും അസാധാരണമായ ജീവിതം നയിച്ചവരായിരുന്നില്ല. സ്വന്തം രോഗാവസ്ഥയിലും മക്കളുടെ മരണത്തിലും ധൈര്യം പുലർത്തിയ സെലീനും, സ്വാഭാവികമായ കാർക്കശ്യത്തെ ആർദ്രതയും സഹാനുഭൂതിയും കൊണ്ട് മൃദുവാക്കിയ ലൂയി മാർട്ടിനും ചേർന്ന് നെയ്തെടുത്തത് വലിയ പ്രദർശനങ്ങളില്ലാത്ത ഒരു കുടുംബജീവിതമായിരുന്നു. വിലാപസ്വരം മുഴങ്ങിയ കുടുംബാന്തരീക്ഷത്തിലും അവരുടെ സ്നേഹബന്ധത്തിന് ഇളക്കം തട്ടിയില്ല.

സായാഹ്നങ്ങളിൽ കളികളും കവിതകളും കളിപ്പാട്ടങ്ങളും നിറഞ്ഞിരുന്ന വീട്. അനുദിന ദിവ്യബലി, പ്രാർഥന, നോമ്പ്, കുടുംബബന്ധങ്ങൾ, പരസ്പര സ്നേഹം – ജീവിതത്തിന്റെ സാധാരണ കാര്യങ്ങൾക്കിടയിലായിരുന്നു അവരുടെ വിശുദ്ധിയുടെ വിത്തുകൾ. “കേവലമായ മാമൂൽ സമ്പ്രദായങ്ങളെ അവർ പരിഗണിച്ചിരുന്നില്ല; തന്നിമിത്തം അന്ധവിശ്വാസങ്ങൾക്കൊന്നും ആ ഭവനത്തിൽ സ്ഥാനമില്ലായിരുന്നു” എന്ന് ‘നവമാലിക’യുടെ മുഖവുര ഓർമ്മിപ്പിക്കുന്നു. ഒരു വിശുദ്ധ ജീവിതം രൂപപ്പെട്ടത് അസാധാരണമായ ഒരു ലോകത്തല്ല; സാധാരണ ജീവിതത്തിന്റെ മണ്ണിലാണ്.

## നമ്മുടെ കുടുംബത്തിന്റെ Little Way

കൊച്ചുത്രേസ്യയുടെ ഈ ‘ചെറിയ വഴി’ ഒരു വിശുദ്ധയുടെയോ സമർപ്പിതയുടെയോ മാത്രമായി അവശേഷിക്കേണ്ടതല്ല. നമ്മുടെ വീട്ടിലെ ചില പ്രാർഥനാശീലങ്ങൾ – ഒരുമിച്ച് ഭക്ഷണം കഴിക്കുക, ദൈവത്തിനു നന്ദി പറയുക, രാത്രിയിൽ ഉറങ്ങുന്നതിന് മുമ്പുള്ള ചെറിയ പ്രാർഥന. ചെറിയ ത്യാഗം ചെയ്യുന്നതായിരിക്കാം - സ്വന്തം ഇഷ്ടം മാറ്റിവച്ച് മറ്റൊരാൾക്ക് മുൻഗണന നൽകുക, ക്ഷീണിച്ചിരിക്കുന്ന ഒരാളുടെ ജോലി ഏറ്റെടുക്കുക. ചെറിയ സ്നേഹപ്രവൃത്തികളിലാകാം - ഒന്ന് പുഞ്ചിരിക്കുക, ഒന്ന് കേൾക്കുക, ആശ്വസിപ്പിക്കുക, കുറ്റപ്പെടുത്താതെ ചേർത്തുനിർത്തുക, വേദനിപ്പിക്കാതെ തിരുത്തുക, കണ്ണീരൊപ്പുക, ഒരു ആർദ്രമായ ആലിംഗനം നൽകുക.

“നിനക്ക് എങ്ങനെയുണ്ട്? ഓക്കേയാണോ?” എന്ന് ആത്മാർഥമായി ചോദിക്കുക. “സോറി, എനിക്ക് തെറ്റിപ്പോയി” എന്ന് സമ്മതിക്കുക. “സാരമില്ല, പോട്ടെ” എന്ന് പറയുക. ഇവ ചെറിയ കാര്യങ്ങളാണ്. പക്ഷേ, ഒരു കുടുംബത്തെ ചേർത്തുനിർത്തുന്നത് ഇതൊക്കെയാണ്.





ജീവിതത്തെ അതിന്റെ സ്വാഭാവികതയിൽ സ്വീകരിക്കാനാണ് ക്രിസ്തു നമ്മെ പഠിപ്പിച്ചത്. വിശുദ്ധി എന്നത് ജീവിതത്തിന്റെ യാഥാർഥ്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിലല്ല; അത് ജീവിതത്തെ അതിന്റെ മുഴുവൻ യാഥാർഥ്യത്തോടും സ്വീകരിക്കുന്നതിലാണ്.

## വലിയ ആഘോഷങ്ങൾക്കിടയിലെ ചെറിയ സ്നേഹം

ഇന്ന് സ്നേഹത്തിന്റെ അളവുകോലുകൾ വളരെ വലുതാണ്. ആർഭാടമായ വിവാഹങ്ങൾ, വലിയ വാർഷികാഘോഷങ്ങൾ, വിലകൂടിയ സമ്മാനങ്ങൾ – ഇവയൊന്നും തെറ്റല്ല. സ്നേഹം ആഘോഷിക്കുന്നതിൽ തെറ്റില്ല. പക്ഷേ, ആഘോഷത്തിന്റെ വലുപ്പം സ്നേഹത്തിന്റെ ആഴത്തിന്റെ അളവുകോലാകുമ്പോഴാണ് പ്രശ്നം. വർഷത്തിലൊരിക്കൽ നടത്തുന്ന മനോഹരമായ ആഘോഷത്തെക്കാൾ, ആവർത്തിച്ചു നൽകുന്ന ചെറിയ കരുതലുകൾക്കായിരിക്കും ബന്ധങ്ങൾ നിലനിർത്താൻ കഴിയുക.

ചിലപ്പോൾ ആത്മീയ ജീവിതത്തിലും ഇതുതന്നെ സംഭവിക്കാം. എന്നാൽ, ക്രിസ്തുവിന്റെ ജീവിതത്തിലേക്ക് നോക്കുമ്പോൾ മറ്റൊരു ചിത്രം കാണാം. അവിടുന്ന് മനുഷ്യനായി കാലിത്തൊഴുത്തിൽ നിസ്സാരനായി പിറന്നു. ഒരു സാധാരണ കുടുംബത്തിൽ വളർന്നു. ജീവിതത്തിന്റെ ഘട്ടങ്ങളിലൂടെ എല്ലാവരെയുംപോലെ കടന്നുപോയി – വിശന്നു, ക്ഷീണിച്ചു, കരഞ്ഞു, സുഹൃത്തുക്കളെ സ്നേഹിച്ചു, നിരസിക്കപ്പെട്ടു, വേദനിച്ചു, ഒറ്റപ്പെട്ടു, കുറ്റപ്പെടുത്തലുകൾ നേരിട്ടു, ഒടുവിൽ കുരിശും മരണവും സ്വീകരിച്ചു. ജീവിതത്തിലെ വേദനകളിൽ നിന്ന് അദ്ഭുതങ്ങൾ ചെയ്ത് ഒഴിഞ്ഞുമാറിയില്ല. ജീവിതത്തെ അതിന്റെ സ്വാഭാവികതയിൽ സ്വീകരിക്കാനാണ് അവിടുന്ന് നമ്മെ പഠിപ്പിച്ചത്. വിശുദ്ധി എന്നത് ജീവിതത്തിന്റെ യാഥാർഥ്യങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിലല്ല; അത് ജീവിതത്തെ അതിന്റെ മുഴുവൻ യാഥാർഥ്യത്തോടും സ്വീകരിക്കുന്നതിലാണ്.

## ചെറിയ മനുഷ്യരുടെ ചിറകടികൾ

ഈ ലോകത്തെ നിലനിർത്തുന്നത് പലപ്പോഴും ആരും ശ്രദ്ധിക്കാത്ത ചെറിയ നന്മകളാണ്. പ്രതിഫലം പ്രതീക്ഷിക്കാതെ പരിചരിക്കുന്ന ഒരു അമ്മ. കുടുംബത്തിനായി നിശബ്ദമായി അധ്വാനിക്കുന്ന ഒരു അപ്പൻ. രോഗിയായ മാതാപിതാക്കൾക്കരികിൽ ഇരിക്കുന്ന ഒരു മകൻ. തെറ്റ് ചെയ്ത സഹോദരനെ വീണ്ടും ചേർത്തുപിടിക്കുന്ന ഒരു സഹോദരി. സ്വന്തം വിഷമങ്ങൾ മറന്ന് എല്ലാവരുടെയും വിഷമങ്ങൾ കേൾക്കുന്ന ഒരാൾ. ആരും അറിയാതെ ഒരാൾക്കുവേണ്ടി പ്രാർഥിക്കുന്ന ഒരു മനുഷ്യൻ.

ഇവരാണ് ലോകത്തിന് പ്രതീക്ഷ നൽകുന്ന ചെറിയ മനുഷ്യർ. അവരുടെ ചെറിയ ചിറകടികളാണ് ലോകത്തെ മരവിച്ചുപോകാതെ കാക്കുന്നത്. അതുകൊണ്ട്, നമ്മുടെ ജീവിതത്തിലും കുടുംബത്തിലും ഈ ചെറിയ ചിറകടികൾക്ക് കാതോർക്കാം. വലിയ അദ്ഭുതങ്ങൾക്കായി മാത്രം കാത്തിരിക്കാതെ, ഇന്നത്തെ ചെറിയ കൃപകളെ തിരിച്ചറിയാം. വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയാത്തതിന്റെ പേരിൽ നിരാശരാകാതെ, മുന്നിലുള്ള ചെറിയ നന്മയിൽ വിശ്വസ്തരാകാം.

'സൗദി വെള്ളയ്ക്ക' എന്ന സിനിമ അവസാനിക്കുന്നത് ഇങ്ങനെയാണ്: "മനുഷ്യൻ ഇത്രയൊക്കെ ഉള്ളൂ? മനുഷ്യൻ ഇത്രയൊക്കെ ഉണ്ടെടാ..." ഒരു സാധാരണ ജീവിതം, ഒരു ചെറിയ വീട്, ഒരു കുഞ്ഞുപ്രാർഥന, അല്പം സ്നേഹം, ഏതാനും ചെറിയ മനുഷ്യർ. പക്ഷേ, ആ ചെറുതുകളിലൊക്കെയും ദൈവത്തിന്റെ സ്നേഹത്തിന് ഇടമുണ്ട്. കാരണം, ചെറുതുകൾ എപ്പോഴും അതിമനോഹരമാണ്. ആമേൻ.

ഡോ. സി.ഇ.എം. റോയ് MBBS
പെയ്ൻ ആൻഡ്
പാലിയേറ്റീവ് കെയർ വിഭാഗം

In Association with
ST. THOMAS HOSPITAL
CHETHIPUZHA
Blessed for healing



FAMILY DOCTOR SPEAKING



പ്രായമേറുമ്പോൾ നമ്മുടെ ആരോഗ്യകാര്യങ്ങളിൽ പല സംശയങ്ങളും ആശങ്കകളും സ്വാഭാവികമാണ്. ഉറക്കമില്ലായ്മ മുതൽ ദീർഘകാല മരുന്നുകളുടെ ഉപയോഗം വരെയുള്ള നിങ്ങളുടെ സുപ്രധാന ചോദ്യങ്ങൾക്ക് വിദഗ്ധ മറുപടികൾ ഇതാ.

# വാർദ്ധക്യത്തിലെ ആരോഗ്യം

***രാത്രിയിലെ ഉറക്കക്കുറവ്, രാത്രിയിൽ ഇടയ്ക്കിടെ ഉണരുന്ന അവസ്ഥ എന്നിവ എന്തുകൊണ്ടു ണ്ടാവുന്നു? ഇതിന് പരിഹാരമാർഗങ്ങൾ ഉണ്ടോ?***

**– തോമസ് ചാക്കോ, പുനലൂർ**

പ്രായമാകുമ്പോൾ ഉറക്കക്കുറവ് (Insomnia) പലരെയും അലട്ടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഇതിന് പ്രധാനമായും രണ്ട് കാരണങ്ങളാണുള്ളത്:

***മാനസികാവസ്ഥ:*** കുടുംബത്തിലെ ചെറിയ പ്രശ്നങ്ങൾ, സാമ്പത്തികമോ ആരോഗ്യപരമോ ആയ ഉത്കണ്ഠകൾ, മറ്റ് വിഷമങ്ങൾ എന്നിവ ഉറക്കത്തെ കെടുത്തുന്ന പ്രധാന വില്ലന്മാരാണ്.

***കഴിക്കുന്ന മരുന്നുകൾ:***
ചില മരുന്നുകൾക്ക് ഉറക്കം കുറയ്ക്കാനുള്ള സ്വഭാവമുണ്ട്. ഉദാഹരണത്തിന്, രക്തസമ്മർദത്തിനും (Hypertension) കൊളസ്ട്രോളിനും കഴിക്കുന്ന ചില മരുന്നുകൾ രാത്രിയിൽ കഴിക്കുന്നത് ഉറക്കത്തെ ബാധിച്ചേക്കാം.

***പരിഹാരം:*** മാനസിക പിരിമുറുക്കങ്ങൾ ഒഴിവാക്കുക എന്നതാണ് ആദ്യ പടി. ഉറങ്ങുന്നതിന് മുമ്പ് കാപ്പി, ചായ എന്നിവ ഒഴിവാക്കുക. സ്ക്രീൻ സമയം കുറയ്ക്കുന്നതും നല്ലതാണ്. സൊൾപിഡെം (Zolpidem 5mg) പോലെയുള്ള ലഘുവായ ഉറക്കഗുളികകൾ രാത്രിയിൽ നൽകുന്നത് രോഗിയുടെ ആശങ്കകൾ കുറയ്ക്കാനും നല്ല ഉറക്കം ലഭിക്കാനും സഹായിക്കും. എന്നാൽ ശ്രദ്ധിക്കുക: ഇത്തരം മരുന്നുകൾ ഒരു ഡോക്ടറെ നേരിൽ കണ്ട്, കൃത്യമായ നിർദേശം ലഭിച്ചതിന് ശേഷം മാത്രമേ കഴിക്കാൻ പാടുള്ളൂ. സ്വന്തമായി വാങ്ങി കഴിക്കുന്നത് അപകടകരമാണ്.

***പ്രായമായവർ രക്തസമ്മർദം, പ്രമേഹം, കൊളസ്ട്രോൾ എന്നിവ എത്ര ദിവസങ്ങളിലെ ഇടവേളകളിലാണ് പരിശോധിക്കേണ്ടത്?***

**– മോളി ദേവസി, മുഹമ്മ**

മറുപടി: ജീവിതശൈലി രോഗങ്ങൾ കൃത്യമായി നിയന്ത്രിച്ചു നിർത്തേണ്ടത് ആരോഗ്യകരമായ വാർധക്യത്തിന് അത്യന്താപേക്ഷിതമാണ്. സാധാരണയായി രക്തത്തിലെ പഞ്ചസാരയുടെ അളവ് (Blood Sugar), രക്തസമ്മർദം (Blood Pressure), കൊളസ്ട്രോൾ (Cholesterol) എന്നിവ മാസത്തിൽ ഒരിക്കൽ പരിശോധിക്കുന്നതാണ് ഉചിതം. ബുദ്ധിമുട്ടുകൾ ഇല്ലാത്തവർക്ക് ഇത് മതിയാകും. എന്നാൽ വ്യതിയാനങ്ങൾ ഉള്ളവരും, സാധിക്കുന്നവരും രണ്ടാഴ്ചയിൽ ഒരിക്കൽ പരിശോധിക്കുന്നത് കൂടുതൽ സുരക്ഷിതമാണ്. പ്രമേഹ രോഗികൾ



സാധാരണയായി രക്തത്തിലെ പഞ്ചസാരയുടെ അളവ് (Blood Sugar), രക്തസമ്മർദം (Blood Pressure), കൊളസ്ട്രോൾ (Cholesterol) എന്നിവ മാസത്തിൽ ഒരിക്കൽ പരിശോധിക്കുന്നതാണ് ഉചിതം. ബുദ്ധിമുട്ടുകൾ ഇല്ലാത്തവർക്ക് ഇത് മതിയാകും.

മൂന്നുമാസത്തിലൊരിക്കൽ HbA1c പരിശോധന നടത്താനും ശ്രദ്ധിക്കണം.

ഇതുകൂടാതെ താഴെ പറയുന്ന ലക്ഷണങ്ങൾ കണ്ടാൽ ദിവസങ്ങൾ നോക്കാതെ അടിയന്തരമായി പരിശോധനകൾ നടത്തണം:

ലോ ബ്ലഡ് ഷുഗർ (Low Blood Sugar): പെട്ടെന്നുള്ള തലകറക്കം, അമിതമായ വിയർപ്പ്, കടുത്ത ക്ഷീണം, കൈകാൽ വിറയൽ എന്നിവ അനുഭവപ്പെടുകയാണെങ്കിൽ ഉടൻ തന്നെ ബ്ലഡ് ഷുഗർ പരിശോധിക്കുകയോ മധുരം കഴിക്കുകയോ ചെയ്യണം.

ഹൈ ബ്ലഡ് പ്രെഷർ (High Blood Pressure): കടുത്ത തലവേദന, തലകറക്കം, തളർച്ച, കാഴ്ച മങ്ങുക എന്നിവ തോന്നുകയാണെങ്കിൽ രക്തസമ്മർദം ഉടൻ തന്നെ പരിശോധിച്ച് വൈദ്യസഹായം തേടേണ്ടതാണ്.

പരിശോധനാ ഫലങ്ങൾ ഒരു ചെറിയ പുസ്തകത്തിൽ രേഖപ്പെടുത്തി വയ്ക്കുന്നത് (Log Book), ഡോക്ടർക്ക് മരുന്നുകളിൽ കൃത്യമായ മാറ്റങ്ങൾ വരുത്താൻ ഏറെ സഹായകമാകും.

***നിലവിൽ കഴിച്ചുകൊണ്ടിരിക്കുന്ന മരുന്നുകളെ എത്ര ഇടവേളകളിൽ അവലോകനം ചെയ്യണം? ഒരേ മരുന്നു തന്നെ ദീർഘകാലം മാറ്റമില്ലാതെ തുടരുന്നത് നല്ലതാണോ?***

***– റോസമ്മ തോമസ്, ചമ്പക്കര***

മരുന്നുകളിൽ മാറ്റം വരുത്തണോ വേണ്ടയോ എന്നത് രോഗി നിലവിൽ കഴിക്കുന്ന മരുന്നുകളെയും രോഗത്തിന്റെ അവസ്ഥയെയും ആശ്രയിച്ചായിരിക്കും ഇരിക്കുന്നത്. പ്രമേഹം, പ്രഷർ തുടങ്ങിയവയ്ക്ക് കഴിക്കുന്ന ക്രോണിക് (ദീർഘകാല) മരുന്നുകൾ രോഗി തുടർച്ചയായി കഴിക്കേണ്ടവ തന്നെയാണ്. പലപ്പോഴും ഡോക്ടർ പറയാതെ രോഗികൾ സ്വയം മരുന്ന് നിർത്തുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാറുണ്ട്.

എങ്കിലും, ശരീരത്തിന്റെ പ്രവർത്തനങ്ങൾ പ്രായത്തിനനുസരിച്ച് മാറുന്നതിനാൽ ഒരേ ഡോസ് എക്കാലവും ഫലപ്രദമാകണമെന്നില്ല. ദീർഘകാല മരുന്നുകൾ മാസത്തിൽ ഒരിക്കലെങ്കിലും ഡോക്ടറെ കണ്ട് അവലോകനം (Review) ചെയ്യേണ്ടതുണ്ട്. ഇതിലൂടെ മരുന്നുകളുടെ ഫലപ്രാപ്തി ഉറപ്പാക്കാം.

കൂടാതെ, മരുന്ന് കഴിക്കുമ്പോൾ തുടർച്ചയായ ഛർദി (Nausea), ശരീരത്തിൽ തടിപ്പ് അല്ലെങ്കിൽ ചൊറിച്ചിൽ (Rashes), അസാധാരണമായ ക്ഷീണം പോലുള്ള പാർശ്വഫലങ്ങൾ അനുഭവപ്പെടുകയാണെങ്കിൽ, അടുത്ത മാസം വരെ കാത്തിരിക്കാതെ ഉടൻ തന്നെ ഡോക്ടറെ കണ്ട് വിവരങ്ങൾ ധരിപ്പിക്കേണ്ടതാണ്.

**ശ്രദ്ധിക്കുക :** *ഈ പംക്തിയിലെ വിവരങ്ങൾ പൊതുവായ ആരോഗ്യബോധവൽക്കരണത്തിനുള്ളതാണ്. വ്യക്തിഗത രോഗനിർണയത്തിനും ചികിത്സയ്ക്കും യോഗ്യനായ ആരോഗ്യ വിദഗ്ധന്റെ നേരിട്ടുള്ള ഉപദേശം തേടുക.*

## ചോദിക്കാം ഡോക്ടറോട്!

*ആരോഗ്യവുമായി ബന്ധപ്പെട്ട സംശയങ്ങളും ആശങ്കകളും എല്ലാവർക്കും സ്വാഭാവികമാണ്. കുട്ടികളുടെ ആരോഗ്യം, ജീവിതശൈലി രോഗങ്ങൾ, ചെവി-മൂക്ക്-തൊണ്ട സംബന്ധമായ പ്രശ്നങ്ങൾ, കൃത്യമായ ഭക്ഷണക്രമം, ഉറക്കം, വ്യായാമം എന്നിവയെക്കുറിച്ച് അറിയാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ? കൂടാതെ, സ്ത്രീ-പുരുഷ ആരോഗ്യ പ്രശ്നങ്ങൾ, പ്രായമായവരുടെ പരിചരണം തുടങ്ങി ഏത് ആരോഗ്യവിഷയത്തെക്കുറിച്ചുമുള്ള നിങ്ങളുടെ ചോദ്യങ്ങൾ ഞങ്ങൾക്ക് അയച്ചുതരിക.*

***തിരഞ്ഞെടുക്കപ്പെടുന്ന ചോദ്യങ്ങൾക്ക് വിദഗ്ധരായ ഡോക്ടർമാർ മറുപടി നൽകുന്നതാണ്.***



മനഃശാസ്ത്രം
Mental Health



**ജോൺ റോളിൻസ്** M.Com MSc MTA
Asst. Professor, Dept. of Psychology,
CAPE College of Nursing, Alappuzha

# ഉള്ളവരിലെ അപരിചിതർ




നമ്മെ ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടവർ, അല്ലെങ്കിൽ നാം ജീവനേക്കാൾ വിശ്വസിച്ചവർ ഒരു സുപ്രഭാതത്തിൽ നമ്മുടെ ജീവനെടുക്കുന്ന കൊടും കുറ്റവാളികളായി മാറുന്ന വാർത്തകളാണ് അടുത്ത കാലത്തായി നാം കേൾക്കുന്നത്. വർത്തമാനകാലത്തിലെ ചില സംഭവവികാസങ്ങൾ പത്രമാധ്യമങ്ങളിലൂടെ നമ്മൾ അറിയുമ്പോൾ ഈ വിഷയത്തിന്റെ പ്രസക്തി വർധിക്കുന്നതായി മനസ്സിലാക്കാം.

പതിമൂന്നു വയസ്സുകാരി മുത്തച്ഛനെ കൊല്ലാൻ കൂട്ടുകാരെ ഏർപ്പാടാക്കുക, എന്നിട്ട് കൊല്ലുന്ന കാഴ്ച ഓൺലൈനിൽ ദൂരെയിരുന്ന് കാണുക; കൂടെ താമസിക്കുന്ന കൂട്ടുകാരെ കുത്തിയും കാറിടിച്ചും കൊല്ലുക. അങ്ങനെ ഞെട്ടിപ്പിക്കുന്ന വാർത്തകൾ കേട്ടുകൊണ്ടാണ് ഓരോ ദിവസവും നമ്മൾ ഉണരുന്നത്. എന്താണ് ബന്ധങ്ങളിലെ വൈകാരികത ഇങ്ങനെ വഴിമാറാൻ കാരണം? എവിടെയാണ് ഈ ദിശമാറ്റത്തിന്റെ പ്രഭവകേന്ദ്രം? പൊതുസമൂഹം വലിയ ഭയത്തോടുകൂടിയാണ് ഈ പ്രവണതയെ നോക്കിക്കാണുന്നത്.

### മനസ്സിന്റെ നിയന്ത്രണം നഷ്ടപ്പെടുമ്പോൾ

ഒരാൾ മറ്റൊരാളെ കൊല്ലുന്നതിന്റെ കാരണം അത്ര എളുപ്പം മനസ്സിലാകില്ല. മാനസികനില, വൈകാരികനില, ബന്ധങ്ങളുടെ നില, സാഹചര്യങ്ങൾ തുടങ്ങി പല ഘടകങ്ങളുടെ സമ്മിശ്രസമ്മർദമാണ് ഇതിന് കാരണം. മനഃശാസ്ത്രം ഈ പ്രവൃത്തിയെ 'സ്ഫോടനാത്മകമായ അക്രമചിന്ത' അഥവാ കാറ്റതൈമിക് പ്രതിസന്ധി (Catathymic crisis) എന്ന് വിളിക്കുന്നു. ശക്തമായ വികാരങ്ങളുടെ നിയന്ത്രണത്തിലോ സമ്മർദത്തിലോ പെട്ട് ഒരാൾ പെട്ടെന്ന് കാണിക്കുന്ന അപ്രതീക്ഷിതവും ഹിംസാത്മകവുമായ പെരുമാറ്റരീതിയാണിത്. ഇത് രണ്ടു തരത്തിലാകാം:

1. ***പെട്ടെന്നുണ്ടാകുന്ന വൈകാരികസമ്മർദം (Acute):*** ഒട്ടും പ്രതീക്ഷിക്കാത്ത ഒരു നിമിഷത്തിൽ പെട്ടെന്നുണ്ടാകുന്ന വൈകാരികസമ്മർദംകൊണ്ട് സംഭവിക്കുന്നതാണിത്. ഇതിൽ ഇരയുമായി അത്ര അടുപ്പം ഉണ്ടാവണമെന്നില്ല.
2. ***നീറിപ്പുകയുന്ന സമ്മർദം (Chronic):*** ദിവസങ്ങളോ മാസങ്ങളോ വർഷങ്ങളോ നീണ്ടുനിൽക്കുന്ന മാനസികാവസ്ഥയാണിത്. ഈ

സമയത്തിനുള്ളിൽ ഇരയുമായി ആത്മബന്ധം സ്ഥാപിക്കുകയും, എന്നാൽ ഉള്ളിൽ കൊല്ലാനുള്ള സമ്മർദം ഏറിവരികയും ചെയ്യും.

യുക്തിയും വൈകാരികതയും തമ്മിലുള്ള സന്തുലിതാവസ്ഥ നശിച്ചുപോകുന്നതാണ് ഇതിന് കാരണം. വേണ്ടപ്പെട്ടവരെ കൊല്ലുന്നത് പലപ്പോഴും ആവർത്തിക്കപ്പെടുന്ന ഒന്നല്ല. ശക്തമായ ആന്തരികസംഘർഷത്തിനൊടുവിൽ ഇരയെ കൊല്ലണം എന്ന സമ്മർദം മനസ്സാക്ഷിയെ കീഴ്പ്പെടുത്തുമ്പോഴാണ് കൊലപാതകം നടക്കുന്നത്.

### ഞാൻ മാത്രം ശരി, നീ തെറ്റ്

എന്തുകൊണ്ടാണ് ചിലർ മാത്രം ഈ മാനസികാവസ്ഥയിലേക്ക് എത്തുന്നത്? പ്രശസ്ത മനഃശാസ്ത്രജ്ഞനായ ഡോക്ടർ എറിക് ബേൺ പറഞ്ഞ വളരെ പ്രസിദ്ധമായ ഒരു വാചകമുണ്ട്: "ഓരോ കുട്ടിക്കും ജനിക്കുന്നത് രാജാവും രാജ്ഞിയുമായിട്ടാണ്. എന്നാൽ ചുറ്റുപാടുകൾ അവരെ വളർത്തി തവളകൾ ആക്കുന്നു."

അമ്മയുടെ ഉദരത്തിൽ ഉരുവാകുന്ന അന്നുമുതൽ ആറു വയസ്സുവരെയുള്ള കാലഘട്ടത്തിലെ അനുഭവങ്ങളാണ് കുട്ടിയുടെ പിന്നീടുള്ള ജീവിതം എങ്ങനെ ആയിരിക്കണം എന്ന് തീരുമാനിക്കുന്നതിന് അടിസ്ഥാനം. ഈ കാലഘട്ടത്തിൽ കുട്ടി തന്റെ മൂല്യവും മറ്റുള്ളവരുടെ മൂല്യവും നിർണ്ണയിക്കുന്നു. ഇവിടെ ഏറ്റവും പ്രിയപ്പെട്ടവരെ കൊല്ലുന്ന ഒരാളുടെ ജീവിതനിലപാട് "ഞാൻ ശരിയും ലോകം തെറ്റും" എന്നതായിരിക്കും. തന്നെക്കാൾ താഴെയാണ് മറ്റുള്ളവർ എന്ന് വിശ്വസിക്കുന്ന ഇവർക്ക് നിയമം ലംഘിക്കാനും കുറ്റകൃത്യങ്ങൾ ചെയ്യാനും മടിയുണ്ടാകില്ല. കുട്ടിക്കാലത്ത് പലവിധത്തിൽ ഇരയാക്കപ്പെട്ടവരോ, അമിതമായ സുഖസൗകര്യങ്ങളിൽ വളർന്ന് തോൽവികൾ അംഗീകരിക്കാൻ പഠിക്കാത്തവരോ ആയിരിക്കും ഇവർ.

### ബന്ധങ്ങളിൽ തിരിച്ചറിയേണ്ട അപകടസൂചനകൾ

"ഞാൻ ശരി, നീ തെറ്റ്"



> ഇവിടെ ഏറ്റവും പ്രിയപ്പെട്ടവരെ കൊല്ലുന്ന ഒരാളുടെ ജീവിതനിലപാട് "ഞാൻ ശരിയും ലോകം തെറ്റും" എന്നതായിരിക്കും. തന്നെക്കാൾ താഴെയാണ് മറ്റുള്ളവർ എന്ന് വിശ്വസിക്കുന്ന ഇവർക്ക് നിയമം ലംഘിക്കാനും കുറ്റകൃത്യങ്ങൾ ചെയ്യാനും മടിയുണ്ടാകില്ല.

എന്ന മനോഭാവമുള്ളവരുടെ ബന്ധങ്ങളിലെ ഇടപെടലുകൾക്ക് ചില പ്രത്യേകതകൾ ഉണ്ട്. ഈ ലക്ഷണങ്ങൾ തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്:

1. **അനിയന്ത്രിതമായ ദേഷ്യം:** ദേഷ്യം നിയന്ത്രിക്കാൻ ഇവർക്ക് സാധിക്കില്ല. സംഘർഷം പെട്ടെന്ന് ഉണ്ടാകുകയും അതിന്റെ മൂർധന്യത്തിൽ കൊലപാതകം പോലുള്ള പെരുമാറ്റങ്ങളിൽ അവസാനിക്കുകയും ചെയ്യും.
2. **കഠിനമായ അസൂയയും സംശയവും:** ഇരയുടെ സ്നേഹം തനിക്കുമാത്രമായിരിക്കണം എന്ന അസൂയയോടുകൂടിയ നിർബന്ധം ഇവരുടെ പ്രത്യേകതയാണ്.
3. **നിയന്ത്രിക്കാനുള്ള ശ്രമം:** ബന്ധങ്ങളിൽ ഇരയെ കഠിനമായ നിയന്ത്രണത്തിലാക്കാനുള്ള ശ്രമമുണ്ടാകും. തനിക്ക് നിയന്ത്രണം നഷ്ടപ്പെടുമോ എന്ന ചിന്ത ഇവരെ അക്രമാസക്തരാക്കും.
4. **വിശ്വാസവഞ്ചനാഭയം:** ആരെയും വിശ്വസിക്കാൻ സാധിക്കാത്ത ഇവർക്ക്, അപമാനിക്കപ്പെടുമോ ഒഴിവാക്കപ്പെടുമോ എന്ന ചിന്ത വളരെ ശക്തമായിരിക്കും.
5. **ഉപേക്ഷിക്കപ്പെടുമോ എന്ന ഭയം:** പങ്കാളി തന്നെ ഉപേക്ഷിച്ചു പോകുമോ എന്ന തീവ്രമായ ഭയം സംഘർഷത്തിന് കാരണമാകാം.
6. **കുമിഞ്ഞുകൂടിയ നീരസം:** വർഷങ്ങളായി ഉള്ളിലൊതുക്കിയ അസംതൃപ്തിയും അഭിപ്രായവ്യത്യാസങ്ങളും പൊട്ടിത്തെറികൾക്കുവഴിവയ്ക്കാം.
7. **സാമ്പത്തിക താൽപര്യങ്ങൾ:** പണം, പദവി എന്നിവ മാത്രമായിരിക്കാം ചില ആത്മബന്ധങ്ങളുടെ അടിസ്ഥാനം.
8. **തീവ്രമായ മാനസികപ്രശ്നങ്ങൾ:** സംശയരോഗം പോലുള്ള മാനസികാവസ്ഥകൾ പലപ്പോഴും വൻ ദുരന്തങ്ങളിൽ കലാശിക്കാറുണ്ട്.
9. **ലഹരിയുപയോഗം:** മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ആന്തരിക വിലക്കുകൾ ഇല്ലാതാക്കുകയും ആക്രമണോത്സുകത പ്രേരിപ്പിക്കുകയും ചെയ്യും.
10. **അക്രമത്തിന്റെ ചരിത്രം:** മുമ്പ് പ്രശ്നങ്ങൾ അക്രമത്തിലൂടെ പരിഹരിച്ചുശീലിച്ചവർ, പ്രിയപ്പെട്ടവരുമായുള്ള പ്രശ്നങ്ങളും ഇതേരീതിയിൽ നേരിടാൻ ശ്രമിക്കും.

### പരിഹാരം എവിടെ തുടങ്ങണം?

എല്ലാവരും ജനിക്കുന്നത് രാജാവും രാജ്ഞിയുമായിട്ടാണെങ്കിൽ ആ രാജകീയത്വം അവർക്ക് ആറുവയസ്സുവരെ ഉറപ്പാക്കാൻ മാതാപിതാക്കൾക്ക് സാധിക്കണം. ഒരു കുഞ്ഞിനെ ഉദരത്തിൽ വഹിക്കുന്ന സ്ത്രീക്ക് ചുറ്റുമുള്ളവർ

സന്തോഷവും സമാധാനവും നിറഞ്ഞൊരന്തരീക്ഷം ഒരുക്കിക്കൊടുക്കണം. ജനിക്കാൻ പോകുന്ന ലോകത്തെക്കുറിച്ച് നല്ലൊരു ധാരണ കുട്ടിക്ക് അവിടെ നിന്നാണ് ലഭിക്കുന്നത്.

പിന്നീട് ആറുവയസ്സുവരെയുള്ള കാലം ആരോഗ്യകരമായ വൈകാരികപിന്തുണ നൽകി കുട്ടികളെ വളർത്താൻ മാതാപിതാക്കൾക്കും സമൂഹത്തിനും സാധിക്കണം. അങ്ങനെ ലഭിച്ചാൽ അവർ ആ രാജകീയത്വം കൈവിടാത്ത നല്ല വ്യക്തിത്വത്തിന് ഉടമകളായി മാറും. ഈ സുന്ദരമായ ലോകത്തെ കൂടുതൽ സുന്ദരമാക്കുന്നത് നമ്മുടെ ചിന്തകളും വികാരങ്ങളും പ്രവൃത്തികളുമാണ്. പരസ്പരബഹുമാനത്തോടെയും വിശ്വാസത്തോടെയുമുള്ള ബന്ധങ്ങൾ വളർത്തിയെടുക്കാൻ നമുക്ക് സാധിക്കണം.



> ആരോഗ്യകരമായ വൈകാരികപിന്തുണ നൽകി കുട്ടികളെ വളർത്താൻ മാതാപിതാക്കൾക്കും സമൂഹത്തിനും സാധിക്കണം. അങ്ങനെ ലഭിച്ചാൽ അവർ ആ രാജകീയത്വം കൈവിടാത്ത നല്ല വ്യക്തിത്വത്തിന് ഉടമകളായി മാറും.

### നാം എന്ത് ചെയ്യണം?

***അപകടസൂചനകൾ അവഗണിക്കാതിരിക്കുക:*** സ്നേഹത്തിന്റെ പേരിലുള്ള അമിതനിയന്ത്രണങ്ങളും ശാരീരിക-മാനസിക പീഡനങ്ങളും "അവന്/അവൾക്ക് എന്നോട് സ്നേഹക്കൂടുതൽ കൊണ്ടാണ്" എന്ന് കരുതി ന്യായീകരിക്കരുത്. ആദ്യത്തെ മുന്നറിയിപ്പിൽത്തന്നെ ജാഗ്രത പാലിക്കുക.

***തുറന്നുസംസാരിക്കുക, സഹായം തേടുക:*** ദാമ്പത്യത്തിലോ പ്രണയത്തിലോ നിരന്തരസംഘർഷങ്ങളുണ്ടെങ്കിൽ പ്രൊഫഷണൽ കൗൺസിലിംഗ് തേടാൻ മടിക്കരുത്. മാനസികപ്രശ്നങ്ങൾ ഒളിച്ചുവയ്ക്കേണ്ട ഒന്നല്ല.

***കുട്ടികളെ കേൾക്കാൻ പഠിപ്പിക്കുക:*** "ഞാൻ പറയുന്നതു മാത്രം ശരി" എന്ന ശാഠ്യത്തിനപ്പുറം മറ്റുള്ളവരുടെ അഭിപ്രായങ്ങളെയും വികാരങ്ങളെയും ബഹുമാനിക്കാൻ കുട്ടികളെ ചെറുപ്പത്തിലേ ശീലിപ്പിക്കുക.

സ്നേഹം എന്നത് മറ്റൊരാളെ തളച്ചിടാനുള്ള ചങ്ങലയല്ല, മറിച്ച് പരസ്പരബഹുമാനത്തോടെയും സ്വാതന്ത്ര്യത്തോടെയും ചേർത്തുപിടിക്കലാണ്. ഉള്ളിലെ ശത്രുക്കളെ തിരിച്ചറിഞ്ഞ് തിരുത്തുമ്പോഴാണ് കുടുംബങ്ങൾ സുരക്ഷിത തണലുകളാകുന്നത്.



യാത്ര
A travel of FAITH

യോഹന്നാൻ ശ്ലീഹായ്ക്ക് ലഭിച്ച ദിവ്യദർശനങ്ങളുടെ ചുവടുപിടിച്ച്, ചരിത്രവും വിശ്വാസവും ഇഴചേരുന്ന എഫേസൂസിലൂടെ ഒരു തീർഥയാത്ര. പുരാതന റോമൻ വീഥികളിലൂടെ കാൽനടയായി, പരിശുദ്ധ അമ്മയുടെയും ശ്ലീഹന്മാരുടെയും ഓർമ്മകളിലേക്ക്...



ഫാ. ഡോ. ജോജിൻ ഇലഞ്ഞിക്കൽ

# സപ്തസഭകളുടെ വഴിയേ: വിസ്മയങ്ങളുടെ എഫേസൂസ്

“നീ കാണുന്നത് ഒരു ഗ്രന്ഥത്തിൽ എഴുതി എഫേസോസ്, സ്മിർണാ, പെർഗാമോസ്, തിയത്തീറ, സാർദീസ്, ഫിലദെൽഫിയാ, ലവൊദീക്യ എന്നീ ഏഴു സ്ഥലങ്ങളിലെ സഭകൾക്കും അയച്ചുകൊടുക്കുക” (വെളി. 1:11) എന്ന തിരുവചനത്തിന്റെ ഓർമ്മകളുമായി, ആ സപ്തസഭകളുടെ മഹാശൃംഖലയിലെ ആദ്യത്തെ കണ്ണിയിലേക്ക് ഞങ്ങൾ കടക്കുകയാണ്. ഈശോമിശിഹായുടെ പ്രിയശിഷ്യനായ യോഹന്നാൻ ശ്ലീഹായ്ക്ക് പാത്മോസ് ദ്വീപിൽവച്ച് ലഭിച്ച ദിവ്യദർശനത്തിന്റെ അടിസ്ഥാനത്തിൽ, ഏഷ്യാമൈനറിലെ ഏഴ് പ്രമുഖ സഭകളിലേക്ക് എഴുതപ്പെട്ട വെളിപാടു പുസ്തകത്തിന്റെ സ്പന്ദനങ്ങൾ തേടിയുള്ള ഒരു വിശുദ്ധ തീർഥാടനത്തിനാണ് ഞങ്ങൾ അവിടെ തുടക്കമിടുന്നത്.

പരിശുദ്ധ കന്യകാ മറിയത്തിന്റെ ഭവനത്തിലെ തിരുക്കർമ്മങ്ങളും പ്രാർഥനകളും പൂർത്തിയാക്കി ഞങ്ങൾ പതുക്കെ മലയിറങ്ങി. പതിനഞ്ചു മിനിറ്റിനുള്ളിൽ ഹെയർപിൻ വളവുകൾ താണ്ടി, ആ ആത്മീയ നിർവൃതിയുടെ ഉത്തുംഗതയിൽനിന്ന് ഞങ്ങൾ ചരിത്രത്തിന്റെ മറ്റൊരു മഹാസമുദ്രത്തിലേക്ക് വന്നിറങ്ങി! ആ ചരിത്രനിർമ്മിതിക്ക് ലോകം വിളിച്ച പേര് എഫേസൂസ്.

## കാലം പുറകോട്ട് പായുന്ന വീഥികൾ

എഫേസൂസ് നഗരത്തിന്റെ പ്രവേശനകവാടത്തിന്റെ എതിർവശത്തായി വാഹനം പാർക്ക് ചെയ്തശേഷം, ഞങ്ങൾ നാലുപേരും ആ പുരാതന നഗരത്തിലേക്ക് നടന്നു. ഒരുകാലത്ത് റോമൻ സാമ്രാജ്യത്തിന്റെ കിഴക്കൻ ദേശങ്ങളിലെ ഏറ്റവും പ്രതാപമേറിയ നഗരമായിരുന്നു എഫേസൂസ്. ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള സഞ്ചാരികളുടെ നീണ്ട നിരയാണ് പ്രവേശനകവാടത്തിൽ ഞങ്ങളെ വരവേറ്റത്. വിവിധ ഭാഷകളിൽ സംസാരിക്കുന്ന, ക്യാമറകളും ഗൈഡ് ബുക്കുകളുമായി കാത്തുനിൽക്കുന്ന ആ ജനക്കൂട്ടത്തിന്റെ മുഖങ്ങളിൽ വിസ്മയവും ആകാംക്ഷയും ഒന്നിച്ച് തുളുമ്പി നിൽക്കുന്നത് വ്യക്തമായിരുന്നു.

സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള ആ മാർബിൾ വീഥികളിലേക്ക് കാൽവയ്ക്കാൻ തുനിയുന്ന ഓരോ യാത്രികന്റെയും കണ്ണുകളിൽ ഒരു പുതിയ ലോകം കണ്ടെത്തുന്നതിന്റെ തിളക്കമുണ്ടായിരുന്നു. ആ തിരക്കിനിടയിലൂടെ മുന്നോട്ട് നടക്കുമ്പോൾ, കേവലം ഒരു വിനോദസഞ്ചാര കേന്ദ്രം സന്ദർശിക്കുന്നതിലുപരി, കാലത്തിന്റെ യന്ത്രം പിന്നോട്ട് തിരിച്ച് ഒരു മഹായുഗത്തിലേക്ക് പ്രവേശിക്കുന്നതിന്റെ ആവേശമാണ് അവിടെയാകെ നിറഞ്ഞുനിന്നിരുന്നത്.



ആ വലിയ ക്ഷേത്രം ഇന്ന് പൂർണ്ണമായും തകർന്നു തരിപ്പണമായിരിക്കുന്നു. ഒരൊറ്റ ഒറ്റപ്പെട്ട സ്തംഭം മാത്രമാണ് ഇന്നുയർന്നു നിൽക്കുന്നത്. കാലത്തിന്റെ കളിമുറ്റത്ത് സാമ്രാജ്യങ്ങളുടെ പ്രതാപവും മനുഷ്യന്റെ അഹങ്കാരവുമെല്ലാം വെറുമൊരു നിഴൽനാടകം മാത്രമാണെന്ന് അത് നമ്മെ ഓർമ്മിപ്പിക്കുന്നു.



"ചരിത്രത്തിന്റെ താളുകൾ മറിഞ്ഞുകൊണ്ടിരുന്ന ആ മണ്ണിൽ, വിഗ്രഹാരാധനയുടെ ആരവങ്ങൾക്കിടയിലും ആദിമ ക്രിസ്തീയ സമൂഹത്തിന്റെ ജീവന്റെ തുടിപ്പുകൾ മൗനരാഗം മൂളുന്നപോലെ തോന്നി."

ആ വലിയ നഗരത്തിന്റെ പടിവാതിൽക്കൽനിന്ന് അകത്തേക്ക് കണ്ണോടിച്ചപ്പോൾ, വിശ്വസിക്കാൻ കഴിയാത്തവിധം വിസ്മയകരമായ കാഴ്ചകളായിരുന്നു. ആകാശത്തേക്ക് തലയുയർത്തി നിൽക്കുന്ന കൂറ്റൻ മാർബിൾ സ്തംഭങ്ങളും പൊളിഞ്ഞുവീണ കൊട്ടാരങ്ങളുടെ അവശിഷ്ടങ്ങളും ഒരു വലിയ സാമ്രാജ്യത്തിന്റെ ഉദയത്തിന്റെയും അസ്തമയത്തിന്റെയും കഥകൾ മൗനമായി പറഞ്ഞുതന്നു. ഓരോ ശില്പങ്ങളിലും റോമൻ – ഗ്രീക്ക് ശില്പികളുടെ വിരൽത്തുമ്പുകൾ പതിഞ്ഞിരിക്കുന്നത് ഞങ്ങൾ നേരിൽ കണ്ടു തൊട്ടറിഞ്ഞു.

റോമൻ പ്രഭുക്കന്മാരും ചിന്തകരും തിങ്ങിനിറഞ്ഞ ആ തെരുവുകളിലൂടെ വല്ലാത്തൊരു ചരിത്രബോധത്തോടെയാണ് ഞങ്ങൾ നടന്നുനീങ്ങിയത്. അതുകൊണ്ടുതന്നെ, യാത്രയിൽ ഒപ്പമുണ്ടായിരുന്ന അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് എഫേസൂസിന്റെ ചരിത്രം

ഗ്രീക്ക് പുരാണങ്ങളിൽ വനത്തിന്റെയും വേട്ടയുടെയും ദേവതയാണ് അർത്തെമിസ്. എന്നാൽ എഫേസൂസിൽ അവൾ പ്രകൃതിയുടെയും ഫലഭൂയിഷ്ഠതയുടെയും മാതൃത്വത്തിന്റെയും സങ്കല്പമായിരുന്നു.



വിവരിക്കുമെന്ന വിചാരം ഞങ്ങൾക്കുണ്ടായിരുന്നു. എന്നാൽ, ചരിത്രപണ്ഡിതൻ കൂടിയായ അദ്ദേഹം അവിടെയൊരു 'തുടക്കക്കാരനായ വ്ലോഗറുടെ' ആവേശത്തിലേക്ക് വഴിമാറുകയായിരുന്നു! മൊബൈൽ ഫോണുമെടുത്ത് അവിടുത്തെ ഓരോ കാഴ്ചയും ആവേശത്തോടെ പകർത്തുന്ന പിതാവിനെ കണ്ടപ്പോൾ, വിജ്ഞാനതൃഷ്ണ മാറ്റിവച്ച് ആ കൗതുകം കണ്ടുനിൽക്കാനാണ് ഞങ്ങൾക്ക് തോന്നിയത്.

### വീണുടഞ്ഞ വിഗ്രഹങ്ങളുടെ പ്രതാപം

പുരാതന ലോകത്തിലെ ഏഴ് അദ്ഭുതങ്ങളിൽ ഒന്നായ അർത്തെമിസ് ക്ഷേത്രം (Temple of Artemis) സ്ഥിതി ചെയ്തിരുന്നത് എഫേസൂസിലാണ്. ഗ്രീക്ക് പുരാണങ്ങളിൽ വനത്തിന്റെയും വേട്ടയുടെയും ദേവതയാണ് അർത്തെമിസ്. എന്നാൽ എഫേസൂസിൽ അവൾ പ്രകൃതിയുടെയും ഫലഭൂയിഷ്ഠതയുടെയും മാതൃത്വത്തിന്റെയും സങ്കല്പമായിരുന്നു. നൂറുകണക്കിന് കൂറ്റൻ മാർബിൾ സ്തംഭങ്ങളാൽ തീർത്ത, ഗ്രീസിലെ പാർഥെനനേക്കാൾ വലിയ ആ അദ്ഭുത ദേവാലയം കാണാൻ ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്ന് തീർഥാടകർ ഒഴുകിയെത്തിയിരുന്നു.

വിഗ്രഹാരാധനയും കച്ചവടവും ഒന്നുചേർന്ന ആ നഗരം റോമൻ സാമ്രാജ്യത്തിന്റെ പതാകയ്ക്കു കീഴിൽ അന്ധമായ വിജാതീയ വിശ്വാസങ്ങളുടെ കേന്ദ്രമായി മാറി. അതിനെതിരെ ശബ്ദിച്ച പൗലോസിന്റെ പ്രസംഗങ്ങളിൽ പ്രകോപിതരായ ജനക്കൂട്ടം "എഫേസൂസുകാരുടെ അർത്തെമിസ് ദേവി വലിയവളാകുന്നു" എന്ന് അലറിവിളിച്ചുകൊണ്ട് അദ്ദേഹത്തിനു നേരെ അക്രമം അഴിച്ചുവിട്ട അതേ വേദിയാണിത്. പിന്നീട് റോമിലെ തടവറയിൽ കിടന്നുകൊണ്ട്, പൗലോസ് ശ്ലീഹാ ഈ മണ്ണിലെ പ്രിയപ്പെട്ട മക്കൾക്കായി എഴുതിയ 'എഫേസൂസുകാർക്കുള്ള ലേഖനത്തിന്റെ' പശ്ചാത്തലം ഞങ്ങൾക്ക് ഓർമ്മവന്നു.

എന്നാൽ, അന്ന് ലോകത്തെ വിസ്മയിപ്പിച്ച ആ മഹാനിർമ്മിതിയുടെ ഇന്നത്തെ അവസ്ഥ ഏതൊരു സഞ്ചാരിയുടെയും ഉള്ളിൽ വല്ലാത്തൊരു ശൂന്യത അവശേഷിപ്പിക്കും. ഭൂകമ്പങ്ങളും ആക്രമണങ്ങളും കാറ്റിന്റെയും മഴയുടെയും പ്രഹരങ്ങളുമേറ്റ്, ആ വലിയ ക്ഷേത്രം ഇന്ന് പൂർണ്ണമായും തകർന്നു തരിപ്പണമായിരിക്കുന്നു. ഒരൊറ്റ ഒറ്റപ്പെട്ട സ്തംഭം മാത്രമാണ് ഇന്നുയർന്നു നിൽക്കുന്നത്. കാലത്തിന്റെ കളിമുറ്റത്ത് സാമ്രാജ്യങ്ങളുടെ പ്രതാപവും മനുഷ്യന്റെ അഹങ്കാരവുമെല്ലാം വെറുമൊരു നിഴൽനാടകം മാത്രമാണെന്ന് അത് നമ്മെ ഓർമ്മിപ്പിക്കുന്നു.

## അറിവുറങ്ങുന്ന സെൽസസ് ലൈബ്രറി

എഫേസൂസ് യാത്രയിലെ ഏറ്റവും മനോഹരവും പ്രൗഢവുമായ കാഴ്ച സെൽസസ് ലൈബ്രറി (Library of Celsus) തന്നെയായിരുന്നു. എ. ഡി. രണ്ടാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ട ഈ അദ്ഭുതസങ്കേതം, ഒരു കാലത്ത് റോമൻ സാമ്രാജ്യത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ ഗ്രന്ഥശാലയായിരുന്നു. ആയിരക്കണക്കിന് പാപ്പിറസ് ചുരുളുകളിൽ അറിവ് സൂക്ഷിച്ചുവച്ചിരുന്ന ആ കൂറ്റൻ മാർബിൾ മന്ദിരത്തിന് മുന്നിൽ നിൽക്കുമ്പോൾ, ചരിത്രത്തോടുള്ള ആദരവുണരും.

അഭിവന്ദ്യ തോമസ് പാടിയത്ത് പിതാവിനെ ഏറ്റവും കൂടുതൽ ആകർഷിച്ചതും ഈ ചരിത്ര സങ്കേതമായിരുന്നു. ഒരു തത്വശാസ്ത്രജ്ഞന്റെ ദാർശനിക വീക്ഷണത്തോടെ ആ പുരാതന മന്ദിരത്തെ നോക്കിക്കണ്ട അദ്ദേഹം, പൗരാണിക വിജ്ഞാനത്തിന്റെ പാരമ്പര്യത്തെക്കുറിച്ച് അവിടെ നിന്ന് ഒരു വീഡിയോ സന്ദേശം ചിത്രീകരിച്ചു.

എന്നാൽ, ചരിത്രവും അറിവും നിശ്ശബ്ദമായി ഉറങ്ങുന്ന ആ പ്രൗഢമായ ലൈബ്രറിയുടെ തിരുമുറ്റത്ത് ഒരു ആഡംബര വിവാഹവിരുന്ന് ഒരുക്കാനുള്ള തിരക്കിലായിരുന്നു ചില ആളുകൾ. ഒരു കാലത്ത് വിജ്ഞാനത്തിന്റെയും വലിയ സാമ്രാജ്യങ്ങളുടെയും പ്രൗഢി വിളിച്ചോതിയ ഒരു സ്മാരകം, ഇന്ന് തലമുറകൾ കൈമാറിവരുന്ന മനുഷ്യബന്ധങ്ങളുടെയും പുതിയ തുടക്കങ്ങളുടെയും വേദിയായി മാറുന്നത് വല്ലാത്തൊരു അനുഭവമായിരുന്നു.

## ആരവങ്ങൾ ഒടുങ്ങിയ മഹാ അരങ്ങ്

ലൈബ്രറിയുടെ കാഴ്ചകളിൽ നിന്ന് അല്പം മാറി, ഫാദർ റോജൻ നെൽപുരയ്ക്കൽ ഞങ്ങളുടെ ശ്രദ്ധ ക്ഷണിച്ചത് തൊട്ടടുത്തുള്ള മറ്റൊരു അദ്ഭുതനിർമ്മിതിയിലേക്കായിരുന്നു. ഇരുപത്തയ്യായിരത്തോളംപേരെ ഒരേ സമയം ഉൾക്കൊള്ളാൻ ശേഷിയുള്ള കൂറ്റൻ 'ഗ്രാൻഡ് തിയേറ്റർ'. പൗരാണിക ലോകത്തിലെ ഏറ്റവും വലിയ അരങ്ങുകളിലൊന്നായ ആ കൽമണ്ഡപത്തിനു മുന്നിൽ നിൽക്കുമ്പോൾ, അവിടെ പണ്ടൊരിക്കൽ മുഴങ്ങിയിരുന്ന എണ്ണമറ്റ രാഷ്ട്രീയ പ്രസംഗങ്ങളുടെയും നാടകങ്ങളുടെയും ആക്രോശങ്ങളുടെയും നൈമിഷികതയാണ് ആദ്യം മനസ്സിലേക്കെത്തിയത്.

സത്യദൈവത്തെക്കുറിച്ചുള്ള പൗലോസ് ശ്ലീഹായുടെ പ്രസംഗ



എഫേസൂസ് യാത്രയിലെ ഏറ്റവും മനോഹരവും പ്രൗഢവുമായ കാഴ്ച സെൽസസ് ലൈബ്രറി (Library of Celsus) തന്നെയായിരുന്നു. എ. ഡി. രണ്ടാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ട ഈ അദ്ഭുതസങ്കേതം, ഒരു കാലത്ത് റോമൻ സാമ്രാജ്യത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ ഗ്രന്ഥശാലയായിരുന്നു. ആയിരക്കണക്കിന് പാപ്പിറസ് ചുരുളുകളിൽ അറിവ് സൂക്ഷിച്ചുവച്ചിരുന്ന ആ കൂറ്റൻ മാർബിൾ മന്ദിരത്തിന് മുന്നിൽ നിൽക്കുമ്പോൾ, ചരിത്രത്തോടുള്ള ആദരവുണരും

ങ്ങൾ തങ്ങളുടെ വ്യാപാരാഭിവൃദ്ധിയെ ബാധിക്കുമെന്നുഭയന്ന 'ഡെമെത്രിയോസ്' എന്ന വെള്ളി വിഗ്രഹപ്പണിക്കാരന്റെ നേതൃത്വത്തിൽ ജനക്കൂട്ടം മണിക്കൂറുകളോളം ആക്രോശിച്ച് ബഹളമുണ്ടാക്കിയത് ഈ തിയേറ്ററിന്റെ മുറ്റത്തുവച്ചായിരുന്നു. അവിടുത്തെ വിഗ്രഹങ്ങളും സാമ്രാജ്യത്വ പ്രതാപങ്ങളും മണ്ണടിയുകയും വിശുദ്ധ പൗലോസ് പകർന്നു നൽകിയ വിശ്വാസദർശനം ലോകമെങ്ങും പടർന്നു പന്തലിക്കുകയും ചെയ്തു. കാലത്തിന്റെ ആ വലിയ വിരോധാഭാസത്തിന് സാക്ഷിയായി ആ കൽമണ്ഡപങ്ങൾ ഇന്നും അചഞ്ചലമായി നിലകൊള്ളുന്നു.

## വഴിമാറാത്ത മരണത്തിന്റെ ഓർമ്മകൾ

ഗ്രാൻഡ് തിയേറ്ററിന്റെ വലുപ്പത്തിൽനിന്ന് താഴേക്കിറങ്ങി തുറസ്സായ വഴികളിലൂടെ നടക്കുമ്പോൾ, ഇരുവശത്തും ചിതറിക്കിടക്കുന്ന കൂറ്റൻ മാർബിൾ കല്ലറകളിലേക്ക് ഞങ്ങളുടെ കണ്ണുടക്കി. റോമൻ സാമ്രാജ്യത്തിന്റെ ഉന്നതിയിൽ, നഗരത്തിലേക്കുള്ള പ്രധാന പാതകളുടെ ഇരുവശത്തുമാണ് പ്രഭുക്കന്മാരുടെയും വ്യാപാരികളുടെയും ശവകുടീരങ്ങൾ നിർമ്മിച്ചിരുന്നത്.

ജീവിതത്തിന്റെ മനോഹരമായ നിമിഷങ്ങളിലൂടെ കടന്നുപോകുന്ന വഴിപോക്കരെ നോക്കി "ഞങ്ങളും ഒരു കാലത്ത് നിങ്ങളെപ്പോലെ ജീവിച്ചിരുന്നവരാണ്; നാളെ നിങ്ങളും ഞങ്ങളെപ്പോലെ മണ്ണാകും" എന്ന് നിശ്ശബ്ദമായി ഓർമ്മിപ്പിക്കുകയായിരുന്നു ആ കൽപേടകങ്ങൾ. നൂറ്റാണ്ടുകൾക്കിപ്പുറം, ആ കല്ലറകളെല്ലാം ഇന്ന് തുറക്കപ്പെട്ട നിലയിലാണ്. അവയിലുണ്ടായിരുന്ന നിധികളും അസ്ഥികളും കാലത്തിന്റെ കുത്തൊഴുക്കിൽ എങ്ങോ മറഞ്ഞുപോയി.

## അവഗണിക്കപ്പെട്ട ആ വിശുദ്ധ ഭൂമി

എഫേസൂസിന്റെ പ്രധാന പാതകളിലെ തിരക്കുകളിൽനിന്നും മാറി, വനപ്രദേശത്തോട് ചേർന്ന് വിജനമായിക്കിടക്കുന്ന ഒരു ഉൾവഴിയിലേക്ക് നടന്നപ്പോൾ ഞങ്ങളുടെ കണ്ണിൽപ്പെട്ടത് 'ചർച്ച് ഓഫ് സെന്റ് മേരി' എന്ന ചൂണ്ടുപലകയായിരുന്നു. സാധാരണ സഞ്ചാരികൾ ആരുംതന്നെ കടന്നുചെല്ലാത്ത, തികച്ചും ഉപേക്ഷിക്കപ്പെട്ടതുപോലെ തോന്നിക്കുന്ന ആ വഴിയിലൂടെ ഞങ്ങൾ മുന്നോട്ട് നടന്നു. കണ്ണെത്തുന്നിടത്തെല്ലാം തകർന്നു വീണ കൽത്തൂണുകളും അവശിഷ്ടങ്ങളും മാത്രമാണ് ഇന്ന് അവിടെയുള്ളത്. എഫേസൂസ് നഗരത്തിന്റെ മറ്റു ഭാഗങ്ങൾക്ക് നൽകുന്ന പ്രാധാന്യമോ പരിചരണമോ ഈ ചരിത്രഭൂമിക്ക് ലഭിക്കുന്നില്ല എന്നത് ദുഃഖകരമായ ഒരു യാഥാർഥ്യമായിരുന്നു.

ജീവിതത്തിന്റെ
മനോഹരമായ
നിമിഷങ്ങളിലൂടെ
കടന്നുപോകുന്ന
വഴിപോക്കരെ നോക്കി
"ഞങ്ങളും ഒരു കാലത്ത്
നിങ്ങളെപ്പോലെ
ജീവിച്ചിരുന്നവരാണ്; നാളെ
നിങ്ങളും ഞങ്ങളെപ്പോലെ
മണ്ണാകും" എന്ന്
നിശ്ശബ്ദമായി
ഓർമ്മിപ്പിക്കുകയായിരുന്നു
ആ കൽപേടകങ്ങൾ.

എഫേസൂസ് സൂന്നഹദോസ് നടന്ന ആ കൽമണ്ഡപത്തിന് മുന്നിൽ നിൽക്കുമ്പോൾ, ക്രിസ്തുവർഷം അഞ്ചാം നൂറ്റാണ്ടിൽ ക്രൈസ്തവ സഭയെ ഉലച്ച വലിയൊരു ദൈവശാസ്ത്ര സംവാദത്തിന്റെ ഓർമ്മകൾ മനസ്സിലേക്ക് ഇരച്ചെത്തി. ദൈവപുത്രനു ജന്മം നൽകിയ മറിയം സാക്ഷാൽ 'തെയോടോക്കോസ്' (Theotokos – ദൈവമാതാവ്) തന്നെയാണെന്ന് സഭാപിതാക്കന്മാർ പ്രഖ്യാപിച്ചത് ഇവിടെ വച്ചാണ്. മനുഷ്യനായ ഈശോയ്ക്ക് ജന്മം നൽകിയ പരിശുദ്ധ അമ്മയുടെ ശ്രേഷ്ഠമായ പദവിയെ ഉയർത്തിപ്പിടിച്ചുകൊണ്ട്, അവിടെ നിന്ന് 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർഥന ഞങ്ങൾ ചൊല്ലി.

"യോഹന്നാനും മറിയവും ജീവിച്ച, ആ അമ്മയുടെ ഭൗമിക ജീവിതത്തിന്റെ അവസാന നാളുകൾക്ക് സാക്ഷ്യം വഹിച്ച അതേ മണ്ണിൽ വച്ചുതന്നെ പരിശുദ്ധ അമ്മയുടെ 'ദൈവമാതൃത്വം' ലോകത്തിനുമുന്നിൽ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു എന്നത് ചരിത്രത്തിലെ മറ്റൊരു ദൈവിക നിയോഗമായിരുന്നു!"

## സ്നേഹത്തിന്റെ ശ്ലീഹായ്ക്കരികിൽ

എഫേസൂസിന്റെ അതിവിശാലമായ പൗരാണിക ശേഷിപ്പുകളിലൂടെ മണിക്കൂറുകളോളം നടന്ന് തിരികെ നടക്കുമ്പോൾ ശരീരത്തിൽ കടുത്ത ക്ഷീണവും മനസ്സിൽ വാങ്മയചിത്രങ്ങളുടെ പെരുമഴയുമായിരുന്നു. ഏതെങ്കിലും ഒരു യുദ്ധംകൊണ്ടോ ഒരു രാത്രികൊണ്ടോ അല്ല; മറിച്ച് നൂറ്റാണ്ടുകൾ നീണ്ട പാരിസ്ഥിതിക മാറ്റങ്ങളും പകർച്ചവ്യാധികളുമാണ് ഈ മഹാനഗരത്തെ നാമാവശേഷമാക്കിയത് എന്ന് ഞങ്ങൾ മനസ്സിലാക്കി.

യാത്രയുടെ അന്ത്യത്തിൽ, എഫേസൂസ് നഗരത്തിന് സമീപത്തുള്ള അയാസോലുക് കുന്നിൻ മുകളിലെ വിശുദ്ധ യോഹന്നാന്റെ ബസിലിക്കയിലേക്കായിരുന്നു (Basilica of St. John) ഞങ്ങളുടെ നടപ്പ്. ഈശോയ്ക്ക് ഏറ്റവും പ്രിയപ്പെട്ട, അമ്മയെ സ്വന്തം ഭവനത്തിൽ ചേർത്തുവച്ച സ്നേഹത്തിന്റെ ശ്ലീഹായുടെ ഭൗതികശരീരം അടക്കം ചെയ്തിരിക്കുന്ന പരിശുദ്ധ ഇടം!

ആ വലിയ ബസിലിക്കയുടെ കൂറ്റൻ മാർബിൾ അവശിഷ്ടങ്ങൾക്ക് നടുവിൽ, വെള്ള മാർബിളിൽ തീർത്ത യോഹന്നാൻ ശ്ലീഹായുടെ തകർക്കപ്പെട്ട കല്ലറയ്ക്ക് മുന്നിൽ ഞങ്ങൾ നിശ്ശബ്ദരായി നിന്നു. ഈശോയുടെ നെഞ്ചോടുചാരിനിന്ന, കുരിശിൻ ചുവട്ടിൽ ഭയപ്പെടാതെ ഉറച്ചുനിന്ന, പരിശുദ്ധ അമ്മയ്ക്ക് തണലായ ആ മഹാനായ വിശുദ്ധന്റെ കല്ലറയിൽ തൊട്ടു പ്രാർഥിച്ചു. ചരിത്രവും വിശ്വാസവും ഒന്നുചേർന്ന ആ പുണ്യനിമിഷങ്ങളിൽ ഹൃദയം നിറയുകയായിരുന്നു...

*(അടുത്ത ലക്കത്തിൽ: ലാവോദിക്യാ സഭയിലെ കാഴ്ചകളും വിശേഷങ്ങളും)*

ഹോം തീയേറ്റർ
Home Theatre



ഫാ. മിന്റോ
മൂന്നുപറയിൽ

# ഉയിർ

inspired by true events

## അറിയാതെപോയ ജീവന്റെ തുടിപ്പുകൾ

ഒരു കുറ്റാന്വേഷണ കഥയുടെ പശ്ചാത്തലത്തിൽ ജീവന്റെ വിലയും ദാമ്പത്യബന്ധങ്ങളുടെ ആഴവും വരച്ചുകാട്ടുന്ന, മലയാളികൾ കാണാതെപോയ ഒരു കൊച്ചുചിത്രത്തിന്റെ വിശേഷങ്ങളിലൂടെ...



കഴിഞ്ഞ ജൂണിൽ അധികമാരും ശ്രദ്ധിക്കാതെ പോയൊരു കൊച്ചുചിത്രമാണ് 'ഉയിർ'. ബോക്സ് ഓഫീസിലും ചിത്രം പരാജയമായിരുന്നു. വാവ് സിനിമാസിന്റെ ബാനറിൽ സന്തോഷ് തൃവിക്രമനാണ് ഇതിന്റെ നിർമ്മാണം. സംവിധാനം എം. പത്മകുമാർ. താരപ്രഭാവത്തിന്റെയോ വലിയ പ്രചാരണത്തിന്റെയോ പിൻബലമില്ലാത്തതാണ് തീയേറ്ററുകളിൽ ചിത്രത്തിന് തിരിച്ചടിയായത്. മൗത്ത് പബ്ലിസിറ്റിയിലൂടെ മാത്രം വലിയ വിജയമാകാൻ പോന്നൊരു വേറിട്ട കഥയൊന്നും ഇതിനില്ല.

എന്നാൽ ഈ ചിത്രം നൽകുന്ന സന്ദേശം വളരെ വലുതാണ്. ഒരു ക്രൈം ത്രില്ലറിന്റെ ഓരംപിടിച്ച് 'ജീവന്റെ പ്രാധാന്യം' എന്ന ക്രിസ്തീയ-ധാർമ്മിക മൂല്യം ഇത് മനോഹരമായി വരച്ചുകാട്ടുന്നു. കേരള പോലീസിന്റെ ചരിത്രത്തിലെ ഒരു യഥാർഥ സംഭവത്തിന്റെ പുനരാഖ്യാനമാണിത്. അൻഷാദ് എന്ന പോലീസ് ഉദ്യോഗസ്ഥന്റെ ജീവിതകഥയാണിത്. ചിത്രത്തിന് തിരക്കഥ ഒരുക്കിയിരിക്കുന്നതും അദ്ദേഹം തന്നെയാണ്.

### പേരിലൊളിപ്പിച്ച സന്ദേശം

2006-ൽ ഇതേ പേരിൽ മറ്റൊരു തമിഴ് സിനിമ ഇറങ്ങിയിരുന്നു. എന്നിട്ടും എന്തുകൊണ്ട് ഈ ചിത്രത്തിന് 'ഉയിർ' എന്ന് തന്നെ പേരിട്ടു? അതിനുള്ള ഉത്തരം സിനിമയുടെ അവസാനമേ പ്രേക്ഷകർക്ക് ലഭിക്കൂ. കേവലമൊരു കേസ് ഡയറി വായിക്കുന്ന ലാഘവത്തോടെ ഇത് കണ്ടിരിക്കാം. എങ്കിലും, 'ജീവന്റെ മൂല്യം' എന്ന മഹത്തായ സന്ദേശം കൂടുതൽ വ്യക്തമാകുന്നത് ഈ പേരിനോട് ചേർത്തു വച്ചു ചിന്തിക്കുമ്പോഴാണ്.

### മനസ്സിൽ വിങ്ങലായി ഒരു ഭൂതകാലം

മൂന്ന് വ്യത്യസ്ത ജീവിതങ്ങളെ കാണിച്ചുകൊണ്ടാണ് സിനിമ ആരംഭിക്കുന്നത്. 2010-ൽ നാഗ്പൂർ റെയിൽവേ സ്റ്റേഷനിൽ വച്ച് അജീബിന് തന്റെ കൊച്ചുപെങ്ങൾ പാത്തുവിനെ നഷ്ടപ്പെടുന്നു. അവൾക്ക് ജനാലയ്ക്കരികിലെ സീറ്റ് നൽകാതിരുന്നതിന്റെ പേരിലാണ് ആ വലിയ

ദുരന്തം സംഭവിച്ചത്. വർഷങ്ങൾക്കിപ്പുറം പ്രൊബേഷൻ എസ്.ഐ. ആയ ശേഷവും ആ കുറ്റബോധം അജീബിനെ (റോഷൻ മാത്യു) വേട്ടയാടുന്നുണ്ട്.

മറ്റൊരു രംഗത്തിൽ അജീബിന്റെ സഹപ്രവർത്തകനായ ജോയിയും (ബൈജു സന്തോഷ്) ഭാര്യ മോളി ജോയിയുമാണ്. വർഷങ്ങൾ നീണ്ട കാത്തിരിപ്പിനൊടുവിലും അവരുടെ ഇൻഫെർട്ടിലിറ്റി ചികിത്സ പരാജയപ്പെടുന്നു. ഒരു കുഞ്ഞിനായുള്ള അവരുടെ ദാഹം പ്രേക്ഷകന്റെ കണ്ണുനനയിക്കും.

സ്വന്തം മകനാൽ ആക്രമിക്കപ്പെട്ടിട്ടും, അവനെ ശിക്ഷിക്കരുതെന്ന് പറയാൻ സ്റ്റേഷനിലെത്തുന്ന വയോധികരായ ദമ്പതികളാണ് മൂന്നാമത്തെ രംഗത്തിൽ. അവരെ സ്വന്തം വാഹനത്തിൽ വീട്ടിലെത്തിക്കാൻ അജീബ് വലിയൊരു കരുതൽ കാണിക്കുന്നുണ്ട്. അപ്പോൾ ആ മാതാപിതാക്കളുടെ കണ്ണുകളിൽ വിരിയുന്ന ഒരു നോട്ടമുണ്ട്. സ്വന്തം മകനിൽ നിന്നും കിട്ടാത്ത പരിഗണന ഒരപരിചിതനിൽ നിന്ന് ലഭിക്കുമ്പോഴുള്ള വിങ്ങലാണത്.

"ചില സമയത്ത് ഒരു പേജ് സംഭാഷണത്തിന് പറയാനാവാത്തത്, നിശ്ശബ്ദമായ ഒരു നോട്ടത്തിന് പറയാനാവും."

## ചുരുളഴിയുന്ന രഹസ്യങ്ങൾ

കൊടുവള്ളിയിലെ ഒരു കിണറ്റിൽ നിന്ന് അഴുകിയ മൃതദേഹം കണ്ടെത്തുന്നു. ശോഭ എന്ന നാടോടി സ്ത്രീയുടേതായിരുന്നു അത്. ഇവിടെ നിന്നാണ് സിനിമയുടെ പ്രധാന പ്രമേയം വികസിക്കുന്നത്. മൃതദേഹത്തിന്റെ കയ്യിൽ 'രാജു' എന്ന് പച്ചകുത്തിയിരുന്നു. സ്വാഭാവികമായും അന്വേഷണം ഭർത്താവിലേക്ക് നീളുന്നു.

ചിത്രഹള്ളിയിൽ നിന്നും അറസ്റ്റിലാകുന്ന യുവാവ് തന്റെ നിരപരാധിത്വം തെളിയിക്കുന്നു. പോലീസ് അയാളെ വിട്ടയക്കുന്നു. എന്നാൽ, തങ്ങൾ അറസ്റ്റ് ചെയ്ത് വിട്ടയച്ചത് ശോഭയുടെ കാമുകനായ ഭുവനേഷിനെയാണെന്ന് അജീബ് പിന്നീട് ഞെട്ടലോടെ തിരിച്ചറിയുന്നു. യഥാർഥത്തിൽ

> പ്രത്യക്ഷമായി സന്ദേശങ്ങൾ കുത്തിനിറയ്ക്കാതെ, ധാർമ്മിക മൂല്യങ്ങളെ ചേർത്തുപിടിച്ച ചിത്രമാണ് 'ഉയിർ'. കുടുംബസമേതം കണ്ടിരിക്കേണ്ട ഒരു സിനിമ. കാലം തെറ്റിയിറങ്ങിയതുകൊണ്ടോ പ്രമോഷൻ ഇല്ലാത്തതുകൊണ്ടോ ആകാം, ഈ നല്ല സന്ദേശം എത്തേണ്ടവരിൽ എത്താതെ പോയത്.

രാജു നേരത്തെ കൊല്ലപ്പെട്ടിരുന്നു. ഭുവനേഷും ശോഭയും ചേർന്നാണ് ആ കൊലപാതകം നടത്തിയത്. എന്നാൽ പിന്നീടുണ്ടായൊരു വഴക്കിനിടെ ശോഭയും അബദ്ധത്തിൽ കൊല്ലപ്പെടുകയായിരുന്നു. ഈ സത്യം പോലീസ് കണ്ടെത്തുന്നിടത്താണ് കഥയുടെ ചുരുളഴിയുന്നത്.

## പോലീസുകാരനിലെ മനുഷ്യൻ

അനിയത്തിയെ നഷ്ടപ്പെട്ടതിന്റെ കുറ്റബോധം അജീബിന്റെ വലിയൊരു ശക്തിയാണ്. അതിലുപരി അതവന്റെ ദൗർബല്യവുമാണ്. പാത്തുവിന്റെ ആവശ്യം നിരാകരിച്ചതാണ് അന്നത്തെ ദുരന്തത്തിന് കാരണം. അത് ഇനിയൊരിക്കലും ആവർത്തിക്കരുത്. അതുകൊണ്ട് മുന്നിൽ വരുന്ന എല്ലാ മനുഷ്യർക്കും അജീബ് വലിയ പരിഗണന നൽകുന്നു.

മരിച്ച ശോഭയുടെ അഴുകിയ ശരീരത്തിൽ സ്പർശിച്ച ശേഷം അജീബ് ആറുമണിക്കൂറോളം കൈകഴുകുന്നുണ്ട്. എന്നിട്ടും ആ മണം മാറുന്നില്ല. സിനിമയിലെ മനോഹരമായൊരു പ്രതീകാത്മകതയാണിത്. എത്ര ശ്രമിച്ചിട്ടും മനസ്സിൽ നിന്നും മായ്ച്ചുകളയാൻ ആവാത്ത കുറ്റബോധത്തിന്റെ പ്രതീകം!

നാടോടി സ്ത്രീയെ അന്വേഷിച്ച് ആരും വരില്ലെന്ന് മേലധികാരികൾ പറയുന്നു. എങ്കിലും ശോഭയുടെ മക്കളായ മീനുവും ദേവയും എവിടെയാണെന്ന ചോദ്യം അജീബിനെ അലട്ടുന്നുണ്ട്. കുട്ടികളെ ട്രെയിനിൽ ഉപേക്ഷിച്ചുവെന്ന് ഭുവനേഷ് സമ്മതിക്കുന്നു. ഇതോടെ കേസ് അവസാനിപ്പിക്കാൻ മുകളിൽ നിന്ന് സമ്മർദ്ദമുണ്ടാകുന്നു. എന്നാൽ പഴയ ട്രെയിൻ യാത്രകളുടെ ഭയം വകഞ്ഞുമാറ്റി അജീബ് ആ കുട്ടികളെ തേടിയിറങ്ങുകയാണ്.

## കരുതലായി മാറുന്ന കൂട്ട്

ഈ സിനിമ നൽകുന്ന ഏറ്റവും മനോഹരമായ സന്ദേശം ദാമ്പത്യബന്ധങ്ങളുടേതാണ്. ജീവിതത്തിലെ തിരിച്ചടികളിൽ ചേർന്നുനിൽക്കുന്ന പങ്കാളികൾ എത്ര വലിയ ശക്തിയാണെന്ന് സിനിമ ഓർമ്മിപ്പിക്കുന്നു. പാത്തുവിന്റെ ഓർമ്മകളിൽ നീറുന്ന അജീബിന് പൂർണ്ണ പിന്തുണ നൽകുന്ന ഭാര്യ വലിയൊരാശ്വാസമാണ്.

"പിള്ളേരില്ലാത്തവർക്ക് അതേറ്റവും വലിയ വിഷമമാണ്. ഇവിടെ ഒരുത്തൻ പൂച്ചകളെ കളയുന്ന പോലെ പിള്ളേരെ കളഞ്ഞു..."

കുട്ടികളെ ഉപേക്ഷിച്ച ഭുവനേഷിനെക്കുറിച്ച് ജോയ് പറയുന്ന ഈ വാക്കുകൾ പ്രേക്ഷകന്റെ ഹൃദയത്തിൽ കൊള്ളും. ആ കുട്ടികൾക്ക് എന്തെങ്കിലും സംഭവിച്ചാൽ ജീവിതകാലം മുഴുവൻ ദുഃഖിക്കേണ്ടി വരുമെന്ന് പറയുന്ന ജോയിയുടെ കണ്ണീരിന് ഒരു പ്രത്യേക ശബ്ദമുണ്ട്. ആശുപത്രിയിൽ നിന്നിറങ്ങുമ്പോൾ ജോയിയുടെ വിഷമം മാറ്റാൻ ശ്രമിക്കുന്ന മോളിയും, മോളിയെ ചിരിപ്പിക്കാൻ ശ്രമിക്കുന്ന ജോയിയും പരസ്പരം നൽകുന്ന കരുതൽ മാതൃകാപരമാണ്.

പ്രത്യക്ഷമായി സന്ദേശങ്ങൾ കുത്തിനിറയ്ക്കാതെ, ധാർമ്മിക മൂല്യങ്ങളെ ചേർത്തുപിടിച്ച ചിത്രമാണ് 'ഉയിർ'. കുടുംബസമേതം കണ്ടിരിക്കേണ്ട ഒരു സിനിമ. കാലം തെറ്റിയിറങ്ങിയതുകൊണ്ടോ പ്രമോഷൻ ഇല്ലാത്തതുകൊണ്ടോ ആകാം, ഈ നല്ല സന്ദേശം എത്തേണ്ടവരിൽ എത്താതെ പോയത്. അതൊരു വലിയ സങ്കടമായി ബാക്കിയാകുന്നു.



റവ. ഡോ. തോമസ് വള്ളിയാനിപ്പുറം
*ബൈബിൾ പ്രൊഫസ്സർ &*
*ഡയറക്ടർ, കാനാ ഫാമിലി ഇൻസ്റ്റിറ്റ്യൂട്ട്,*
*തുരുത്തി*



*1562-ൽ സ്പാനിഷ് നവോത്ഥാന ചിത്രകാരനായ ജുവാൻ ഡി ജുവാനസ് രചിച്ച 'അന്ത്യത്താഴം'.*

# ഊട്ടുമേശകളിലെ കുടുംബവിശേഷം

മാധവിക്കുട്ടിയുടെ രസകരമായ കഥയാണ് 'ശർക്കര കൊണ്ടൊരു തുലാഭാരം'. ബോംബെ നഗരത്തിൽ വളർന്നവരാണ് ബിജുമോനും അമ്മുവും. അയൽവാസികളാണവർ. പരീക്ഷ കഴിഞ്ഞാലുടൻ അവരുടെ വിവാഹം നടത്തണമെന്ന് രണ്ടുപേരുടെയും കുടുംബക്കാർ തീരുമാനിച്ചുകഴിഞ്ഞിരുന്നു. രണ്ടുപേരുടെയും സ്വഭാവത്തിലും ജീവിതദർശനത്തിലും വലിയ അന്തരമുണ്ട്. ബിജുമോന് എപ്പോഴും സ്വാർഥതാല്പര്യങ്ങളാണുള്ളത്. തന്റെ പങ്കാളിയെ ആദരിക്കാൻ അവന് കഴിയുന്നില്ല. വിവാഹത്തിനുശേഷം കുട്ടികൾ വേണ്ട എന്നാണ് അവന്റെ ശാഠ്യപൂർവമായ തീരുമാനം. അവന് സ്നേഹത്തിൽ വിശ്വാസമില്ല. സുന്ദരികളെ ആശ്ലേഷിക്കാൻവേണ്ടി മാത്രമുള്ളതാണ് തന്റെ മെലിഞ്ഞ കൈകൾ എന്ന ബിജുവിന്റെ ദുരഭിമാനം അമ്മുവിന് അസഹനീയമായി അനുഭവപ്പെട്ടു.

അമ്മുവിന്റെ സ്വഭാവം സ്നേഹത്തിലും ആർദ്രതയിലും ത്യാഗത്തിലുമധിഷ്ഠിതമാണ്. ബിജു മഞ്ഞപ്പിത്തം പിടിച്ചുകിടന്നപ്പോൾ സ്വയം മറന്ന് അവൾ അവനെ ശുശ്രൂഷിച്ചു. ഗുരുവായൂരിലേക്ക് തുലാഭാരം എന്ന ചടങ്ങു നടത്താൻ ബിജുവിനെ കൊണ്ടുപോകുന്നത് അമ്മുവാണ്. അവിടെവച്ചാണ് തന്റെ അമ്മാവന്റെ മകൻ അപ്പുവിനെ അമ്മു പരിചയപ്പെടുന്നത്. അമ്മയെ ശുശ്രൂഷിക്കാൻ ടാറ്റായിലെ ജോലി രാജിവച്ചവൻ; കൃഷിയോട് താല്പര്യമുള്ളവൻ; ചുറ്റുപാടുമുള്ളവർക്ക് നിസ്വാർഥ സേവനം ചെയ്യുന്നവൻ; ഒരു നാൽക്കാലിയെപ്പോലും വേദനിപ്പിക്കാൻ ഇഷ്ടപ്പെടാത്തവൻ - അപ്പുവിന്റെ ഈ സ്നേഹം

അമ്മുവിനെ അവനിലേക്കടുപ്പിച്ചു. അവൾ തിരിച്ച് ബോംബെയിലേക്ക് പോയില്ല. യഥാർഥ സ്നേഹത്തിന്റെ കൊച്ചുകൊച്ചു പ്രകടനങ്ങളാണ് അപ്പുവിനെ അമ്മുവിന് സ്വീകാര്യനാക്കുന്നത്. നഗരജീവിതത്തിന്റെ നാട്യങ്ങളിൽ ജീവിക്കുന്ന ബിജുവിനാകട്ടെ സ്നേഹമെന്താണെന്ന് അറിഞ്ഞുകൂടാ. സ്വന്തം താല്പര്യങ്ങൾക്കും സുഖത്തിനും മാത്രമേ അവൻ മുൻഗണന നൽകുന്നുള്ളൂ.

## സ്നേഹം വിളമ്പുന്ന ഊട്ടുമേശകൾ

ലൂക്കായുടെ സുവിശേഷത്തിലെ 'ഊട്ടുമേശ' ഒരു പ്രതീകാത്മക സങ്കല്പം കൂടിയാണ്. യഥാർഥ സ്നേഹത്തിന്റെയും കരുതലിന്റെയും പാഠങ്ങൾ പഠിപ്പിക്കുന്ന കുടുംബപരമായ ബിംബമാണത്. യേശു വിവിധ ഭവനങ്ങളിൽ പോയി ഊട്ടുമേശയ്ക്കിരുന്നു. ധനികരുടെയും ദരിദ്രരുടെയും ഫരിസേയരുടെയും സാധാരണക്കാരുടെയും വീടുകളിൽ അവിടുന്ന് അവരുടെ ക്ഷണപ്രകാരം ഊട്ടുമേശയിൽ ഭാഗഭാക്കായി. ഗ്രീക്കുകാരുടെയിടയിലുണ്ടായിരുന്ന ഒരു സമ്പ്രദായമായിരുന്നു 'സിമ്പോസിയാ'. പ്രസിദ്ധനായ ഒരു ഗുരു അല്ലെങ്കിൽ തത്ത്വചിന്തകൻ ചില പ്രമാണിമാരുടെ ക്ഷണപ്രകാരം അവരുടെ ഭവനങ്ങളിലെത്തി വിരുന്നിൽ പങ്കെടുക്കുന്നു. തദവസരത്തിൽ തത്ത്വചിന്താപരമായ സംവാദങ്ങളും വിചിന്തനങ്ങളും നടക്കുന്നു. അങ്ങനെ 'ഊട്ടുമേശ' താത്ത്വികജ്ഞാനം പകരുന്ന വേദിയായിത്തീരുന്നു.

ഈ പ്രത്യേക സാഹിത്യരൂപമാണ് ലൂക്കാ സുവിശേഷകൻ 'ഊട്ടുമേശ പ്രസ്ഥാന'ത്തിലൂടെ അവതരിപ്പിക്കുന്നത്. യേശു സമ്പന്ന-ദരിദ്ര ഭേദമെന്യേ സകല മനുഷ്യരോടുമൊത്ത് ഊട്ടുമേശയിൽ വിരുന്നിനിരുന്നു. ഇത് യേശുവിന്റെ ചരിത്രത്തിലെ ഒരേടുതന്നെയാണ്. ചിലപ്പോൾ യേശുതന്നെ ആതിഥേയനായി വിരുന്നു സംഘടിപ്പിക്കുന്നതും സുവിശേഷകൻ ചിത്രീകരിക്കുന്നുണ്ട്. അതിഥിയായാലും ആതിഥേയനായാലും ഊട്ടുമേശയിൽ വിപ്ലവകരമായ ചില സന്ദേശങ്ങൾ യേശു നൽകുന്നുണ്ടെന്നതാണ് ശ്രദ്ധേയം.

ഫരിസേയനായ ശിമയോന്റെ വീട്ടിൽ വിരുന്നിനിരിക്കവേയാണ് യേശു പാപിനിയായ സ്ത്രീയെ പ്രശംസിച്ച് അവൾക്ക് പാപമോചനം നൽകിയത് (ലൂ. 7:36-50). അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ പോറ്റിയപ്പോൾ യേശു ആതിഥേയനായി വർത്തിച്ചു



## പന്ത്രണ്ട് വിരുന്നുകൾ, പന്ത്രണ്ട് പാഠങ്ങൾ

യേശുവിന്റെ പന്ത്രണ്ടോളം ഊട്ടുമേശകളെപ്പറ്റിയുള്ള സൂചനകൾ ലൂക്കാ രചിച്ച ഗ്രന്ഥങ്ങളിലുണ്ട്. ഓരോ ഊട്ടുമേശയും വ്യക്തമായ ചില സന്ദേശങ്ങൾ നൽകുന്നു. കുടുംബജീവിത നവീകരണത്തിന് ഉതകുന്ന സന്ദേശങ്ങളാണവ. ലേവിയുടെ ഭവനത്തിൽ നടന്ന ഊട്ടുമേശയിൽ യേശു പാപികളോടും ചുങ്കക്കാരോടുമൊത്ത് വിരുന്നിനിരുന്നു (ലൂ. 5:29-39). സമത്വം, സാഹോദര്യം, പാവങ്ങളോടുള്ള മുൻഗണനാപരമായ സ്നേഹം മുതലായ മൂല്യങ്ങളാണ് യേശു പഠിപ്പിച്ചത്. ഫരിസേയനായ ശിമയോന്റെ വീട്ടിൽ വിരുന്നിനിരിക്കവേയാണ് യേശു പാപിനിയായ സ്ത്രീയെ പ്രശംസിച്ച് അവൾക്ക് പാപമോചനം നൽകിയത് (ലൂ. 7:36-50). അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ പോറ്റിയപ്പോൾ യേശു ആതിഥേയനായി വർത്തിച്ചു (ലൂ. 9:12-17). പങ്കുവയ്ക്കലിന്റെ പ്രാധാന്യമാണ് അവിടുന്ന് പഠിപ്പിച്ചത്. ഒപ്പം യേശുവിന്റെ ദീനദയാലുത്വവും കരുണയും പ്രകടമായ സംഭവമായിരുന്നു അത്. ബഥാനിയായിലെ മർത്തായുടെയും മറിയത്തിന്റെയും വീട്ടിലെ വാസം കുടുംബജീവിതത്തിൽ കൂട്ടായ്മയ്ക്കുള്ള പ്രാധാന്യം വെളിപ്പെടുത്തി (ലൂ. 10:38-42).

ഒരു ഫരിസേയന്റെ വീട്ടിൽ വിരുന്നിനിരിക്കവേ ബാഹ്യക്ഷാളനത്തേക്കാൾ ആന്തരിക ശുദ്ധിയാണ് പ്രധാനമെന്ന് അവിടുന്ന് പഠിപ്പിച്ചു (ലൂ. 11:37-54). മറ്റൊരു ഫരിസേയന്റെ വീട്ടിൽ വിരുന്നിനിരിക്കുമ്പോൾ എളിമ, അരികുവൽക്കരിക്കപ്പെട്ട പാവപ്പെട്ടവരെ ശുശ്രൂഷിക്കുന്നതിന്റെ പ്രാധാന്യം മുതലായ മൂല്യങ്ങൾ അവിടുന്ന് പ്രഘോഷിച്ചു (ലൂ. 14:1-14). സാമൂഹികഭ്രഷ്ടരായ മണ്ണിന്റെ മക്കളാണ് സമൂഹത്തിലെ പ്രമാണിമാരെക്കാൾ ദൈവത്തിന്റെ വിളിയോട് തുറവിയുള്ളവരെന്ന് ചൂണ്ടിക്കാട്ടാനും അവിടുന്ന് മറന്നില്ല (ലൂ. 14:15-24).

പാവപ്പെട്ടവരോടുമൊത്ത് പന്തിഭോജനത്തിനിരുന്ന യേശുവിനെ കുറ്റപ്പെടുത്തിയ ഫരിസേയർക്കും നിയമജ്ഞർക്കും മറുപടിയെന്നോണമാണ് "കാണാതെപോയ ആട്", "കാണാതെപോയ നാണയം", "ധൂർത്തപുത്രൻ" എന്നീ ഉപമകൾ (ലൂ. 15:1-32) അവിടുന്ന് പറഞ്ഞത്. ദൈവം പാപിയെ തേടുന്ന നല്ല ഇടയനും വീട്ടമ്മയും സ്നേഹപിതാവുമാണെന്ന് ഈ ഉപമകളിലൂടെ അവിടുന്ന് വെളിപ്പെടുത്തി. സക്കേവൂസിന്റെ വീട്ടിൽ വിരുന്നിനിരിക്കുമ്പോൾ, യേശു ധനാസക്തിയുടെ ബന്ധനത്തിൽനിന്ന് ആ ചുങ്കക്കാരനെ മോചിപ്പിച്ചു (ലൂ. 19:1-10). തന്റെ സ്വത്ത് പാവപ്പെട്ടവരുമായി പങ്കുവയ്ക്കാൻ അയാൾ തയ്യാറായി. അത് അയാളെ രക്ഷയ്ക്ക് അർഹനാക്കി.

## ഊട്ടുമേശകളുടെ പാരമ്യം

യേശുവിന്റെ ഊട്ടുമേശകളുടെ പാരമ്യമാണ് സെഹിയോൻ മാളികയിൽ നടന്ന അന്ത്യഭോജനം (ലൂ. 22:14-38). അവിടെ യേശുവായിരുന്നു



ആതിഥേയൻ. അവിടുന്ന് അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ തന്റെ ശരീരരക്തങ്ങൾ ശിഷ്യർക്കും അവരിലൂടെ ലോകജനതയ്ക്കും ഭക്ഷണപാനീയങ്ങളായി നൽകിയപ്പോൾ ബലിപരമായ ജീവിതമാണ് കൂട്ടായ്മയുടെ അന്തഃസത്തയെന്ന് വെളിപ്പെടുത്തുകയായിരുന്നു. കുടുംബത്തെ കൂട്ടായ്മയാക്കുന്നത് ബലിയുടെ ചൈതന്യമല്ലാതെ മറ്റൊന്നുമല്ല. സാമൂഹികഭ്രഷ്ടരോടൊത്തുള്ള യേശുവിന്റെ പന്തിഭോജനത്തിന്റെ സ്മരണ ഓരോ കുർബാനയിലും അലതല്ലുന്നുണ്ട്. പാപമോചനത്തിനായി മുറിക്കപ്പെട്ട ശരീരവും ചിന്തപ്പെട്ട രക്തവും ഭ്രഷ്ടരോടും പാപികളോടും തകർക്കപ്പെട്ടവരോടുമുള്ള യേശുവിന്റെ പക്ഷംചേരലല്ലേ വിളംബരം ചെയ്യുന്നത്? കുടുംബത്തിന്റെ സാമൂഹികധർമ്മം ഇതില്പരം മറ്റെന്താണ് വെളിപ്പെടുത്തുന്നത്?

എമ്മാവൂസിലേക്കു പോയ ശിഷ്യരോടൊത്ത് സന്ധ്യാസമയത്ത് ഭവനത്തിൽ നടത്തിയ അത്താഴവിരുന്ന് കുടുംബത്തിലെ ഓരോ ഭക്ഷണമേശയിലും യേശുവിന്റെ അദൃശ്യസാന്നിധ്യമുണ്ടെന്നാണ് വെളിപ്പെടുത്തുന്നത് (ലൂ. 24:13-35). അപ്പം മുറിച്ചപ്പോഴാണ് ശിഷ്യരുടെ കണ്ണുകൾ തുറക്കപ്പെട്ടത്. ഈ ശിഷ്യർ ക്ലെയോഫാസും അയാളുടെ ഭാര്യയുമാകാനാണ് സാധ്യത. ഭാര്യാഭർത്താക്കന്മാർ ഒന്നിച്ച് ഭക്ഷണമേശയിൽ സ്നേഹം പങ്കിടുമ്പോൾ അവരുടെ ഉൾക്കണ്ണുകൾ തുറക്കപ്പെടുകയും അവർക്ക് യഥാർഥ ദൈവസ്നേഹാനുഭവം ലഭിക്കുകയും ചെയ്യുന്നു. എമ്മാവൂസ് സംഭവത്തിൽ വചനം മുറിക്കലും അപ്പം മുറിക്കലുമുണ്ടെന്നതാണ് ശ്രദ്ധേയം. വഴിയിൽവച്ച് വചനം മുറിച്ചപ്പോൾ അവരുടെ ഹൃദയം ജ്വലിച്ചു. വീട്ടിൽവച്ച് അപ്പം മുറിച്ചപ്പോൾ അവർ ദൈവത്തെ മുഖത്തോടുമുഖം കണ്ടു. കുടുംബത്തിൽ നടക്കേണ്ട വചനബോധനവും സ്നേഹവിനിമയവും ഭംഗ്യന്തരേണ വെളിപ്പെടുത്തുന്ന "കുടുംബ കാറ്റെക്കിസിസ്" ആണ് എമ്മാവൂസിലെ ഊട്ടുമേശ.

> ഫരിസേയനായ ശിമയോന്റെ വീട്ടിൽ വിരുന്നിനിരിക്കവേയാണ് യേശു പാപിനിയായ സ്ത്രീയെ പ്രശംസിച്ച് അവൾക്ക് പാപമോചനം നൽകിയത് (ലൂ. 7:36-50). അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ പോറ്റിയപ്പോൾ യേശു ആതിഥേയനായി വർത്തിച്ചു

ഉയിർത്തെഴുന്നേറ്റ യേശു ഊട്ടുമേശയ്ക്കരികിലാണ് ശിഷ്യരുടെ മധ്യേ പ്രത്യക്ഷപ്പെടുന്നത്. ഒരു കഷണം വറുത്ത മീൻ അവരോടൊത്ത് ഭക്ഷിച്ചുകൊണ്ടാണ് തന്റെ ജീവൽസാന്നിധ്യം അവർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നത് (ലൂ. 24:36-43). കൂട്ടായ്മവിരുന്നുപോലെ സ്നേഹം പതഞ്ഞൊഴുകുന്ന കുടുംബങ്ങളിലാണ് യേശുവിന്റെ നിത്യമായ സാന്നിധ്യമുണ്ടാകുന്നത്. നടപടി പുസ്തകത്തിലെ ഊട്ടുമേശയോടെയാണ് ലൂക്കാ യേശുവിന്റെ ഊട്ടുമേശ വിപ്ലവത്തിന് സമാപനം കുറിക്കുന്നത് (നട. 1:4). പക്ഷേ, അത് സമാപനമല്ല, സഭയുടെ തുടർചരിത്രത്തിന്റെ ആരംഭമാണ്. പരിശുദ്ധാത്മാഭിഷേകവും സഭയുടെ മുന്നേറ്റവും ഊട്ടുമേശകളുടെ ആത്മീയത ഉൾക്കൊള്ളാതെ സാധ്യമാകില്ല എന്നാണ് ലൂക്കാ പരോക്ഷമായി സൂചിപ്പിക്കുന്നത്.

നമ്മുടെ കുടുംബങ്ങളിൽ എല്ലാവരും ഒന്നുചേർന്ന് ഭക്ഷണം പങ്കിട്ടനുഭവിക്കുന്ന ഊട്ടുമേശകളുടെ സന്തോഷം പുലരുന്നുണ്ടോ? ഒറ്റയ്ക്കും തെറ്റയ്ക്കും ഭക്ഷണം കഴിക്കുന്ന രീതി കുടുംബത്തെ തടവുമുറികളാക്കും. കൂട്ടായ്മയിൽ ഭക്ഷണം കഴിക്കുന്നിടത്ത് സ്വർഗീയമായ ആനന്ദം നിറഞ്ഞുനിൽക്കും. ഊട്ടുമേശകളുടെ ആധ്യാത്മികതയായ സ്നേഹം, കൂട്ടായ്മ, സമഭാവന, പങ്കുവയ്ക്കൽ, ദീനാനുകമ്പ, ബലിപരമായ സമർപ്പണം, ഹൃദയം തുറന്നുള്ള ആശയവിനിമയം മുതലായവ നമ്മുടെ കുടുംബങ്ങളുടെ സുവിശേഷമായി മാറിയിട്ടുണ്ടോ?

# കുടുംബജ്യോതി
# വിവാഹവേദി



ആലപ്പുഴ മുഹമ്മ ഇടവക കോലാട്ടു വെളി ബിനുമോൻ (40, 165cm). സ്വന്തമായി വാഹനമുള്ള സ്കൂൾ ഡ്രൈവറാണ്. ചെണ്ടമേള കലാകാരൻ. പ്രത്യേകിച്ച് ഡിമാൻഡുകൾ ഒന്നുമില്ല. അനുയോജ്യരായ യുവതികളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9645376800.



തിരുവനന്തപുരം പേരൂർക്കട ഇടവക വടക്കേപ്പറമ്പിൽ കാൽവിൻ ജോസഫ് (32, 172cm). തിരുവനന്തപുരത്ത് അദ്ധ്യാപകനായി ജോലി ചെയ്യുന്നു. 25-നും 30-നും ഇടയിൽ പ്രായമുള്ള ജോലിയുള്ള യുവതികളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. തിരുവനന്തപുരം, കോട്ടയം ജില്ലകൾക്ക് മുൻഗണന. 9847525809.



കോട്ടയം മണിമല ഫൊറോന ഇടവക വെട്ടിയൊലിൽ ജെസ്റ്റിൻ ജോസഫ് (31, 178cm). ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ പ്ലംബർ. അനുയോജ്യരായ യുവതികളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 8281462136.



ചങ്ങനാശേരി മടപ്പള്ളി ഇടവക ലാലു ജെയിംസ് (42, 167cm). അലുമിനിയം ഫാബ്രിക്കേഷൻ ചെയ്യുന്നു. അനുയോജ്യരായ യുവതികളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 8138808626.



കോട്ടയം ചമ്പക്കര ഇടവക കണക്കാട്ടു പുത്തൻപുരയിൽ ജിസ് തോമസ് (31, 163cm) കൊച്ചി ഇൻഫോപാർക്കിൽ സോഫ്റ്റ്‌വെയർ എഞ്ചിനീയർ. അനുയോജ്യരായ യുവാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9446597054



കോട്ടയം കോട്ടയ്ക്കപ്പുറം ജിനു ജോസഫ് (30, 165cm). ഒമാനിൽ ലുലു മാളിൽ അക്കൗണ്ടന്റ് ആയി ജോലി. അനുയോജ്യരായ യുവതികളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 8138808626.



തൊടുപുഴ സ്വദേശി പാലാ രൂപത മുട്ടം സിബിഗിരി ഇടവക സയോൺ ബെന്നി (31, 169cm) കോട്ടയം ലുലു-ൽ അക്കൗണ്ടന്റ്. നഴ്സുമാരായ യുവതികളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9930635484.



ഇത്തിത്താനം ഇടവക നെറ്റോ ജെ. തെക്കേക്കര (27, 177cm) ചെന്നൈയിൽ 'ദി ഹിന്ദു' പത്രത്തിൽ സീനിയർ എക്സിക്യൂട്ടീവ്. വിദ്യാഭ്യാസമുള്ളവരും ജോലിചെയ്യുന്നവരുമായ യുവതികളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ചെന്നൈയിൽ ജോലി ചെയ്യുന്നവർക്ക് മുൻഗണന. 9947122737.



പത്തനംതിട്ട കുളത്തൂർ ഇടവക പാറയ്ക്കൽ സിജോ ജോൺ (28, 170cm) ദുബായിൽ മെർക്കൻഡൈസറായി ജോലി ചെയ്യുന്നു. ബി.എസ്.സി നഴ്സുമാരിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9947106197.



ചങ്ങനാശേരി മുണ്ടുപാലം ഇടവക വാളേക്കളം ടിന്റു ചാക്കോ (30, 154cm). തിരുപ്പൂരിൽ ഹയർ സെക്കണ്ടറി ടീച്ചറായി ജോലി ചെയ്യുന്നു. അനുയോജ്യരായവരിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9656980247.



വൈക്കം നടേൽ ഇടവക ചാണിച്ചിറ തോമസ് സി.ഒ (39, 168cm). എറണാകുളത്ത് മെഡിക്കൽ ഷോപ്പിൽ സെയിൽസ്മാനായി ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9656050136.



തിരുവനന്തപുരം ലൂർദ് ഇടവക തറക്കുന്നേൽ നിർമൽ റ്റി. സെബാസ്റ്റ്യൻ (28, 178cm) ദുബായിൽ ഗോൾഡ് റിഫൈനറിയിൽ HR മാനേജർ. ദുബായിൽ ജോലിയുള്ള യുവതികളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 7012547274.



പത്തനംതിട്ട കുളത്തൂർ ഇടവക അത്തിയാലിൽ ജിബിൻ കുരിയാക്കോസ് (32, 173cm) കുവൈറ്റിൽ ഗ്രാഫിക്ക് ഡിസൈനർ. അനുയോജ്യരായ യുവതികളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. കുവൈറ്റിൽ ജോലിയുള്ളവർക്ക് മുൻഗണന. 9605532125.



കോട്ടയം മുടിയൂർക്കര ഇടവക തങ്കപ്പറമ്പിൽ ജെറിൻ ജോസ് (30, 172cm) കോട്ടയത്ത് ആസ്റ്റർ ലാബ്സിൽ സൂപ്പർവൈസർ. അനുയോജ്യരായ യുവതികളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9446602735.





ജെ. മണക്കുന്നേൽ

# മാർക്സിസ്റ്റും നാർസിസ്റ്റും!

"അച്ചാ, ഇവൾ മാർക്സിസ്റ്റാണ്". കുടുംബപ്രശ്നപരിഹാരത്തിനു മുറിയിലെത്തിയ ഭർത്താവ് രൂക്ഷമായി ഭാര്യയെ നോക്കി ആക്രോശിച്ചു! ഭാര്യ ഇതുകേട്ട് അദ്ഭുതത്തോടെ ഊറിച്ചിരിച്ചു. "രാഷ്ട്രീയമല്ലേ, അതൊക്കെ അവരവരുടെ സ്വാതന്ത്ര്യമല്ലേ? അപ്പോൾ താനേതാ പാർട്ടി?" എന്റെ ചോദ്യം കേട്ട് അയാൾ തല ചൊറിഞ്ഞു. "അതല്ലച്ചാ, കഴിഞ്ഞ ലക്കം 'കുടുംബജ്യോതി'യിലെ ലേഖനത്തിൽ കണ്ട ആ മാനസിക പ്രശ്നമുണ്ടല്ലോ. അതാ ഇവൾക്ക്...!" കക്ഷി ഉദ്ദേശിച്ചത് 'നാർസിസിസം' ആണെന്ന് ഞാൻ ഊഹിച്ചു. എനിക്കും ചിരിപൊട്ടി. "വായിൽ കൊള്ളാത്ത പേരായതുകൊണ്ട് തെറ്റിപ്പോയതാ...!" പിടിച്ചു നിൽക്കാനായി അയാളൊരു പടക്കം കൂടി പൊട്ടിച്ചു. "സാരമില്ല, കാര്യം പറയൂ..." ഞാനയാളെ പ്രോത്സാഹിപ്പിച്ചു.

"അച്ചാ, ഇവൾക്ക് ഇവളുടെ കാര്യം മാത്രമേ ചിന്തയുള്ളൂ. കുടുംബത്തിന്റെ ചെലവുകൾക്ക് രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പെടാപ്പാടുപെടുന്ന എന്റെ കാര്യം അവൾക്കൊരു പ്രശ്നമേയല്ല. എന്റെ പണം, എന്റെ സ്വർണ്ണം, എന്റെ വീട്ടുകാർ, എന്റെ ജോലി എന്നു മാത്രമേ ഇവൾ ഇവളെക്കുറിച്ചു പറയുകയുള്ളൂ. ഞാനാരുമല്ല അച്ചാ ഇവൾക്ക്... സ്വസ്ഥത കിട്ടിയിട്ട് വർഷങ്ങളായി." അയാൾ വ്യസനസമേതം തളർന്നിരുന്നു.

ഇടത്തരം കുടുംബത്തിലെ ദമ്പതികളാണ്. ഫാക്ടറിത്തൊഴിലാളിയായ കെട്ടിയോൻ! ജൗളിക്കടയിലെ സെയിൽസ് ഗേളായ ഭാര്യ. മൂന്നിലും ഒന്നിലും പഠിക്കുന്ന രണ്ട് ചില്ലറകൾ! പത്തുസെന്റ് ഭൂമിയിലെ കൊച്ചു വീട്ടിൽ സസുഖം കഴിയാനുള്ളതൊക്കെ ലഭിച്ചിട്ടുണ്ട്. പക്ഷേ, കനകം മൂലം കലഹം സുലഭം! വീടുവയ്ക്കാനായി വിറ്റതും പണയപ്പെടുത്തിയതുമായ തന്റെ കനകാഭരണങ്ങൾ കാലവിളംബം കൂടാതെ കയ്യിൽ തരണമെന്നാണ് അവളുടെ ആവശ്യം. കൊണ്ടുവന്ന പണം ഭർതൃവീട്ടുകാർ തട്ടിയെടുത്തെന്നാണ് അവളുടെ പരിഭവം. ഇനി അതൊക്കെ തിരിച്ചു കിട്ടാതെ സ്വസ്ഥത തരില്ലെന്ന് കട്ടായം പറഞ്ഞിരിക്കുകയാണ് കെട്ടിയോൾ! പെട്ടെന്ന് നൽകാൻ അതൊക്കെ ഞാൻ കെട്ടിപ്പിടിച്ചിരിക്കുകയല്ലെന്ന മുട്ടായുക്തിയുമായി കെട്ടിയോൻ! കെട്ടിയോന്റെ ചിട്ടി വട്ടമെത്താറായതുകൊണ്ട് അത് പെട്ടെന്നു തരണമെന്ന് അവൾ. ചിട്ടിപ്പണം കൊണ്ട് ചേട്ടന്റെ കടം വീട്ടണമെന്ന് അയാൾ.

ചിട്ടിയുടെ പേരിൽ വീട്ടിൽ ചട്ടികൾ പൊട്ടുന്നു... പെട്ടികൾ പൊളിയുന്നു... കെട്ടവ പുലമ്പുന്നു. കെട്ടിയോൻ പൊട്ടിക്കുന്നു, കെട്ടിയോൾ ഞെട്ടിക്കുന്നു... കുട്ടികൾ വട്ടം ചുറ്റുന്നു... നാട്ടുകാർ ഇടപെടുന്നു... ഒടുവിൽ ഇവിടെയെത്തിക്കുന്നു! എന്തു ചെയ്യാം? ഒടുവിൽ 'കുടുംബജ്യോതി' തന്നെ ശരണം. "കഴിഞ്ഞ ലക്കം നാർസിസത്തിന്റെ പേജുകൾ കഴിഞ്ഞ്, കുടുംബബജറ്റെന്നുള്ള ഒരു ലേഖനം കൂടിയുണ്ട്. അതു വായിച്ചോ?" എന്റെ ചോദ്യത്തിന് "ഇല്ല" എന്ന് രണ്ടും കൂടി തലയാട്ടി. കയ്യിലെ കുടുംബജ്യോതി കൊടുത്ത് അരമണിക്കൂർ കൊണ്ട് വായിച്ചിട്ട് തിരിച്ചുവരുവാൻ കല്പിച്ച്, ഞാൻ അല്പം ആശ്വാസത്തിനായി നീട്ടി നിശ്വസിച്ചു!

നാർസിസ്റ്റും നരസിംഹവും കൂടി കുറെക്കഴിഞ്ഞ് തിരിച്ചെത്തി. വരവു നോക്കാത്ത ചെലവുകളും, നടുവൊടിക്കുന്ന കടമെടുക്കലുമാണ് കുടുംബത്തിന്റെ പ്രശ്നമെന്ന് തിരിച്ചറിയാൻ കഴിയാതെ പോയതാണ് കലഹകാരണമെന്ന് അവരെ ബോധ്യപ്പെടുത്തി. കുടുംബത്തിനായി പരസ്പര ധാരണയോടെ കിട്ടുന്നത് ചെലവാക്കാനും പറ്റുന്നിടത്തോളം ബാക്കിവയ്ക്കാനും ഇരുവരും തീരുമാനമെടുക്കാൻ അധികനേരം വേണ്ടിവന്നില്ല. കാലതാമസമെടുക്കാതെ കടങ്ങളൊക്കെ വീട്ടി ആദ്യം സ്വതന്ത്രരാകുവാനും, അതിനായി ത്യാഗപൂർവം പരസ്പരം വിട്ടുവീഴ്ച ചെയ്യാനും സഹകരിക്കാനും സമ്മതിച്ച്, അവർ പ്രാർഥനാപൂർവം മുറിവിട്ടുപോയി.

"ഉള്ളതുകൊണ്ടു തൃപ്തിപ്പെടുക. ദാക്ഷിണ്യം അനുഭവിക്കുന്നവനെന്ന ദുഷ്കീർത്തി വരരുത്" (പ്രഭാ. 29:23).

കുടുംബജീവിതം കൂട്ടുത്തരവാദിത്തമാണ്. ധാരണയും, പ്രേരണയും, പിന്തുണയും, സാന്ത്വനവും, തിരുത്തലും, തീരുമാനമെടുക്കലും ഒരുമിച്ചാകണം. പരസ്പര സമർപ്പണത്തിൽ സങ്കുചിതത്വം പാടില്ല. ഭോഗത്തെ വെല്ലുന്ന ത്യാഗത്തെ പുൽകുമ്പോഴാണ് ദാമ്പത്യം നിർമ്മലമാകുന്നത്.

"ഉത്തമയായ ഭാര്യ ഭർത്താവിന്റെ കിരീടം; അപമാനം വരുത്തിവയ്ക്കുന്നവൾ അവന്റെ അസ്ഥികളിലെ അർബുദവും" (സുഭാ. 12:4).

Published by Fr. Jose Thekkepurathu • Owned by Family Apostolate, Pastoral Centre, Changanacherry
Phone: 0481 2424476 • Printed at St. Joseph Orphanage Press, Changanacherry
Chief Editor: Fr. Johnykutty Tharakunnel

# CHRIST ACADEMY

CRAFTING LINGUISTS

## ENGLISH PROFICIENCY TESTS

PTE | IELTS | CELPIP | LANGCert | TOEFL

## FOREIGN LANGUAGES TRAINING

- **ITALIAN** A1 | A2 | B1 | B2
- **GERMAN** A1 | A2 | B1 | B2
- **FRENCH** A1 | A2 | B1 | B2
- **SWEDISH** A1 | A2 | B1 | B2
- **ENGLISH** Professional / Business & Communicative

Residential / Regular & Crash Batches

12 2014–26

Offline / Online & Hybrid Batches

**CHANGANASSERY**

PMJ Shopping Complex
Second Floor
Opp KSRTC Bus Stand
Changanassery- 686 101

**KANJIRAPALLY**

Njavellil Complex
First Floor,
Kanjirappally Pala road
Kanjirappally- 686 507

IELTS Official Test Registraction Centre

Pearson PTE Certified Associate

CAMBRIDGE ENGLISH Language Assessment

idp Proud Co-Owner of IDP IELTS Australlia

ETS TOEFL Market Ambassador

LANGUAGECERT Academic

+ 91 956278 6904 ,+ 91 956273 6904

christacademyoffical

RNI No. KERMAL/2013/52275 KUDUMBAJYOTHI MONTHLY Rs. 25/-
Published on 02-10-2026

